# ഗിരിദീപം

വാല്യം 05 ലക്കം 03 വില 10 രൂപ



YEAR OF ST. JOSEPH

മാർച്ച് 2022

ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49, 6).


| | | |
|---|---|---|
| വാല്യം 05 | മാർച്ച് 2022 | ലക്കം 03 |


# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം


curiaadtly@gmail.com

www.archdioceseoftellicherry.org

www.ephphatharadio.com

0490 - 2342440

# ഉള്ളടക്കം

1. സർക്കുലർ ഇടവകാതല യുവജന സംഗമം ........ 05
2. സർക്കുലർ സിനഡാത്മക സഭ ........ 8
3. സർക്കുലർ അതിരൂപതാദിനം ........ 14
4. കെ.സി.ബി.സി. സർക്കുലർ മദ്യവിരുദ്ധ ഞായർ ........ 17
5. പ്രത്യേക അറിയിപ്പുകൾ ........ 20
6. കച്ചേരിക്കാര്യം ........ 22
7. പാസ്റ്ററൽ കൗൺസിൽ യോഗം ........ 25
8. വൈദിക സമിതി റിപ്പോർട്ട് ........ 27
9. വിശ്വാസപരിശീലനം ........ 30
10. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 36
11. ചെറുപുഷ്പ മിഷൻലീഗ് ........ 39
12. തിരുബാലസഖ്യം ........ 40
13. യുവജനശുശ്രൂഷ ........ 48
14. കുടുംബപ്രേഷിതത്വം ........ 54
15. വിദ്യാഭ്യാസ ഏജൻസി ........ 58
16. വിമൽജ്യോതി വാർത്തകൾ ........ 62
17. സാൻജോസ് അക്കാഡമി ........ 63
18. എ.കെ.സി.സി. ........ 66
19. നിർമലഗിരി വാർത്തകൾ ........ 67
20. സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ ........ 72
21. മദ്യവിരുദ്ധ പ്രസ്ഥാനം ........ 74
22. ഏയ്ഞ്ചൽ ട്രസ്റ്റ് ........ 77
23. സാമൂഹ്യസേവനവേദി ........ 79
24. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 84
25. Programme of the Archbishop Mar George Njaralakatt ........ 86
26. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 87
27. Programme of the Auxiliary Bishop Mar Joseph Pamplany ........ 90

**Prot. No. 124 / 22 സർക്കുലർ നമ്പർ 06 / 2022**

# സർക്കുലർ

# ഇടവകാതല യുവജന സംഗമം

യുവജന പ്രേഷിതത്വം സഭയുടെ പ്രധാന ദൗത്യവും കടമയുമാണ്. ഗലീലിയായുടെ തെരുവോരങ്ങളിൽ വിമോചനത്തിന്റെ സന്ദേശം വിളിച്ചോതിയ 33 കാരനുമായുള്ള സൗഹൃദമാണ് ക്രൈസ്തവ യൗവ്വനത്തിന്റെ കാതൽ. മിശിഹായുടെ തുടർച്ചയായ സഭയുടെ പ്രേഷിത പ്രവർത്തനരംഗങ്ങളിൽ സത്വര ശ്രദ്ധ ചെലുത്തേണ്ട ഒന്നാണ് യുവജന പ്രേഷിതത്വം.

ജീവിതത്തിന്റെ വസന്തമാണ് യൗവ്വനം. തീക്ഷ്ണതയുടെയും അതിജീവനത്തിന്റെയും ആനന്ദത്തിന്റെയും അനുഭവങ്ങളാണ് യൗവ്വനം പറയുന്നത്. ജീവിതത്തിന്റെ സുന്ദരമായ ഈ കാലഘട്ടം വലിയ ആഹ്ലാദത്തിന്റെയും അറിവിന്റെയും ആത്മീയ ആനന്ദത്തിന്റെയും അവസരങ്ങളാക്കുവാൻ സഭയുടെ യുവജന പ്രേഷിതത്വം നമ്മോട് ആഹ്വാനം ചെയ്യുന്നു. തലശ്ശേരി അതിരൂപത കെസിവൈഎം, എസ്എംവൈഎം ഈ ദൗത്യം ശിരസ്സാ വഹിക്കുകയും പ്രവർത്തന പാതകളിൽ പൂർത്തീകരിക്കുകയും ചെയ്യുന്നു എന്നത് ഏറെ അഭിമാനകരമാണ്.

തീക്ഷ്ണതയുള്ള യുവജന നേതാക്കളെയും പ്രേഷിതരെയും സഭയ്ക്ക് പ്രദാനം ചെയ്യാൻ തലശ്ശേരി അതിരൂപത കെസിവൈഎംന് കഴിഞ്ഞിട്ടുണ്ട്. സാമൂഹിക സാംസ്കാരിക മേഖലകളിൽ അടിയുറച്ച നിലപാടുകളും അനീതി നിറഞ്ഞ വിഷയങ്ങളിൽ കൃത്യമായ മുന്നറിയിപ്പുകളും പ്രതിഷേധ പരിപാടികളും സംഘടിപ്പിക്കുന്നതിനെ പ്രത്യേകം അഭിനന്ദിക്കുന്നു. കോവിഡിന്റെ പ്രതിരോധ പ്രവർത്തനങ്ങളിൽ മുന്നണിപ്പോരാളികളാകാൻ സന്നദ്ധരായ എല്ലാ യുവജനങ്ങളെയും സ്നേഹത്തോടെ അനുസ്മരിക്കുന്നു. സാമൂഹിക ഉന്നമനത്തിനുതകുന്ന പ്രതിരോധ പ്രവർത്തനങ്ങളിൽ ഉത്തരവാദിത്വത്തോടെ ഇടപെടുവാൻ നമ്മുടെ യുവജനങ്ങൾക്ക് കഴിഞ്ഞുവെന്നത് നമുക്ക് അഭിമാനമാണ്.

യൂണിറ്റ് തലങ്ങളിൽ യുവജനങ്ങളെ ഒന്നിച്ച് കൂട്ടുവാനും വിശ്വാസ, സഭാ സേവനത്തിനായി തീക്ഷ്ണതയുള്ളവരാക്കുവാനുമായി ഇടവകതല യുവജനസംഗമം നടത്താൻ ആഗ്രഹിക്കുന്നു. അതിരൂപതാ

യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന ഈ സംഗമത്തിന്റെ പേര് BLOOMS - 2022 (Bring the Leaders fOr Our MissionS) എന്നാണ്. രൂപതാ തലത്തിലും ഫൊറോന തലത്തിലും ഇതിന്റെ ട്രെയിനിംഗുകൾ നടത്തി വരികയാണ്. ഫൊറോന തലത്തിലുള്ള പരിശീലനം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്താൻ എല്ലാവരും ശ്രദ്ധിക്കണം. ഒരു ഇടവകയിൽ നിന്നും 5 മുതൽ 7 വരെയുള്ള യുവജനങ്ങളെ ഈ ട്രെയ്നിംഗിന് അയക്കുവാനും പരിശീലനം നേടുവാനും ശ്രദ്ധിക്കുമല്ലോ. Blooms Training ലഭിച്ചതിന് ശേഷമാണ് ഇടവകാതല യുവജന സംഗമം നടത്തപ്പെടുന്നത്. ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള കാലയളവിനുള്ളിൽ ഈ സംഗമങ്ങൾ പൂർത്തീകരിക്കാനാണ് പ്ലാനിടുന്നത്.

**ഇടവകാ തല യുവജനസംഗമങ്ങളുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്**

ഒന്നാമതായി കെസിവൈഎം എസ്എംവൈഎം എന്ന സഭയുടെ ഔദ്യോഗിക യുവജനസംഘടനയുടെ ഘടന, ലക്ഷ്യം, പ്രവർത്തന മേഖലകൾ എന്നിവയെകുറിച്ചുള്ള പഠനം, രണ്ടാമതായി ഇടവകാ തലത്തിൽ യുവജനങ്ങൾ ഒന്നുചേർന്ന് ചെയ്യേണ്ട പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് മനസ്സിലാക്കുക, മൂന്നാമതായി പരിശുദ്ധ കൂദാശകളിലൂടെ വിശുദ്ധീകരിക്കപ്പെടുന്ന യൗവ്വനത്തെ ആത്മീയ അനുഭവങ്ങളിലൂടെ ശക്തിപ്പെടുത്തുക, നാലാമതായി സമൂഹീക സാംസ്കാരിക വിഷയങ്ങളിൽ കൃത്യമായി ഇടപെടാനുള്ള ശക്തി വൈഭവം ലഭ്യമാക്കുക, അഞ്ചാമതായി നാടിനും സഭയ്ക്കും നേതൃത്വം കൊടുക്കാൻ കഴിവും പ്രാപ്തിയുമുള്ള നേതാക്കൻമാരെ വാർത്തെടുക്കുക എന്നിവയാണ്. യുവജനങ്ങളുടെ ആത്മീയ ഉന്മേഷത്തിനും വളർച്ചയ്ക്കും വിനോദത്തിനും ആനന്ദത്തിനും കൂട്ടായ്മയ്ക്കും ഉതകും വിധം സംഗമങ്ങൾ ക്രമപ്പെടുത്താവുന്നതാണ്. ഇടവകാതല സംഗമത്തിന്റെ ചിലവുകൾ യുവജനങ്ങളുടെ സഹകരണത്തോടെ ഇടവകയിൽ നിന്നും കണ്ടെത്തി ഈ യുവജന ശുശ്രൂഷയിൽ എല്ലാവരും സഹകരിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

ക്രിസ്തുവിൽ തങ്ങളുടെ യൗവനത്തെ പരിപോഷിപ്പിക്കുവാനും, സഭയുടെ സംരക്ഷകരാകുവാനും നമ്മുടെ യുവജനങ്ങൾക്ക് സാധിക്കട്ടെ. യുവജനങ്ങളുടെ ആത്മീയവും ഭൗതികവുമായ വളർച്ചക്ക് നമുക്ക്

ഒരുമിച്ച് പരിശ്രമിക്കാം. യുവജനങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. തോമസ് മൂറിന്റെ മാദ്ധ്യസ്ഥ്യം നമ്മെ ശക്തിപ്പെടുത്തട്ടെ. ഈ സംരംഭത്തിന്റെ വിജയത്തിനായി ഫൊറോനാ ഭാരവാഹികളും യൂണിറ്റ് ഡയറക്ടർമാരോട് ചേർന്ന് യൂണിറ്റ് ഭാരവാഹികളും ശ്രദ്ധിക്കണം. നല്ലവനായ ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
25-02-2022 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2022 മാർച്ച് 6-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ ദൈവാലയങ്ങളിൽ വായിക്കുകയും വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ വഴി ഇടവകക്കാരിലേക്ക് എത്തിക്കുകയും ചെയ്യണം.

Prot. No. 126/ 22 സർക്കുലർ നമ്പർ 08 / 2022

# സർക്കുലർ

# സിനഡാത്മക സഭ

**ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,**

സഭയുടെ ജീവിതത്തിനു ദൗത്യത്തിനും വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വിഷയം ചിന്തിക്കാൻ ആഹ്വാനം ചെയ്തുകൊണ്ടാണ് പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപാപ്പ 2021 ഒക്ടോബർ മുതൽ 2023 ഒക്ടോബർ വരെ നീണ്ടുനിൽക്കുന്ന മെത്രാന്മാരുടെ 16-ാമത് സിനഡ് വിളിച്ചുകൂട്ടിയിരിക്കുന്നത്. കാലഘട്ടത്തിന്റെ പ്രത്യേകൾക്കനുസരിച്ച് തിരുസ്സഭയെ കൃത്യമായ ഇടപെടലുകളിലൂടെ പരിശുദ്ധാത്മാവ് നയിക്കുന്നത് സഭാമക്കളായ നമ്മൾ എല്ലാ കാലങ്ങളിലും തിരിച്ചറിഞ്ഞിട്ടുള്ളതാണ്. മൂന്നാം സഹസ്രാബ്ദത്തിൽ സഭാസമൂഹം എപ്രകാരം മുന്നേറണം എന്ന ചിന്തയിൽ ഉറച്ചുനിന്നുകൊണ്ടാണ് പരിശുദ്ധപിതാവ് 2023 ലെ മെത്രാന്മാരുടെ സിനഡിന്റെ വിഷയം പ്രഖ്യാപിച്ചിരിക്കുന്നത്. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നീ ആശയങ്ങളിൽ അടിസ്ഥാനമാക്കി സിനഡാത്മക സഭ (Synadality)എന്നതാണ് ഈ സിനഡിന്റെ ചർച്ചാവിഷയം.

## 1. 2023 ലെ സിനഡിന്റെ വിഷയം: സഭയിലെ സിനഡാലിറ്റി

രണ്ട് പ്രധാനപ്പെട്ട ആശയങ്ങളെ അടിസ്ഥാനമാക്കിയാണ് 2023 ലെ മെത്രാന്മാരുടെ സിനഡ് ക്രമീകരിച്ചിരിക്കുന്നത്. ദൈവജനം മുഴുവനും സഭയുടെ ദൗത്യത്തിൽ പങ്കുചേരുന്നതിന് സൂചിപ്പിക്കുന്ന സിനഡാലിറ്റിയും മാമ്മോദീസായിലൂടെ ക്രിസ്തുവിന്റെ മൗതികശരീരത്തിൽ അംഗങ്ങളായ ഓരോ വിശ്വാസിയിലൂടെയും പരിശുദ്ധാത്മാവ് സംസാരിക്കുന്നു (Sensus fidei) എന്ന ദൈവശാസ്ത്ര കാഴ്ചപ്പാടുമാണ് ഈ ആശയങ്ങൾ. “കർത്താവ് നമ്മോട് ആവശ്യപ്പെടുന്ന കാര്യം സിനഡ് എന്ന വാക്കിൽ തന്നെയുണ്ട്. അത് സഭയുടെ പാരമ്പര്യത്തിലുള്ള പുരാതനവും ധന്യവുമായ ഒരു പദമാണ്. വെളിപാടിന്റെ ആഴമാർന്ന വിഷയങ്ങളിൽ നിന്നാണ് അതിന്റെ അർത്ഥം അതിനു ലഭിക്കുന്നത്.” (PD 10). മിശിഹായിൽ വിശ്വസിക്കുകയും മാമ്മോദീസാ സ്വീകരിച്ച് സഭയുടെ അംഗങ്ങളായി തീരുകയും ചെയ്യുന്ന എല്ലാവരും വേർതിരിവുകളില്ലാതെ ദൈവജനം എന്ന നിലയിൽ ഒരുമിച്ചു യാത്ര ചെയ്യുന്നവരാണ് എന്ന ആശയമാണ് ആദിമസഭയിൽ സിനഡ് എന്ന വാക്കുകൊണ്ട് അർത്ഥമാക്കിയിരുന്നത്. (Syn=ഒരുമിച്ച്, odos=യാത്ര) സഭ

യുടെ സമഗ്രജീവിതത്തെയും ശൈലിയെയും വിശേഷിപ്പിക്കുവാൻ മാത്രം ശേഷിയുള്ള ഒരു മഹനീയ പദമാണ് സിനഡാലിറ്റി. ദൈവജനമായി സഭയുടെ പ്രത്യേക ജീവിത രീതിയും പ്രവർത്തന ശൈലിയുമാണത്. ഒരു കൂട്ടായ്മ എന്ന നിലയിൽ അവളുടെ അംഗങ്ങൾ ഒരുമിച്ച് സംസാരിക്കുകയും, അസംബ്ലിയായി ഒരുമിച്ച് കൂടുകയും അവളുടെ സുവിശേഷവൽക്കണ ദൗത്യത്തിൽ സജീവമായി പങ്കുചേരുകയും ചെയ്യുന്നതിനെ അത് വെളിപ്പെടുത്തുകയും അക്കാര്യത്തിനു രൂപഭാവം നല്കുകയും ചെയ്യുന്നു (PD 10).

വഴിയും സത്യവും ജീവനുമായി (യോഹ 14:6) സ്വയം വെളിപ്പെടുത്തിയ കർത്താവായ ഈശോയാകുന്ന വഴിയിൽ ഈശോയോടൊപ്പം യാത്ര ചെയ്യുന്ന സമൂഹമാണ് തിരുസഭ. സുവിശേഷപ്രഘോഷണത്തിനായി പരിശുദ്ധാത്മാവിനാൽ ക്രിസ്തുവിൽ വിളിച്ചുചേർക്കപ്പെട്ട സമൂഹമായ സഭ ഒരുമിച്ചു യാത്ര ചെയ്യേണ്ടവരാണ്. സഭ തീർത്ഥാടകയും പ്രേഷിതയുമാണെന്ന സുന്ദരമായ ആശയം വളരെ ഫലപ്രദമായ രീതിയിൽ സിനഡാലിറ്റിയിൽ പ്രകാശിക്കുന്നു. (PD 1). സിനഡാത്മക തീർത്ഥാടനം ചെയ്യുന്ന സഭാമക്കൾ പരിശുദ്ധാത്മാവ് തങ്ങളോട് മന്ത്രിക്കുന്ന കാര്യങ്ങൾ ഉള്ളുതുറന്നു പങ്കുവച്ചുകൊണ്ട് ഈ കാലഘട്ടത്തിലെ സഭയുടെ ദൗത്യ നിർവ്വഹണത്തിൽ പങ്കുകാരാകുകയാണ് ചെയ്യുന്നത്. സഭയിൽ എല്ലാ മേഖലകളിലും പുത്തൻ ഉണർവ്വിനു കാരണമായേക്കാവുന്ന മഹനീയമായ ഒരാശയമാണ് സിനഡാലിറ്റി എന്ന് നിസംശയം നമുക്ക് പറയുവാൻ സാധിക്കും.

**2. 2023 ലെ സിനഡിന്റെ സവിശേഷതകൾ**

സാധാരണ മെത്രാൻ സിനഡുകളിൽ നിന്നും വ്യത്യസ്തമായി സഭയിലെ എല്ലാ തട്ടിലുമുള്ള ദൈവജനത്തിന്റെ സ്വരം ശ്രവിക്കുവാൻ കഴിയുംവിധമാണ് ഈ സിനഡ് ക്രമീകരിച്ചിരിക്കുന്നത്. റോമിൽ മാർപാപ്പായുടെ അധ്യക്ഷതയിൽ ചേരുന്ന മെത്രാന്മാരുടെ സമ്മേളനത്തിലല്ല മറിച്ച് ഇടവക/ഫൊറോന, രൂപതാതലത്തിലുള്ള ചെറിയ സമ്മേളനങ്ങളിലാണ് സിനഡ് ആരംഭിച്ചത്. സഭാമുഴുവനും പങ്കാളികളാകുംവിധമാണ് സിനഡിന്റെ പ്രവർത്തനം. മൂന്നുവർഷം നീണ്ടുനിൽക്കുന്ന ദീർഘമായ ചർച്ചകളും എല്ലാ തലങ്ങളിലുമുള്ള പങ്കാളിത്തവും ഉറപ്പുവരുത്തുന്നു. സിനഡാനന്തരം രൂപീകരിക്കാനുള്ള പ്രമാണരേഖകൾ അല്ല ഈ സിനഡ് ഉന്നംവയ്ക്കുന്നത്. ദീർഘകാല പദ്ധതികളാക്കാൻ ഈ സിനഡിന്റെ പ്രക്രിയകളിൽ തന്നെ സഭാസംവിധാനത്തിന്റെ ഓരോ തട്ടുകളിലും ഉണർവ്വും ഉന്മേഷവും ഉണ്ടാകുന്നു എന്നതാണ്

എടുത്തുപറയേണ്ട ഒരു സവിശേഷത. പരസ്പരം വിശ്വാസം വളർത്തുകയും മുറിവുകൾ സുഖപ്പെടുത്തുകയും ബന്ധങ്ങളുടെ ഇഴകൾ കൂടി ചേരുകയും ചെയ്യുംവിധമാണ് സിനഡിന്റെ ക്രമീകരണം. ദൈവജനത്തെ ഒരുമിച്ചുകൂട്ടി അവരുടെ സ്വരം കേട്ട് പദ്ധതികൾ രൂപപ്പെടുത്തുന്നതാണ് പ്രവർത്തനശൈലി. ഈ കാലഘട്ടത്തിൽ ഒരു സഭാ സമൂഹമായി നാം എങ്ങനെ നിലനില്ക്കണമെന്ന് സിനഡാലിറ്റി എന്ന ആശയം നമ്മെ പഠിപ്പിക്കുന്നു.

### 3. സിനഡിന്റെ ലക്ഷ്യം

രണ്ടാംവത്തിക്കാൻ കൗൺസിൽ തുടങ്ങിവച്ച സിനഡൽ ശൈലിയും പങ്കാളിത്ത സഭാവിശ്വാസ ജീവിതശൈലികളും കൂടുതൽ പ്രശോഭിപ്പിക്കുക എന്നതാണ് 2023 ലെ സിനഡിന്റെ ആത്യന്തിക ലക്ഷ്യം. ദൈവം സഭയോട് സംസാരിക്കുന്നത് എന്താണെന്ന് അറിയുവാൻ സഭയിലെ എല്ലാ അംഗങ്ങളെയും ശ്രവിക്കേണ്ടതുണ്ട് എന്ന ആദിമസഭയുടെ ബോധ്യത്തിലേക്കും ശൈലിയിലേക്കും മടങ്ങിപോകുവാൻ 2023-ലെ സിനഡ് ആഗ്രഹിക്കുന്നു. സിനഡാത്മകത എന്നത് ഒരു ശൈലിയും അവസ്ഥയുമാണ്. അത് വഴിയാണ് സഭ അതിന്റെ പ്രേഷിതദൗത്യം ലോകത്തിൽ നിർവഹിക്കുന്നത്.സഭയുടെ പ്രേഷിത ദൗത്യ നിർവഹണത്തിൽ ദൈവജനം ഒരുമിച്ചാണ് യാത്ര ചെയ്യുന്നത്. അതിൽ ഓരോരുത്തരും അവരുടെ ഭാഗം മറ്റുള്ളവരോട് ചേർന്ന് പൂർത്തിയാക്കണം. ഈ കാലഘട്ടത്തിൽ തിരുസഭ തന്റെ ദൗത്യ നിർവഹണത്തിനു സഭാമക്കളെ കൂടുതൽ ഊർജ്ജസ്വലരാക്കുവാൻ സിനഡാലിറ്റി എന്ന മഹത്തായ ആശയം ചർച്ചചെയ്യുവാൻ ആഹ്വാനം ചെയ്യുകയാണ്. ദൈവത്തിന്റെ സ്വരം ശ്രവിക്കുവാൻ സഭയിലെ എല്ലാ അംഗങ്ങളെയും പരസ്പരം ശ്രവിക്കുവാൻ പര്യാപ്തമാക്കുന്ന ഒരു സംവിധാനവും കൂട്ടായ്മയും രൂപപ്പെടുത്തുക എന്നതാണ് ഈ സിനഡിന്റെ പ്രധാനപ്പെട്ട ലക്ഷ്യം.

ദൈവജനത്തെ ഹൃദയം തുറന്നുള്ള സംവാദങ്ങൾക്കാണ് ഈ സിനഡ് ക്ഷണിക്കുന്നത്. അജപാലന തീരുമാനങ്ങളും ശൈലികളും രൂപപ്പെടുത്തുന്നതിൽ ദൈവജനത്തിന്റെ സ്വരത്തിലൂടെ വെളിപ്പെടുന്ന പരിശുദ്ധാത്മാവിന്റെ ഇഷ്ടത്തെ മുഖവിലയ്ക്ക് എടുത്തുകൊണ്ടിരിയ്ക്കും. ഒരുമിച്ചുള്ള യാത്രയിലെ പോരായ്മകളും കുറവുകളുമൊക്കെ ഉള്ളുതുറന്നു സംസാരിക്കുവാനുള്ള വേദികൾ ഈ സിനഡ് ലക്ഷ്യം വയ്ക്കുന്നുണ്ട്. ദൈവജനത്തെ ഉള്ളുതുറന്നു സംസാരിക്കുവാൻ പ്രേരിപ്പിക്കുന്ന വിഷയങ്ങളാണ് വിവിധഘട്ടങ്ങളിൽ ഈ സിനഡിന്റെ

ഭാഗമായ ചർച്ചകളിൽ നല്കുന്നത്. പരസ്പരം തിരുത്തുവാനും ഉൾകൊള്ളുവാനും അതുവഴി സാക്ഷ്യജീവിതം പ്രോജ്വലമാക്കുവാനു മാണ് ഈ സിനഡ് പ്രഖ്യാപിക്കുമ്പോൾ തിരുസഭ ഉദ്ദേശിക്കുന്നത്.

## 4. സിനഡിന്റെ മുഖ്യസംജ്ഞകൾ

ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി കൂട്ടായ്മ, പങ്കാളിത്തം, പ്രേഷി തദൗത്യം എന്നതാണ് സിനഡിന്റെ വിഷയം. ഒരു സിനഡാത്മകസഭ യുടെ പ്രധാനപ്പെട്ട മൂന്നു മേഖലകളാണ് കൂട്ടായ്മ, പങ്കാളിത്തം, പ്രേഷി തദൗത്യം എന്നിവ.

**കൂട്ടായ്മ:** സഭാമക്കൾ എന്ന നിലയിൽ നമ്മുടെ കൂട്ടായ്മയുടെ വേരു കൾ പരിശുദ്ധ ത്രിത്വത്തിന്റെ സ്നേഹത്തിലും കൂട്ടായ്മയിലുമാണ് ആഴപ്പെട്ടിരിക്കുന്നത്. പിതാവിനോട് നമ്മെ അനുരഞ്ജനപ്പെടുത്തു ന്നതും പരിശുദ്ധാത്മാവിൽ നമ്മെ പരസ്പരം യോജിപ്പിക്കുന്നതും ഈശോയാണ്. ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അംഗങ്ങൾ എന്ന നിലയിൽ ഈ കൂട്ടായ്മയിൽ പങ്കുചേർന്നുകൊണ്ട് നമ്മുടെ ദൗത്യം നിർവഹിക്കണം.

**പങ്കാളിത്തം :** സ്നേഹത്തോടെയും ബഹുമാനത്തോടെയും മറ്റുള്ള വരെ ശ്രവിക്കുവാൻ ഉള്ള പരിശ്രമങ്ങളിൽ ദൈവജനം ആത്മാർത്ഥ മായി ഏർപ്പെടാനുള്ള ക്ഷണമാണിത്. നാം ഒരുമിച്ച് പരിശുദ്ധാത്മാ വിനു കാതോർക്കാൻ ശ്രമിക്കുകയും മൂന്നാം സഹസ്രാബ്ദത്തിലെ സഭയ്ക്കുവേണ്ടി നമ്മുടെ വ്യക്തിപരമായ താല്പര്യങ്ങളെയും പദ്ധതികളെയും മാറ്റിവച്ച് ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കുവേണ്ടി നില കൊള്ളാൻ പങ്കാളിത്തം എന്ന ആശയം നമ്മെ ആഹ്വാനം ചെയ്യുന്നു.

**പ്രേഷിതദൗത്യം:** സുവിശേഷവൽക്കരണമാണ് സഭയുടെ ലക്ഷ്യം. നമ്മുടെ വ്യക്തിപരമായ പദ്ധതികളോ ലക്ഷ്യങ്ങളോ അല്ല സഭയുടെ അജപാലനപ്രവർത്തനങ്ങളെ തീരുമാനിക്കേണ്ടത്. മനുഷ്യവംശത്തിനു മുമ്പിൽ ദൈവത്തിന്റെ സ്നേഹത്തിനു സാക്ഷ്യംവഹിക്കുക എന്ന താണ് നമ്മുടെ പ്രേഷിതദൗത്യം. സുവിശേഷത്തിനു കുറേക്കൂടി മെച്ചപ്പെട്ട സാക്ഷ്യം നല്കുക എന്നത് സിനഡാത്മക സഭ ലക്ഷ്യം വയ്ക്കുന്ന കാര്യമാണ്.

## 5. സിനഡിന്റെ ഒരുക്ക നടപടിക്രമങ്ങളും നാൾവഴിയും

2021 സെപ്റ്റംബറിൽ ഈ സിനഡിനാവശ്യമായ ഒരുക്കരേഖയും വാദേമേക്കും (കൈപ്പുസ്തകം)വും പുറത്തിറങ്ങി. 2021 ഒക്ടോബർ

മാസം 10-ാം തീയതി സിനഡാത്മക പ്രക്രിയയുടെ റോമിലെ തുടക്കം പരിശുദ്ധ പിതാവ് ഉദ്ഘാടനം ചെയ്തു. 2021 ഒക്ടോബർ 17 മുതൽ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നാനാതലങ്ങളിലുള്ള സിനഡാത്മക പ്രക്രിയകൾക്കു തുടക്കം കുറിച്ചു. 2022 മെയ് മാസത്തിനുമുമ്പായി പ്രാദേശിക തലത്തിലുള്ള സമ്മേളനങ്ങളും കൂട്ടായ്മകളും വിളിച്ചുചേർക്കപ്പെടും. തുടർന്ന് രൂപതാതല സമ്മേളനങ്ങൾ നടത്തപ്പെടുന്നു. രൂപതാ സമ്മേളനങ്ങളുടെ വെളിച്ചത്തിൽ പൗരസ്ത്യസഭകളുടെ മെത്രാൻ സിനഡുകൾ നടത്തപ്പെടും. തുടർന്ന് വിവിധ ഭൂഖണ്ഡങ്ങളിലെ മെത്രാന്മാരുടെ കോൺഫറൻസുകൾ സമ്മേളിക്കും. ഇപ്രകാരം നടക്കുന്ന സമ്മേളനങ്ങളുടെ വെളിച്ചത്തിൽ സിനഡുകൾക്കുവേണ്ടിയുള്ള റോമിലെ കാര്യാലയം ഒന്നാമത്തെ കരടുരേഖ 2022 സെപ്തംബറിൽ രൂപപ്പെടുത്തും. ഈ കരടുരേഖ വിവിധ എപ്പിസ്കോപ്പൽ കോൺഫറൻസുകൾ വിശദമായി 2023 മാർച്ച് മാസത്തിൽ ചർച്ചചെയ്യും. അവസാനമായി ഈ ചർച്ചകളുടെ ഫലമായി ഉരുത്തിരിയുന്ന കരടുരേഖയുടെ വെളിച്ചത്തിൽ മാർപാപ്പായുടെ അധ്യക്ഷതയിൽ 2023 ഒക്ടോബറിൽ റോമിൽ സിനഡ് നടത്തപ്പെടുന്നു.

### 6. നമ്മുടെ അതിരൂപതയിലെ 'സിനഡാത്മകസഭ' കർമ്മപദ്ധതികൾ

മാർപാപ്പ ആഹ്വാനം ചെയ്യുന്ന സിനഡാലിറ്റി വലിയ കുറ്റങ്ങളില്ലാതെ പാലിക്കപ്പെടുന്ന മനോഹരമായ ഒരു പാരമ്പര്യം നമ്മുടെ അതിരൂപതയിൽ നിലനിൽക്കുന്നുണ്ട്. എങ്കിലും സിനഡാലിറ്റിയെക്കുറിച്ചുള്ള നമ്മുടെ അതിരൂപതാതലത്തിലുള്ള ചർച്ചകൾ ഏറ്റവും സജീവമായും പങ്കാളിത്തത്തോടെയും നമുക്ക് നടക്കേണ്ടതായിട്ടുണ്ട്. നമ്മുടെ ഇടവകകളെയും അജപാലന സംവിധാനങ്ങളെയും കുറേക്കൂടി സജീവവും ഊർജ്ജസ്വലവുമാക്കുവാൻ ഈ ചർച്ചകൾ സഹായിക്കും എന്നത് ഉറപ്പാണ്. 2021 നവംബർ മാസത്തിൽ അതിരൂപതാ പ്രസ്ബിറ്ററിയത്തിൽ അതിരൂപതാതലത്തിലുള്ള സിനഡൽ പ്രക്രിയയ്ക്കു തുടക്കം കുറിച്ചു. ബഹുമാനപ്പെട്ട വൈദികരുടെ കൂട്ടായ്മയിൽ സിനഡിന്റെ വിഷയത്തെക്കുറിച്ചുള്ള ആദ്യഘട്ടം ചർച്ച നടന്നു. 2021 ഡിസംബർ മാസത്തിൽ അതിരൂപതയിലെ മുഴുവൻ ഫൊറോന കൗൺസിലുകളിലും സിനഡാലിറ്റിയെക്കുറിച്ചുള്ള ക്ലാസ്സുകളും ചർച്ചകളും നടന്നു. 2022 ജനുവരി മാസത്തിൽ ബഹുമാനപ്പെട്ട വൈദികരുടെ മാസധ്യാനത്തിൽ സിനഡാലിറ്റിയെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. ഇനിയും ഇടവകാതലങ്ങളിലുള്ള സിനഡൽപ്രക്രിയകൾ ആണ് നടക്കേണ്ടത്. എല്ലാ ഇടവകകളിലും പാരീഷ് കൗൺസിൽ അംഗങ്ങൾക്കും കുടുംബ

കൂട്ടായ്മകളിലും ഈ വിഷയം അവതരിപ്പിക്കുവാനും ചർച്ചകൾ നടത്തുവാനും ബഹുമാനപ്പെട്ട വൈദികർ നേതൃത്വം നല്കണം. വലിയ നോമ്പിന്റെ ആഴ്ചകളിൽ ഇടവകാതലത്തിലുള്ള ചർച്ചകൾ നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കണം. 2020 മാർച്ച്, ഏപ്രിൽ മാസങ്ങളിലായി പാരീഷ് കൗൺസിലുകളിലും കുടുംബകൂട്ടായ്മകളിലും ചർച്ച ചെയ്ത് മെയ് 15-ന് മുമ്പ് റിപ്പോർട്ടുകൾ രൂപതാകേന്ദ്രത്തിലെത്തിക്കണം. മെയ് മാസത്തിൽ അതിരൂപതാ പാസ്റ്ററൽ കൗൺസിലിൽ ക്രോഡീകരിച്ച് റിപ്പോർട്ട് ചർച്ച ചെയ്യും.

വലിയ പ്രതീക്ഷയോടെയാണ് പരിശുദ്ധപിതാവ് ഈ സിനഡിന് ആഹ്വാനം ചെയ്തിരിക്കുന്നത്. നാം ഒരുമിച്ച് യാത്ര ചെയ്യേണ്ടവരാണെന്ന ഓർമ്മപ്പെടുത്തൽ ഈ കാലഘട്ടത്തിൽ സഭ നേരിടുന്ന വെല്ലുവിളികളെ കൂട്ടായ്മയിലാണ് നാം അതിജീവിക്കേണ്ടത് എന്ന യാഥാർത്ഥ്യത്തിലേക്ക് നമ്മെ നയിക്കും. നമ്മുടെ അതിരൂപതയിലെ ഓരോ ഇടവകകളിലും ദൈവജനത്തിന്റെ സ്വരം കൂടുതൽ തെളിമയാർന്ന് മുഴങ്ങുവാനും ഇടയനും ദൈവജനവും ഒരുമിച്ച് പരസ്പരം ഹൃദയങ്ങൾ തുറന്നുള്ള സംസാരത്തിലൂടെയും പങ്കുവയ്ക്കലിലൂടെയും മിശിഹായ്ക്കു സാക്ഷ്യം നല്കുവാനും സിനഡാലിറ്റിയെക്കുറിച്ചുള്ള ചർച്ചകൾ സഹായിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ഞാനാണ് വഴി എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല എന്നു പറഞ്ഞ നമ്മുടെ കർത്താവിന്റെ വഴിയിൽ ഒരുമിച്ച് നമുക്ക് യാത്ര ചെയ്യാം.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി
25-02-2022

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2022 മാർച്ച് 6-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ ദൈവാലയങ്ങളിൽ വായിക്കുകയും വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ വഴി ഇടവകക്കാരിലേക്ക് എത്തിക്കുകയും ചെയ്യണം.

**Prot. No. 125/ 22 സർക്കുലർ നമ്പർ 07 / 2022**

# സർക്കുലർ
# അതിരൂപതാ ദിനവും ജീവകാരുണ്യനിധിയും

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

തലശ്ശേരി അതിരൂപതയുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾദിനമായ മാർച്ച് 19 നാം അതിരൂപതാദിനമായി ആചരിക്കുകയാണല്ലോ. ഈ പുണ്യപിതാവിലൂടെ നമ്മുടെ അതിരൂപതാ കുടുംബത്തിന് ദൈവം നല്കിക്കൊണ്ടിരിക്കുന്ന നിരവധിയായ അനുഗ്രഹങ്ങളെ നമുക്ക് അനുസ്മരിക്കുകയും ദൈവത്തിന് നന്ദി പറയുകയും ചെയ്യാം.

വിശുദ്ധ യൗസേപ്പിതാവിന്റെ നാമധേയം സ്വീകരിച്ചിരിക്കുന്ന മാർ ജോസഫ് പാംപ്ലാനി പിതാവ് അതിരൂപതയുടെ പുതിയ മേലദ്ധ്യക്ഷനായി നിയമിതനായിരിക്കുന്നത് ഈ വർഷത്തെ അതിരൂപതാദിനത്തെ കൂടുതൽ സന്തോഷഭരിതമാക്കുന്നു. നിയുക്ത മെത്രാപ്പോലീത്തായ്ക്ക് നാമഹേതുകതിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുന്നു. പിതാവിന് ദൈവകൃപ സമൃദ്ധമായി ഉണ്ടാകുന്നതിനും ഏപ്രിൽ 20-ന് നടക്കുന്ന സ്ഥാനാരോഹണ ചടങ്ങുകൾ ഭംഗിയായി നടക്കുന്നതിനുമായി പ്രാർത്ഥിക്കാം.

മാർച്ച് 19-ാം തീയതി മറ്റൊരു സന്തോഷകരമായ കാര്യം സംഭവിക്കുന്നത്, പേരാവൂർ സെന്റ് ജോസഫ്സ് ദൈവാലയം മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന ദൈവാലയമായി പ്രഖ്യാപിക്കപ്പെടുന്നു എന്നതാണ്. എല്ലാ രൂപതകളിലും ഓരോ ദൈവാലയത്തിന് ഈ പദവി നല്കുന്നുണ്ട്. 2021 ഓഗസ്റ്റിൽ ചേർന്ന സീറോ-മലബാർ സിനഡാണ് പേരാവൂർ പള്ളിക്ക് മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ തീർത്ഥാടന ദൈവാലയം എന്ന പദവി നല്കാൻ തീരുമാനിച്ചത്. അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് മാർച്ച് 19-ന് പേരാവൂരിൽ നടക്കുന്ന ചടങ്ങിൽ വച്ച് ഈ പുതിയ പദവിയുടെ പ്രഖ്യാപനം നടത്തും. മലബാറിലെ ആദ്യകുടിയേറ്റ പ്രദേശമായ പേരാവൂരിനും തലശ്ശേരി അതിരൂപതയ്ക്കും അഭിമാനകരമായ മുഹൂർത്തമാണിത്. ദൈവത്തിന് നന്ദി പറയാം.

അതിരൂപതാദിനത്തോടനുബന്ധിച്ചാണ് അതിരൂപതാ ജീവകാരുണ്യ ഫണ്ട് നാം സമാഹരിക്കുന്നത്. നമ്മുടെ ഇടയിലെ പാവപ്പെട്ടവരെ സഹായിക്കാൻ കഴിഞ്ഞ 31 വർഷമായി നടത്തിവരുന്ന കാരുണ്യ

സംരംഭമാണിത്. അർഹരായ അനേകം രോഗികൾക്കും ഭവനരഹിതർക്കും നിർധന വിദ്യാർത്ഥികൾക്കും വിവാഹപ്രായമായ സാധുയുവതികൾക്കും നിങ്ങൾ നല്കിയ സംഭാവനകൾ വലിയ സഹായമായി മാറിയിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ ഔദാര്യപൂർവം സംഭാവന നല്കിയ എല്ലാവരെയും നന്ദിയോടുകൂടി അനുസ്മരിക്കുന്നു. നിങ്ങളുടെ സന്മനസ്സിന് ദൈവം പ്രതിഫലം നല്കട്ടെ.

കഴിഞ്ഞ രണ്ട് വർഷമായി കോവിഡ് പ്രതിസന്ധിമൂലം ജീവകാരുണ്യഫണ്ടിലേക്കുള്ള സംഭാവനകൾ കുറയുകയും സഹായമഭ്യർത്ഥിച്ചു വരുന്നവരുടെ എണ്ണം കൂടുകയും ചെയ്തിട്ടുണ്ട്. എങ്കിലും ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ ശുപാർശയോടെ ലഭിക്കുന്ന എല്ലാ അപേക്ഷകളിലും നമുക്കു ലഭിക്കുന്ന ഫണ്ടിന്റെ പരിമിതിയിൽ നിന്നുകൊണ്ടുള്ള സഹായം നല്കാൻ പരിശ്രമിക്കുന്നുണ്ട്.

കഴിഞ്ഞവർഷം ജീവകാരുണ്യ നിധിയിലേയ്ക്ക് ലഭിച്ച ആകെ തുക നാല്പത്തിരണ്ട് ലക്ഷത്തി ഇരുപത്താറായിരത്തി അറുനൂറ്റി പതിനഞ്ച് (42,26,615) രൂപയാണ്. അതിൽ നിന്ന് ചികിത്സാ സഹായമായി പതിനേഴ് ലക്ഷത്തി മുപ്പത്തിരണ്ടായിരം (17,32,000) രൂപയും വിവാഹസഹായമായി ആറ് ലക്ഷത്തി എഴുപത്തയ്യായിരം രൂപയും (6,75,000) രൂപയും ഭവന നിർമ്മാണത്തിന് പന്ത്രണ്ട് ലക്ഷത്തി അമ്പതിനായിരം (12,50,000) രൂപയും വിദ്യാഭ്യാസ സഹായം നാല് ലക്ഷത്തി അമ്പതിനായിരം (4,50,000)രൂപയും മറ്റിനങ്ങളിൽ ഒരു ലക്ഷത്തി പത്തൊമ്പതിനായിരം (1,19,000) രൂപയും അർഹതപ്പെട്ട വ്യക്തികൾക്കും കുടുംബങ്ങൾക്കുമായി നല്കി.

ഈ വർഷവും മുൻ വർഷങ്ങളിലേതുപോലെ വാർഡ് പ്രതിനിധികൾ വഴി സംഭാവനയ്ക്കുള്ള കവറുകൾ നിങ്ങളുടെ ഭവനങ്ങളിൽ എത്തിച്ചുതരുന്നതാണ്. സംഭാവനകൾ കവറുകളിൽ നിക്ഷേപിച്ച് മേൽവിലാസം രേഖപ്പെടുത്തിയ സ്ലിപ്പ് സഹിതം അടുത്ത ഞായറാഴ്ച ദൈവാലയത്തിൽ സ്തോത്രക്കാഴ്ചയായി സമർപ്പിക്കുകയോ വാർഡു പ്രതിനിധികൾ വഴി പള്ളിയിൽ എത്തിക്കുകയോ ചെയ്യണമെന്ന് താല്പര്യപ്പെടുന്നു. ഈ വർഷം നിങ്ങളുടെ കൂടുതൽ ഉദാരമായ സഹകരണം ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഓരോ കുടുംബവും അവരുടെ ഒരു ദിവസത്തെ വരുമാനത്തിന് തുല്യമായ തുകയെങ്കിലും നല്കാൻ പരിശ്രമിക്കണം. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ തുക സമാഹരിച്ച് ഏപ്രിൽ മാസത്തിൽ തന്നെ അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കാൻ പരിശ്രമിക്കുമല്ലോ.

നോമ്പുകാലം ഉപവാസവും പ്രാർത്ഥനയും ദാനധർമ്മവും വഴി ദൈവത്തിലേയ്ക്ക് കൂടുതൽ അടുക്കാൻ നാം പരിശ്രമിക്കുന്ന കാലമാണ്. നമ്മുടെ പാപങ്ങൾക്കും കുറവുകൾക്കും പ്രായശ്ചിത്തം ചെയ്യാൻ ദൈവംതന്നെ നിശ്ചയിച്ചു നല്കിയിരിക്കുന്ന മാർഗ്ഗമാണ് ദാനധർമ്മം. സങ്കീർത്തനങ്ങളിൽ നാം വായിക്കുന്നു: "ദരിദ്രരോട് ദയകാണിക്കുന്നവൻ ഭാഗ്യവാൻ. കഷ്ടതയുടെ നാളുകളിൽ അവനെ കർത്താവ് രക്ഷിക്കും"(സങ്കീ 41:1). ഒരു ഭാഗത്ത് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങളും ആഡംബര വീടുകളും വാഹനങ്ങളും വിദ്യാഭ്യാസ സൗകര്യങ്ങളും ചിലവേറിയ ചികിത്സാ സൗകര്യങ്ങളും വർദ്ധിച്ചു വരുമ്പോൾ മറുഭാഗത്ത് ഒരു നേരത്തെ വിശപ്പടക്കാനോ കഠിനരോഗങ്ങളിൽ നല്ല ചികിത്സ ലഭിക്കാനോ കുഞ്ഞുങ്ങൾക്ക് നല്ല വിദ്യാഭ്യാസം നല്കാനോ കഴിയാതെ ഞെരുങ്ങുന്ന അനേകർ നമ്മുടെ ഇടയിൽ ഉണ്ട്. വീടില്ലാത്തവരും പെൺമക്കളെ കെട്ടിച്ചയക്കാൻ നിവൃത്തിയില്ലാത്തവരുമുണ്ട്. ദൈവം ദാനമായിത്തന്ന സമ്പത്തിൽ നിന്ന് ഒരു ഭാഗം അർഹിക്കുന്ന ഈ സഹോദരങ്ങളുമായി പങ്കുവയ്ക്കുമ്പോൾ നാം സ്വയം ദൈവത്തിന്റെ കരുണയ്ക്ക് അർഹരായിത്തീരുകയാണ്. "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തു തന്നത്" (മത്താ: 25:40) എന്ന കർത്താവിന്റെ വചനം ഓർമ്മിക്കാം. നോമ്പിന്റെ ചൈതന്യത്തിൽ നിർദ്ധനരായ സഹോദരങ്ങളുമായി നമ്മുടെ സമ്പത്ത് പങ്കുവയ്ക്കാം.

എല്ലാ സത്പ്രവർത്തികൾക്കും നൂറിരട്ടിയായി പ്രതിഫലം നല്കുന്ന ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. വി. യൗസേപ്പിതാവിന്റെ തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും പ്രത്യേകിച്ച് ജോസഫ് നാമധാരികളായ എല്ലാവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു. ഒപ്പം നോമ്പുകാലം അനുഗ്രഹപ്രദമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി — **മാർ ജോർജ് ഞറളക്കാട്ട്**

25-02-2022 — തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2022 മാർച്ച് 13-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ ദൈവാലയങ്ങളിൽ വായിക്കുകയും വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ വഴി ഇടവകക്കാരിലേക്ക് എത്തിക്കുകയും ചെയ്യണം.

Ref: 3632 /K-5/KCBC/OL/DS 01.02.2022

# മദ്യവിരുദ്ധ ഞായർ, 2022 മാർച്ച് 20

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി
## കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

വന്ദ്യവൈദികരേ, സന്യാസസഹോദരരെ, മിശിഹായിൽ വിശ്വാസികളെ,

2022 ലെ ഈ വലിയ നോമ്പു കാലത്ത് മാർച്ച് 20 മദ്യവിരുദ്ധ ഞായ റായി കേരളകത്തോലിക്കാസഭ ഒന്നടങ്കം ആചരിക്കുകയാണ്. മദ്യവും മയ ക്കുമരുന്നും മനുഷ്യ സമൂഹത്തിൽ ഉണ്ടാക്കുന്ന മഹാ വിപത്തിനെതിരെ പ്രതി കരിക്കാനും ജനങ്ങളെ ബോധവല്ക്കരിക്കാനുമുള്ള നമ്മുടെ ദൗത്യം നിറ വേറ്റുന്നതിന് ഇത് അവസരമൊരുക്കുന്നു. ഇത്തരം ദിനാചരണവും ലഹരിവി രുദ്ധ ബോധവല്ക്കരണവും ലോകാരോഗ്യസംഘടനതന്നെ ആഹ്വാനം ചെയ്തിട്ടുള്ളതാണ്. ഈ കഴിഞ്ഞ ക്രിസ്തുമസ്- നവവത്സരാഘോഷങ്ങളുടെ പേരുംപറഞ്ഞ് 138 കോടി മദ്യം കുടിച്ചു തീർത്തവരാണ് സമ്പൂർണ സാക്ഷ രരെന്നഭിമാനിക്കുന്ന കേരള ജനത. ഇക്കൂട്ടത്തിൽ ഒട്ടുംകുറവല്ലാത്ത ഒരുവിഭാഗം നമ്മുടെ മക്കളാണ് എന്നത് നമ്മുടെ കണ്ണുതുറപ്പിക്കണം. പല പ്പോഴും മദ്യവിരുദ്ധ പ്രസ്ഥാനക്കാരുടെ പ്രധാന പ്രവർത്തനം സർക്കാരിന്റെ മദ്യനയത്തെ വിമർശിക്കലാണ്. തീർച്ചയായും ഭരിക്കുന്നവരുടെ വികലവും ജനദ്രോഹപരവുമായ നടപടികളെ നാം അപലപിക്കണം. എന്നാൽ അതിലും പ്രധാനപ്പെട്ടതാണ് സഭാമക്കൾ മദ്യവും മയക്കുമരുന്നുകളും ഉപേക്ഷിക്കണ മെന്ന് ഊന്നിപ്പറയുക എന്നുള്ളത്. കേരളത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗം സാമൂഹ്യതിന്മകളാണെന്നും ക്രിസ്തീയജീവിതശൈലിക്ക് നിരക്കാത്തതാണെന്നും ബോധ്യപ്പെടുത്തുന്ന തിനുള്ള ശ്രമമാണ് ഈ ഇടയലേഖനം.

ക്രൈസ്തവവിശ്വാസവും ക്രിസ്തീയ ധാർമ്മികതയും വേർതിരിക്കാ നാവാത്തവിധം ബന്ധപ്പെട്ടവയാണ്. രണ്ടിന്റെയും അടിസ്ഥാനം ബൈബിളും സഭയുടെ പഠനങ്ങളും പാരമ്പര്യങ്ങളുമാണ്. സൂനഹദോസുകളുടെ തീരു മാനങ്ങൾക്കും വിശുദ്ധരുടെ ജീവിതമാതൃകകൾക്കും നമ്മുടെ വിശ്വാസ ജീവിതത്തിൽ വലിയസ്ഥാനമുണ്ട്.

1. **ബൈബിൾ:** നമ്മെ വിശുദ്ധീകരിക്കുകയും രക്ഷിക്കുകയും ചെയ്യുന്ന ദൈവവചന സമാഹാരമായ ബൈബിളിൽ മദ്യപാനത്തെ കുറ്റപ്പെടുത്തുന്ന 80-ൽ കൂടുതൽ തിരുമൊഴികളുണ്ട്. വീഞ്ഞ് പരിഹാസകനും മദ്യം കലഹ ക്കാരനുമാണ്. അവയ്ക്ക് അടിമപ്പെടുന്നവന് വിവേകമില്ല (സുഭാഷിതങ്ങൾ 20.1). സുഖലോലുപതയിലോ മദ്യലഹരിയിലോ അവിഹിത വേഴ്ചകളിലോ

വിഷയാസക്തിയിലോ കലഹങ്ങളിലോ അസൂയയിലോ വ്യാപരിക്കരുത്(റോമാ13.13). വചന വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ മദ്യപിക്കുന്നവർ ചെറുതോ വലുതോ ആയ അളവിൽ ദൈവവചനത്തെ ലംഘിക്കുന്നു.

2. **സഭാപഠനങ്ങൾ:** കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നമ്പർ 2290, 2291 എന്നിവ മദ്യവും മയക്കുമരുന്നുകളും ഗൗരവമായ കുറ്റവും നാശവുമാണെന്ന് വ്യക്തമായി പഠിപ്പിക്കുന്നു. ആരോഗ്യം പരിപോഷിപ്പിക്കുന്നതിനെക്കുറിച്ചാണ് നമ്പർ 2288-ൽ പ്രതിപാദിക്കുന്നത്. മദ്യവും മയക്കുമരുന്നുകളും മനുഷ്യനിലെ സ്നേഹഭാവവും ദൈവികച്ഛായയും തകർത്തെറിയും. ഒരിക്കലും ഒരുവിശ്വാസി അവയെ താലോലിക്കരുത്.

3. **പുണ്യചരിതരുടെ സദുപദേശങ്ങൾ:** വിശുദ്ധരുടെ തിരുനാളുകൾ കൊണ്ടാടുവാൻ സഭാമക്കൾക്ക് ഏറെ സന്തോഷമാണ്. നമ്മുടെ ചർച്ചാവിഷയവുമായി ബന്ധപ്പെട്ട ഏതാനും മാതൃകാ വ്യക്തികളുടെ സന്ദേശങ്ങളും സാക്ഷ്യങ്ങളും ഇവിടെ പ്രസക്തമാണ്. പതിനാറാം നൂറ്റാണ്ടിൽ കേരളത്തിന്റെ കടലോരങ്ങളിൽ സുവിശേഷ വേലചെയ്ത വി. ഫ്രാൻസീസ് സേവ്യർ അക്കാലത്ത് ഇവിടെ സർവ്വസാധാരണമായിരുന്ന മദ്യപാനത്തെ നഖശിഖാന്തരം എതിർത്തിരുന്നു. നവോത്ഥാന നായകനും സി.എം.ഐ സഭാസ്ഥാപകനുമായ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിന്റെ വാക്കുകളിൽ, മദ്യപാനം ലോകത്തിന്റെ മുമ്പാകെ അപമാനമുള്ളതും തമ്പുരാന്റെ മുമ്പിൽ എത്രയും ദോഷമുള്ളതുമാണ്. ചങ്ങനാശ്ശേരി രൂപതയുടെ പ്രഥമ തദ്ദേശീയമെത്രാനും SABS സന്യാസസമൂഹത്തിന്റെ സ്ഥാപകനുമായ ധന്യൻ മാർ തോമസ് കുര്യാളശേരി പിതാവ് പ്രസ്താവിച്ചു: മദ്യം എന്ന വിഷം മനുഷ്യനുള്ളിൽ പ്രവേശിച്ചാൽ അത് കാട്ടിക്കൂട്ടുന്ന ഗോഷ്ടികളും അനർത്ഥങ്ങളും എന്തുമാത്രമെന്ന് പറഞ്ഞറിയിപ്പാൻ സാധിക്കുന്നതല്ല. തൃശ്ശൂർ രൂപതയുടെ ഒന്നാമത്തെ മെത്രാനായ അഡോൾഫ് എഡ്വിൻ മെഡ്‌ലിക്കോട്ട് 1891 മീനമാസത്തിലെ ഇടയലേഖനത്തിൽ മദ്യപാനം വരുത്തിവയ്ക്കുന്ന വൻദുരന്തങ്ങൾ വിശദീകരിച്ചുകൊണ്ട് മദ്യപാനികളും മദ്യവില്പനക്കാരും അബ്ക്കാരികളും ഇതിൽ നിന്ന് പിന്തിരിയണമെന്ന് ശക്തമായി ആവശ്യപ്പെട്ടു. തിരുക്കുടുംബ സന്യാസസമൂഹസ്ഥാപകയായ വിശുദ്ധ മറിയം ത്രേസ്യ വീടുവീടാന്തരം കയറിയിറങ്ങി മദ്യപാനികളെ തേടുകയും അവരെ നവീകരിക്കുകയും ചെയ്തിരുന്നു. സി.എം.സി. സഭാംഗമായ വി. എവുപ്രാസ്യ മദ്യപാനികളുടെ ഭാര്യമാരെ സാന്ത്വനിപ്പിക്കുകയും മദ്യവിമുക്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. മലബാറിന്റെ മോസസ്എന്നറിയപ്പെടുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവ് അരനൂറ്റാണ്ടുകാലം മദ്യവിപത്തിനെതിരെ പടപൊരുതി. മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ഭാഗ്യസ്മരണാർഹനായ ആർച്ച് ബിഷപ്പ് ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് തിരുമേനി, തിരുവനന്തപുരം ലത്തീൻ

അതിരൂപതയുടെ ആർച്ച് ബിഷപ്പ് അഭിവന്ദ്യനായ സൂസൈപാക്യം ഇവരൊക്കെ മദ്യം-മയക്കുമരുന്ന് ഇവയുണ്ടാക്കുന്ന വിപത്തുകളെ പൊതുസമക്ഷം നഖശി ഖാന്തരം എതിർത്ത് മാതൃക നൽകിയവരാണ്. ദീപ്തമായ ഈ മാതൃകകൾ നമുക്ക് വഴിവെട്ടം പകരട്ടെ.

മദ്യവും മയക്കുമരുന്നുകളും വരുത്തിവയ്ക്കുന്ന കുടുംബകലഹങ്ങൾ, തകർച്ചകൾ, വാഹനാപകടങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ ഇവയൊക്കെ ആർക്കാണ് അറിഞ്ഞുകൂടാത്തത്? നാടിനെയും വീടിനെയും വ്യക്തികളെയും നശിപ്പിക്കുന്ന ഈ തിന്മകൾക്കെതിരെ നമുക്ക് ഒത്തൊരുമിച്ചു പ്രവർത്തിക്കാം. മദ്യമുക്തമായ സഭയും സമൂഹവുമെന്ന പ്രഖ്യാപിത ലക്ഷ്യപ്രാപ്തിക്കായി അക്ഷീണം അദ്ധ്വാനിക്കാം, പ്രാർത്ഥിക്കാം. ലഹരിവിരുദ്ധമായ തിരുവചന ങ്ങൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യാം. ലഹരിവിരുദ്ധമായ സഭാപഠ നങ്ങൾ നമുക്ക് നെഞ്ചിലേറ്റാം. ഒരുകാരണവശാലും നമ്മുടെ വീടുകളെ മദ്യ പാനപരിശീലന കളരികളാക്കില്ലെന്ന് പ്രതിജ്ഞയെടുക്കാം. അടുത്ത തല മുറയെക്കരുതിയെങ്കിലും ഈ സാമൂഹ്യതിന്മയ്ക്കെതിരെ ശക്തമായ നില പാടുകളെടുത്ത് മുന്നോട്ട് നീങ്ങാൻ സർവ്വശക്തനായ ദൈവം നമ്മെ എല്ലാ വരേയും അനുഗ്രഹിക്കുമാറാകട്ടെ! സമൂഹത്തെ മദ്യാസക്തിയുടെ നീരാ ളിപ്പിടുത്തത്തിൽ നിന്നും മോചിപ്പിക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്ന എല്ലാവരും മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഉദാരമായ സംഭാവനകൾ നല്കാൻ മുന്നോട്ടുവരണം.

2022 മാർച്ച് 20-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച മദ്യവി രുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾക്കായി നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് യൂഹാനോൻ മാർ തെയോഡോഷ്യസ്**

(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**

(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

**ബിഷപ് ക്രിസ്തുദാസ് ആർ**

(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

---

N.B.:2022 മാർച്ച് 20-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സിറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാദൈവാ ലയങ്ങളിലും വായിക്കണം. ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവി രുദ്ധ ഞായർ ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.

**Prot. No. 125/ 22**

# പ്രത്യേക അറിയിപ്പുകൾ

ഈശോയിൽ പ്രിയ ബഹു. അച്ചന്മാരേ,

സാമ്പത്തിക വർഷത്തിന്റെ അവസാനമായ മാർച്ചിൽ ചെയ്തു തീർക്കേണ്ട ചില കാര്യങ്ങൾ ഓർമ്മപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ കത്ത്.

**1. ആണ്ട് തിരട്ട് പൊതുയോഗം-ഏപ്രിൽ 3**

ഈ വർഷത്തെ ആണ്ട് തിരട്ട് പൊതുയോഗം എല്ലാ ഇടവകകളിലും ഏപ്രിൽ 3-ാം തീയതി ഞായറാഴ്ച ചേരേണ്ടതാണ്. കഴിഞ്ഞ രണ്ട് വർഷങ്ങളിൽ വാർഷിക കണക്ക് വായിച്ച് പാസ്സാക്കുന്നതിനും പുതിയ കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനും പൊതുയോഗം ചേരാതെ പകരം രീതികൾ അവലംബിക്കാൻ നല്കിയിരുന്ന അനുവാദം ഇക്കൊല്ലം ഉണ്ടായിരിക്കുകയില്ല. ഏപ്രിൽ 3-ാം തീയതി തന്നെ എല്ലാ ഇടവകകളിലും പൊതുയോഗം ചേരാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യണം. കണക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കി പൊതുയോഗത്തിൽ അവതരിപ്പിക്കണം. പൊതുയോഗ തീരുമാനങ്ങൾ ഏപ്രിൽ 30-ന് മുമ്പ് അതിരൂപതാ കച്ചേരിയിൽനിന്നും അംഗീകരിച്ച് വാങ്ങുകയും മെയ് 1-ാം തീയതി ഞായറാഴ്ച പുതിയ കൈക്കാരന്മാർ ചുമതലയേൽക്കത്തക്കവിധം പ്ലാൻ ചെയ്യുകയും വേണം.

**2. കണക്കുകൾ ഓൺലൈനിൽ പൂർത്തിയാക്കാത്ത ഇടവകകൾ**

ഏതാനും ചില ഇടവകകളുടെ മാസത്തിരട്ടുകൾ ഓൺലൈനിൽ സമർപ്പിച്ചതായി കാണുന്നില്ല. മാർച്ച് 31-ന് മുമ്പ് 2021-22 വർഷത്തെ മുഴുവൻ കണക്കുകളും ഓൺലൈനിൽ സമർപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**3. സ്ഥിതിവിവരക്കണക്കുകൾ**

ഈ വർഷം നമ്മുടെ അതിരൂപതയുടെ പുതിയ ഡയറക്ടറി പ്രസിദ്ധീകരിക്കേണ്ടതാണ്. ഡയറക്ടറിക്കുവേണ്ടിയുള്ള സ്ഥിതി

വിവരകണക്കുകൾ ശേഖരിക്കുന്നതിനുള്ള ഫോം അയച്ചുതരുന്നതായിരിക്കും. ഇടവകയിലെ കുടുംബങ്ങളുടെ എണ്ണം, ആകെ ഇടവകാംഗങ്ങളുടെ എണ്ണം എന്നിവ വികാരിയച്ചന്മാർ നേരിട്ട് ഭവനസന്ദർശനം നടത്തിയോ, വാർഡ് പ്രതിനിധികളുടെ സഹായത്തോടെയോ ഒന്നുകൂടി കൃത്യമായി എടുക്കേണ്ടതാണ്. ഇപ്പോഴുള്ള ഡയറക്ടറിയിലെ എണ്ണവും കോശികമ്മീഷൻ സർവ്വേയിൽ ലഭിച്ച എണ്ണവും തമ്മിൽ കാര്യമായ വ്യത്യാസം പല ഇടവകകളിലും കാണുന്നുണ്ട്. അതുകൊണ്ട് കൃത്യമായ ഒരു കണക്കെടുപ്പ് എല്ലാ ഇടവകയിലും നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**4. ബഹുമാനപ്പെട്ട വൈദികരുടെ സ്ഥലംമാറ്റം**

ബഹുമാനപ്പെട്ട വൈദികരുടെ ഈ വർഷത്തെ സ്ഥലംമാറ്റം മെയ് മാസം 14-ാം തീയതിയായിരിക്കും. മൂന്നുവർഷത്തിലധികമായവർക്ക് സ്ഥലമാറ്റത്തിനുള്ള അറിയിപ്പുകൾ അയച്ചിട്ടുണ്ട്. അറിയിപ്പിനുള്ള മറുപടി മാർച്ച് 20-ന് മുമ്പ് അയക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. അറിയിപ്പ് കിട്ടാത്ത ആരെങ്കിലും സ്ഥലംമാറ്റം ആഗ്രഹിക്കുന്നുണ്ടെങ്കിൽ മാർച്ച് 20-ന് മുമ്പ് രേഖാമൂലം അറിയിക്കണമെന്ന് താൽപര്യപ്പെടുന്നു.

അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങുകൾ ഏപ്രിൽ 20 നാണല്ലോ നടക്കുന്നത്. ഓരോ ഇടവകയിൽ നിന്നും പങ്കെടുക്കേണ്ടവരെ സംബന്ധിച്ച വിവരങ്ങളും മറ്റ് വിശദാംശങ്ങളും താമസിയാതെ നിങ്ങളെ അറിയിക്കുന്നതാണ്. അഭിവന്ദ്യപിതാവിനുവേണ്ടി പ്രാർത്ഥിക്കുകയും അന്നത്തെ ചടങ്ങുകൾ ഭംഗിയായി നടക്കുന്നതിനായി പ്രത്യേകം പ്രാർത്ഥിച്ച് ഒരുങ്ങുകയും ചെയ്യാം. നിങ്ങൾക്ക് ഏവർക്കും ഫലപ്രദമായ നോമ്പ്കാലവും ആശംസിക്കുന്നു.

സ്നേഹാശംസകളോടെ,

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി
23-02-2022

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത




## 1. വി. യൗസേപ്പിതാവിന്റെ വർഷം സമാപനം

കഴിഞ്ഞ ഒരു വർഷം വി. യൗസേപ്പിതാവിന്റെ വർഷമായി ആചരിക്കുകയായിരുന്നല്ലോ. നമ്മുടെ അതിരൂപതയിൽ മാർച്ച് 19നാണ് വർഷാചരണം സമാപിക്കുന്നത്. അന്നേദിവസമോ 20-ാം തീയതി ഞായറാഴ്ചയോ ആഘോഷമായ വി. കുർബാനയർപ്പിച്ച് വി. യൗസേപ്പിതാവിന്റെ വർഷത്തിന് ഉചിതമായ സമാപനം കുറിക്കേണ്ടതാണ്.

## 2. സഭാനവീകരണ വർഷം

കഴിഞ്ഞ മാസത്തെ ഗിരിദീപത്തിൽ സർക്കുലർ വഴി അറിയിച്ചിരുന്നതുപോലെ 2022-2025 കേരളസഭാനവീകരണ വർഷങ്ങളായി അചരിക്കുകയാണ്. 2022 ജൂൺ 8-പെന്തക്കുസ്താദിനത്തിലാണ് വർഷാചരണത്തിന് തുടക്കം കുറിക്കുന്നത്. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 3. അതിരൂപതാദിനം-ജീവകാരുണ്യനിധി

തലശ്ശേരി അതിരൂപതയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾദിനമായ മാർച്ച് 19 അതിരൂപതാദിനമായി ആണല്ലോ നാം ആചരിക്കുന്നത്. അതിനോടനുബന്ധിച്ച് ജീവകാരുണ്യ ഫണ്ട് സമാഹരണവും നടത്താറുണ്ട്. അതിനുള്ള കവറുകൾ വാർഡ് പ്രതിനിധികൾ വഴി വീടുകളിൽ എത്തിക്കുകയും മാർച്ച് മാസത്തിൽ തന്നെ സംഭാവനകൾ സ്വീകരിച്ച് ഏപ്രിൽ മാസത്തിൽ അതിരൂപതാ പ്രൊക്കുറേറ്ററുടെ ഓഫീസിൽ എത്തിക്കുകയും ചെയ്യണം. ബാങ്ക് ട്രാൻസ്ഫർ ആണ് സൗകര്യപ്രദം. ചാരിറ്റി ഫണ്ട് അക്കൗണ്ടിൽ പണം നിക്ഷേപിച്ചശേഷം പ്രൊക്കുറേറ്ററച്ചനെ വിളിച്ചറിയിക്കുമല്ലോ.

## 4. അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ചരമവാർഷികം

മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 16-ാം ചരമവാർഷികം ഏപ്രിൽ 4-ാം തീയതി തിങ്കളാഴ്ചയാണ്. അന്ന് തലശ്ശേരി അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അഭിവന്ദ്യപിതാവിനുവേണ്ടി പള്ളിച്ചില

വിൽ വി. കുർബ്ബാന അർപ്പിക്കേണ്ടതാണ്. അഭിവന്ദ്യപിതാവിന്റെ കബറിട ത്തിലേക്ക് തീർത്ഥാടനം നടത്താൻ ആളുകളെ പ്രോത്സാഹിപ്പിക്കുന്നത് നന്നായിരിക്കും.

## 5. ആണ്ട് തിരട്ട് പൊതുയോഗം

ഈ വർഷം ആണ്ട് തിരട്ട് പൊതുയോഗം എല്ലാ ഇടവകകളിലും ഏപ്രിൽ 3-ാംതീയതി ഞായറാഴ്ച നടത്തേണ്ടതാണ്. പൊതുയോഗ തീരുമാനങ്ങളും കണക്കുകളും പരിശോധിക്കാൻ ബഹുമാനപ്പെട്ട ജനറാളച്ചന്മർ ഏപ്രിൽ അവസാനത്തെയാഴ്ച ഫൊറോനകളിൽ എത്തുന്നതാണ്.

## 6. മദ്യവിരുദ്ധ ഞായർ-മാർച്ച് 20

മാർച്ച് 20-ാം തീയതി ഞായറാഴ്ച മദ്യവിരുദ്ധ ഞായറായി കെ.സി. ബി.സി. മദ്യവിരുദ്ധ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ആചരിക്കുന്നു. എല്ലാ ഇടവകകളിലും മദ്യവിരുദ്ധ ഞായർ അർത്ഥവത്തായി ആചരിക്കുവാൻ ശ്രദ്ധി ക്കുമല്ലോ. മാർച്ച് 27-ന് എടുക്കുന്ന സ്തോത്രക്കാഴ്ച മദ്യവിരുദ്ധ പ്രവർത്ത നങ്ങളെ സഹായിക്കാനായി പ്രത്യേകം പറഞ്ഞ് സമാഹരിച്ച് അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കണം.

## 7. സർട്ടിഫിക്കറ്റുകളിൽ ഔദ്യോഗിക പേരുകൾകൂടി എഴുതുക

മാമ്മോദീസ സർട്ടിഫിക്കറ്റ്, വിവാഹസർട്ടിഫിക്കറ്റ്, സി.ഫോം എന്നിവ യിൽ മാമ്മോദീസാ പേരിന് പുറമേ ഔദ്യോഗികരേഖകളിലെ പേരുകൂടി രേഖപ്പെടുത്തുക ജനങ്ങൾക്ക് ആവശ്യമായി വരുന്നുണ്ട്. അതിനുള്ള കോള ങ്ങൾകൂടി ഉൾപ്പെടുത്തി പുതിയ സർട്ടിഫിക്കറ്റുകൾ അച്ചടിച്ചത് പ്രൊക്കുറേ റ്ററച്ചന്റെ ഓഫീസിൽ ലഭ്യമാണ്. എല്ലാ ഇടവകകളിലും പുതിയ ഫോമു കൾ വാങ്ങി ഉപയോഗിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 8. നാമഹേതുക തിരുനാൾ

മാർച്ച് 19-ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന തലശ്ശേരി അതി രൂപതയുടെ നിയുക്ത മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി പിതാ വിനും എല്ലാ ജോസഫ് നാമധാരികൾക്കും തിരുനാൾ മംഗളങ്ങൾ.

## 8. ആദരാഞ്ജലികൾ

**ശ്രീ ജോസഫ് വാഴകാട്ട് (88):** ബഹുമാനപ്പെട്ട ജോൺ വാഴകാട്ട് അച്ചന്റെ വത്സലപിതാവും ബഹു. സെബാസ്റ്റ്യൻ വാഴകാട്ടച്ചന്റെ സഹോദ രനുമായ ശ്രീ ജോസഫ് വാഴകാട്ട് 2022 ഫെബ്രുവരി 15-ാം തീയതി നിര്യാ തനായി. മൃതസംസ്ക്കാരം 16.02.2022 ന് ആനപ്പന്തി കരുണാമയനായ ഈശോയുടെ ദൈവാലയത്തിൽ മാർ ജോസഫ് പാംപ്ലാനി, മാർ ജോർജ്

വലിയമറ്റം എന്നിവരുടെ കാർമ്മികത്വത്തിൽ നടന്നു. ബഹുമാനപ്പെട്ട അച്ച ന്മാരെയും കുടുംബാംഗങ്ങളെയും അനുശോചനം അറിയിക്കുകയും പരേ തന്റെ ആത്മാവിന് നിത്യശാന്തിലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**സി. അനില പുത്തൻതറ എസ്.എ.ബി.എസ്. (40):** തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗം സി. അനില പുത്തൻതറ 2022 ഫെബ്രു വരി 8-ന് അമേരിക്കയിൽ കാറപകടത്തിൽ നിര്യാത യായി.ഒരു മിഷനറി ആകാൻ ആഗ്രഹിച്ച സിസ്റ്റർ ഗുജറാത്തിലെ നാനിക്കട്ടേച്ചി, പർണ്ണാല, രാജ്കോട്ട് ക്രൈസ്റ്റ് ഹോസ്പിറ്റൽ എന്നീ സ്ഥലങ്ങളിൽ തന്റെ പ്രേഷിത പ്രവർത്തനം കാഴ്ചവച്ചു. അമേരിക്കയിലെ സെന്റ് ജോസഫ് ലിവിംഗ് സെന്റർ നേഴ്സിംഗ് ഹോമിൽ സേവനം ചെയ്തുവരികയായയരുന്നു സിസ്റ്റർ. മൃതസംസ്ക്കാരം 20.02.2022 ന് കിളിയന്തറ സെന്റ് മേരീസ് ദൈവാലയത്തിൽ മാർ ജോർജ് ഞറ ളക്കാട്ട് പിതാവിന്റെയും മാർ ജോർജ് വലിയമറ്റം പിതാവിന്റെയും കാർമമികത്വത്തിൽ നടന്നു. സിസ്റ്ററിന്റെ ആത്മാവിന് നിത്യ ശാന്തി ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



## 9. സ്നേഹസ്മൃതി

1. റവ. ഫാ. അത്തനേഷ്യസ് പയ്യപ്പിള്ളി സിഎംഐ – 03-03-1968
2. റവ. ഫാ. ഫ്രാൻസീസ് വാളായിൽ – 10-03-2003
3. റവ. ഫാ. സർഗ്ഗീസ് മഠത്തിക്കുന്നേൽ സിഎംഐ – 13-03-1987
4. റവ. ഫാ. ജോസഫ് കൊട്ടുകാപ്പള്ളി – 17-03-1991
5. റവ. ഫാ. ജോർജ് പരുത്തപ്പാറ – 24-03-2011

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# പാസ്റ്ററൽ കൗൺസിൽയോഗം റിപ്പോർട്ട്

തലശ്ശേരി അതിരൂപതാ 18-ാമത് പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാമത് യോഗം 2022 ഫെബ്രുവരി മാസം 10-ാം തീയതി ഓൺലൈനിൽ നടത്തപ്പെട്ടു. തിരുഹൃദയസന്യാസിനി സമൂഹത്തിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ഡോ. ട്രീസാ പാലയ്ക്കൽ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. അതിരൂപതാ വികാരിജനറാൾ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ സ്വാഗതം ആശംസിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ ജോർജ് തയ്യിൽ അവതരിപ്പിച്ച റിപ്പോർട്ട് യോഗം ഏകകണ്ഠമായി അംഗീകരിച്ചു.

തുടർന്നു നടന്ന ഉദ്ഘാടന പ്രസംഗത്തിൽ ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് പിതാവ് പുതിയ അതിരൂപതാദ്ധ്യക്ഷനായി നിയമിതനായ മാർ ജോസഫ് പാംപ്ലാനി പിതാവിന് അനുമോദനങ്ങൾ അർപ്പിച്ചു. നാം ജീവിക്കുന്ന ആത്മീയ, സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ സാഹചര്യങ്ങൾ വളരെയധികം കലുഷിതമാണ്. എല്ലാ വിപരീത സാഹചര്യങ്ങളെയും നമ്മുടെ അതിരൂപത അതിജീവിക്കുന്നത് കൂട്ടായ്മയിലൂടെയാണ്. ഇന്നുവരെ പ്രദർശിപ്പിച്ച കൂട്ടായ്മയും ഐക്യവും മുമ്പോട്ടും ഉണ്ടാകണമെന്ന് പിതാവ് എല്ലാവരെയും ഉദ്ബോധിപ്പിച്ചു. അജണ്ടയിലെ വിവധ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ എല്ലാവരുടെയും സജീവ പങ്കാളിത്തമുണ്ടാകണമെന്ന് പിതാവ് ഓർമ്മിപ്പിച്ചു.

ആദ്യത്തെ ചർച്ചയ്ക്കുള്ള വിഷയം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങുകളും മാർ ജോർജ് ഞറളകാട്ട് പിതാവിന്റെ യാത്രയയപ്പും എങ്ങനെ നടത്തണം എന്നതിനെക്കുറിച്ചായിരുന്നു. വികാരിജനറാൾ മോൺ. അലക്സ് താരാമംഗലം വിഷയം അവതരിപ്പിച്ചു. അതിരൂപതാ ആലോചനാസമിതിയിലും വൈദികസമിതിയിലും നടന്ന ചർച്ചകളിൽ ഉണ്ടായ നിർദ്ദേശങ്ങൾ അച്ചൻ അവതരിപ്പിച്ചു. ആളുകളുടെ പങ്കാളിത്തം, ക്ഷണിക്കപ്പെടേണ്ട വിശിഷ്ടാതിഥികൾ തുടങ്ങിയവയെക്കുറിച്ച് ചർച്ച നടന്നു. ചർച്ചകൾക്ക് മാർ ജോർജ് ഞറളക്കാട്ട് നേതൃത്വം വഹിച്ചു. എല്ലാ ഇടവകകളിൽനിന്നും പത്തുപേരെ വീതം പങ്കെടുപ്പിക്കാമെന്നും വലിയ ഇടവകകൾക്ക് കൂടുതൽ പ്രാതിനിധ്യം നല്കാമെന്നും അഭിപ്രായമുണ്ടാ

യി. പരമാവധി ആയ്യായിരം പേരെ പങ്കെടുപ്പിക്കാം എന്ന ധാരണയിലെത്തി. വിശിഷ്ടാതിഥികളായി മേജർ ആർച്ചുബിഷപ്പിനെ കൂടാതെ സി.ബി.സി.ഐ. പ്രസിഡന്റ് അപ്പസ്തോലിക് ന്യൂൺഷ്യോ, മലങ്കര സഭയുടെ അധ്യക്ഷൻ എന്നിവരെ ക്ഷണിക്കാൻ തീരുമാനിച്ചു. ഉപരാഷ്ട്രപതിയെ കൊണ്ടുവരാൻ പരിശ്രമിക്കണം എന്ന പൊതു അഭിപ്രായം ഉണ്ടായി. അന്തിമതീരുമാനം എടുക്കാൻ ബന്ധപ്പെട്ട കമ്മിറ്റികളെ ചുമതലപ്പെടുത്തി.

ആഗോളമെത്രാൻ സിനഡിന്റെ ചർച്ചാവിഷയം സിനാഡിലിറ്റിയെക്കുറിച്ച് റവ.ഡോ. ജോസഫ് മുട്ടത്തുകുന്നേൽ സംസാരിച്ചു. ഫൊറോന തലത്തിൽ ടീമുകളെ രൂപീകരിച്ച് എല്ലാ ഇടവകകളിലും പാരീഷ്കൗൺസിൽ അംഗങ്ങൾക്കും സംഘടനാ ഭാരവാഹികൾക്കും ക്ലാസ്സുകൾ നല്കാമെന്ന് തീരുമാനിച്ചു.

ജസ്റ്റിസ് കോശി കമ്മീഷനുമായി ബന്ധപ്പെട്ട് അതിരൂപതയിൽ നടത്തിയ സർവ്വേയുടെ ഫലം അജപാലനമേഖലയിൽ എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെക്കുറിച്ച് ഡോ.പി.പി. സജിമോൻ സംസാരിച്ചു. വിവിധ വിഭാഗങ്ങൾക്കുള്ള സെമിനാറുകൾ, ലഘുലേഖകൾ, സർക്കുലർ, പുസ്തകങ്ങൾ എന്നിവയിലൂടെ സർവ്വേയിൽ നിന്നു ലഭിച്ച വിവരങ്ങളെക്കുറിച്ചുള്ള അവബോധം നല്കണമെന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

മാർ ജോർജ് ഞറളക്കാട്ട് പിതാവ് സമാപന സന്ദേശം നല്കി. ജനറൽ സെക്രട്ടറി റവ.ഡോ. തോമസ് തെങ്ങുംപള്ളിൽ നന്ദി പ്രകാശിപ്പിച്ചു. അഭിവന്ദ്യപിതാക്കന്മാരുടെ ആശീർവാദത്തോടെ യോഗം പര്യവസാനിച്ചു.

**ശ്രീ. ജോർജ് തയ്യിൽ**
സെക്രട്ടറി

**റവ. ഡോ. തോമസ് തെങ്ങുംപള്ളിൽ**
ജനറൽ സെക്രട്ടറി

# വൈദിക സമിതി റിപ്പോർട്ട്

## 8.02.2022 ന് ഓൺലൈനായി ചേർന്ന വൈദിക സമിതിയുടെ രണ്ടാമത്തെ സമ്മേളനത്തിന്റെ റിപ്പോർട്ട്

2021-2024 കാലയളവിലെ തലശ്ശേരി അതിരൂപതാ വൈദിക സമിതിയുടെ രണ്ടാമത്തെ സമ്മേളനം 2022 ഫെബ്രുവരി എട്ടാം തീയ്യതി ഓൺലൈനായി ചേർന്നു. തലശ്ശേരി അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ബഹു. ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ നയിച്ച പ്രാർത്ഥനാ ശുശ്രൂഷയോടെ സമ്മേളനം ആരംഭിച്ചു. അതിരൂപതാ വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട മോൺ. ജോസഫ് ഒറ്റപ്ലാക്കൽ യോഗത്തിന് സ്വാഗതമരുളി. വൈദിക സമിതി സെക്രട്ടറി ഫാ. ഫിലിപ്പ് കവിയിൽ അവതരിപ്പിച്ച റിപ്പോർട്ട് തിരുത്തുകളില്ലാതെ യോഗം അംഗീകരിച്ചു.

തുടർന്ന് അതിരൂപതാ അധ്യക്ഷൻ ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് യോഗം ഉദ്ഘാടനം ചെയ്തു. നിയുക്ത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവിനെ അഭിവന്ദ്യ ഞറളക്കാട്ട് പിതാവ് അദ്ധ്യക്ഷ പ്രസംഗത്തിൽ അനുമോദിച്ചു. നിലവിലുള്ള ചുറ്റുപാടുകളെ വിലയിരുത്തുമ്പോൾ അസ്വസ്ഥത നിറഞ്ഞതും പ്രശ്നകലുഷിതവുമായ ഒരന്തരീക്ഷത്തിലാണ് നാം അജപാലന ശുശ്രൂഷ നിർവ്വഹിക്കേണ്ടി വരുന്നത് എന്ന് അഭിവന്ദ്യ പിതാവ് നിരീക്ഷിച്ചു. ഇത്തരമൊരു സാഹചര്യത്തിൽ അജപാലനശുശ്രൂഷ ഫലവത്താകണമെങ്കിൽ വൈദികർ പ്രാർത്ഥനാജീവിതത്തിലും ദൈവാശ്രയബോധത്തിലും ആഴപ്പെടേണ്ടതുണ്ട് എന്ന് ആർച്ചുബിഷപ്പ് ഉദ്ബോധിപ്പിച്ചു. അജപാലകരുടെ പ്രവർത്തനശൈലികൾ പരിശുദ്ധപിതാവിന്റെ സിനഡാലിറ്റിയേക്കുറിച്ചുള്ള കാഴ്ചപ്പാടുകൾക്ക് അനുസൃതമായി വേണ്ടത്ര ആലോചനയിലും ചർച്ചകളിലും അടിസ്ഥാനപ്പെടുത്തി രൂപപ്പെടുത്തണമെന്ന് അതിരൂപതാധ്യക്ഷൻ നിർദ്ദേശിച്ചു. നമ്മുടെ അതിരൂപതയിലെ ബഹു. വൈദികരുടെ ആത്മാർത്ഥവും സജീവവുമായ സേവനങ്ങൾക്ക് അഭിവന്ദ്യപിതാവ് നന്ദി പറഞ്ഞു. തലശ്ശേരി അതിരൂപതയുടെ ധന്യവും സ്തുത്യർഹവുമായ പാരമ്പര്യമാണ് അതിരൂപതാധ്യക്ഷനോട് ചേർന്നുള്ള വൈദികരുടെ കൂട്ടായ്മയോടെയുള്ള പ്രവർത്തനങ്ങൾ. ഈ കൂട്ടായ്മ തുടർന്നും നമ്മുടെ ശക്തിയാവട്ടെ എന്ന് അഭിവന്ദ്യപിതാവ് ആശംസിച്ചു.

2022 ഏപ്രിൽ മാസം 20-ാം തീയ്യതി നടത്താനിരിക്കുന്ന നിയുക്ത ആർച്ചുബിഷപ്പിന്റെ സ്ഥാനാരോഹണവും സ്ഥാനമൊഴിയുന്ന അതിരൂപതാധ്യക്ഷന്റെ യാത്രയപ്പിനെക്കുറിച്ചുമുള്ള ചർച്ചയായിരുന്നു പിന്നീട് നടന്നത്. അതിരൂപതാ വികാരി ജനറൽ മോൺ. അലക്സ് താരാമംഗലം വിഷയാവ

തരണം നടത്തി. ചർച്ചകൾക്ക് സഹായകരമാകുവാൻ 2014 ലെ സ്ഥാനാരോഹണ – യാത്രയയപ്പ് പരിപാടികൾ എങ്ങിനെയായിരുന്നുവെന്ന് ജനറാളച്ചൻ വൈദിക സമിതിയെ സംക്ഷിപ്ത രൂപത്തിൽ അറിയിച്ചു. തുടർന്നു നടന്ന ചർച്ചയിൽ പ്ലാൻ എ, പ്ലാൻ ബി എന്നീ വിധത്തിൽ കോവിഡിന്റെ പശ്ചാത്തലം പരിഗണിച്ച് രണ്ട് പരിപാടികൾ ആസൂത്രണം ചെയ്യണമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. കടുത്തനിയന്ത്രണങ്ങൾ ഉണ്ടായാൽ പ്ലാൻ ബി അനുസരിച്ച് പ്രിസ്ബിറ്റേരിയത്തിലെയും പാസ്റ്ററൽ കൗൺസിലിലെയും അംഗങ്ങളെ മാത്രം ഉൾക്കൊള്ളിച്ച് പരിപാടികൾ നടത്താമെന്ന് നിർദ്ദേശിക്കുകയുണ്ടായി.

പ്ലാൻ എ അനുസരിച്ച് ഓരോ ഇടവകയിൽനിന്നും ഏകദേശം 10 പേരെയെങ്കിലും അനുവദിക്കണം എന്ന നിർദ്ദേശമുണ്ടായി. ഇതിൽ പാരിഷ് കൗൺസിൽ അംഗങ്ങൾ, കോർഡിനേറ്റർ, കൈക്കാരൻമാർ, സുപ്പീരിയർ ഓഫ് ദ് കോൺവെന്റ്, ഇടവകയിൽ നിന്ന് പ്രത്യേകമായി ക്ഷണിക്കപ്പെടേണ്ട വ്യക്തികൾ എന്നിവരെ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. ഇതു കൂടാതെ അഭിവന്ദ്യ പിതാക്കൻമാർ, നിയുക്ത ആർച്ചുബിഷപ്പിന്റെ വീട്ടുകാർ, സഹപാഠികൾ, സ്റ്റുഡൻസ്, വിവിധ സെമിനാരികളുടെ പ്രതിനിധികൾ തുടങ്ങിയവരെ ക്ഷണിക്കണം. സ്ഥാനാരോഹണ പരിപാടികളിൽ ക്രിസ്തീയ വിശ്വാസികളുടെ കൂട്ടായ്മയ്ക്കും ദൈവജനത്തിന്റെ ആത്മീയ സംഗമത്തിനും പ്രാധാന്യം നൽകണമെന്ന് പല അംഗങ്ങളും അഭിപ്രായപ്പെട്ടു. സ്ഥാനാരോഹണ ദിവസം പേപ്പൽ പതാകകൾ അതിരൂപതയിലെ എല്ലാ സ്ഥാപനങ്ങളിലും കുടുംബങ്ങളിലും പ്രദർശിപ്പിക്കുന്നത് നന്നായിരിക്കുമെന്ന് ചില അംഗങ്ങൾ പറഞ്ഞു. ഭാരതത്തിലെ പേപ്പൽ പ്രതിനിധിയായ നൂൺഷിയോ, CBCI പ്രസിഡന്റ്, കേരളത്തിലെ വിവിധ റീത്തുകളിലെ മെത്രാന്മാരുടെ പ്രതിനിധികൾ എന്നിവർക്ക് പൊതുസമ്മേളനത്തിൽ സംസാരിക്കുവാൻ അവസരം നൽകണമെന്ന അഭിപ്രായം പ്രകടിപ്പിക്കപ്പെട്ടു. നമ്മുടെ അതിരൂപതയുടെ പരിധിക്കുള്ളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട എം.എൽ.എ മാർ, എം.പി മാർ, ജില്ലാകളക്ടർ തുടങ്ങിയവരെ ക്ഷണിക്കണം.

സ്ഥാനാരോഹണ ചടങ്ങിന്റെ വിജയത്തിനായി താഴെപ്പറയുന്ന കമ്മിറ്റികൾ രൂപീകരിക്കുവാനും ചെയർമാനായി മോൺ. അലക്സ് താരാമംഗലത്തേയും ജനറൽ കൺവീനറായി മോൺ. ജോസഫ് ഒറ്റപ്ലാക്കലിനേയും വൈദിക സമിതി നിർദ്ദേശിച്ചു.

**വിവിധ കമ്മിറ്റികൾ:**

1. ഇൻവിറ്റേഷൻ, റിസപ്ഷൻ
2. സ്റ്റേജ്, പ്രോഗ്രാം
3. ഡെക്കറേഷൻ, ഹാൾ അറേൻജ്മെന്റ്

4. ലിറ്റർജി
5. പാർക്കിംഗ്
6. മെഡിക്കൽ
7. പബ്ലിസിറ്റി, മീഡിയ

തുടർന്ന് സിനഡാലിറ്റിയേക്കുറിച്ചുള്ള ചർച്ചകളെ സംബന്ധിച്ച അവലോകനമായിരുന്നു. ഇതുവരെ നടന്ന ചർച്ചകളെക്കുറിച്ച് ബഹു. ഫാ. ടോം ഓലിക്കരോട്ട് ഹ്രസ്വവും കൃത്യവുമായ ഒരു വിവരണം നൽകി. കൂടുതൽ തലങ്ങളിൽ കാര്യക്ഷമമായി ചർച്ചകൾ നയിക്കുന്നതിനായി റീജിനൽ/ഫൊറോന തലങ്ങളിൽ ഒരു റീസോഴ്സ് ടീം രൂപീകരിക്കണമെന്ന് അഭിപ്രായപ്പെട്ടു. പരമാവധി 10 പേർ ഉൾക്കൊള്ളുന്നതായിരിക്കണം ഈ റീസോഴ്സ് ടീം. തുടർന്ന് ഇരിട്ടിയിലും കരുവഞ്ചാൽ ഹോസ്പിറ്റലിലും നടന്നുവരുന്ന വിവിധ നിർമ്മാണപ്രവർത്തിനങ്ങളുടെ പുരോഗതിയെക്കുറിച്ച് അതിരൂപതാ പ്രൊക്യുറേറ്റർ ബഹു. ആന്റണി പരതേപ്പതിക്കൽ വൈദിക സമിതിയെ അറിയിച്ചു.

അവസാനത്തെ വിഷയം കോവിഡുകാലത്തെ അജപാലനമായിരുന്നു. നിയുക്ത ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി സ്വതസിദ്ധമായ ശൈലിയിൽ വിഷയാവതരണം നടത്തി. ഈ നോമ്പുകാലത്തോടെ ഞായറാഴ്ച യാചരണം പതിവുശൈലിയിലേക്ക് തിരികെ കൊണ്ടുവരേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അഭിവന്ദ്യ പിതാവ് എടുത്തു പറഞ്ഞു. യുവജനങ്ങളെ സഭയോട് ചേർത്തു നിർത്തുന്നതിനായി അജപാലകർ അവരോട് ബോധപൂർവ്വകമായ സഹകരണമനോഭാവം സ്വീകരിക്കണമെന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അജപാലകരുടെ ശാന്തമായ സംസാരരീതികളും തുറന്ന മനസ്സോടെയുള്ള ശ്രവണവും അനുകമ്പാർദ്രമായ പ്രതികരണങ്ങളും സഭയെ ശക്തിപ്പെടുത്തുമെന്നതിന് രണ്ടുപക്ഷമില്ല എന്ന് അഭിവന്ദ്യപിതാവ് വ്യക്തമാക്കി.

തുടർന്ന് യോഗത്തിൽ സംബന്ധിച്ച അഭിവന്ദ്യ പിതാക്കന്മാർക്കും ബഹു. അച്ചന്മാർക്കും പ്രത്യേകിച്ച് വിവിധ വിഷയങ്ങൾ അവതരിപ്പിച്ചവർക്കും അതിരൂപതാ വൈദിക സമിതി സെക്രട്ടറി നന്ദി രേഖപ്പെടുത്തി. അഭിവന്ദ്യപിതാക്കന്മാരുടെ ആശീർവാദ പ്രാർത്ഥനയോടെ 2021–2024 കാലഘട്ടത്തിലെ വൈദിക സമിതിയുടെ രണ്ടാമത്തെ യോഗം അവസാനിച്ചു.

**ഫാ. ഫിലിപ്പ് കവിയിൽ**
**സെക്രട്ടറി**

# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

## 1. ക്ലാസ്സ് 10–11 : വാർഷിക പരീക്ഷ മാർച്ച് 6 ഞായറാഴ്ച

10–11 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വാർഷിക പരീക്ഷ മാർച്ച് 6 ഞായറാഴ്ച രാവിലെ 11 മുതൽ 1 മണിവരെയായിരിക്കും. പരീക്ഷയ്ക്ക് എല്ലാ പാഠങ്ങളിൽ നിന്നും ഉപപാഠപുസത്കത്തിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

## 2. ക്ലാസ്സ് 1–9 : വാർഷിക പരീക്ഷ ഏപ്രിൽ 3 ഞായറാഴ്ച

1 മുതൽ 9 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വാർഷിക പരീക്ഷ ഏപ്രിൽ 3 ഞായറാഴ്ച രാവിലെ 11 മുതൽ 1 മണിവരെയായിരിക്കും. പരീക്ഷയ്ക്ക് എല്ലാ പാഠങ്ങളിൽ നിന്നും ഉപപാഠപുസത്കത്തിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

## 3. മാർക്ക് വിഭജനം

**ക്ലാസ്സ് 1–3**

| | |
|---|---|
| പാഠപുസ്തകം | – 50 മാർക്ക് |
| ഉപപാഠം | – 20 മാർക്ക് |

**ക്ലാസ്സ് 4–9**

| | |
|---|---|
| പാഠപുസ്തകം | – 40 മാർക്ക് |
| ഉപപാഠം | – 20 മാർക്ക് |
| നമസ്ക്കാരം | – 05 മാർക്ക് |
| ജനറൽ ചോദ്യങ്ങൾ | – 05 മാർക്ക് |

**ക്ലാസ്സ് 10–11**

| | |
|---|---|
| പാഠപുസ്തകം | – 45 മാർക്ക് |
| ഉപപാഠം | – 20 മാർക്ക് |
| നമസ്കാരം | – 05 മാർക്ക് |

## 4. വിശ്വാസോത്സവം

വിശ്വാസോത്സവം നടത്തുന്ന തീയതി പിന്നീട് അറിയിക്കുന്നതാണ്. എല്ലാ ക്ലാസ്സുകളുടെയും വർക്കുബുക്കിന്റെ വില 25 രൂപയായിരിക്കും.

## 5. ഹെഡ്മാസ്റ്റർമാരുടെ മീറ്റിംഗ് – നന്ദി

2022 ഫെബ്രുവരി 10 ബുധനാഴ്ച പ്രധാനാധ്യാപകരുടെ മീറ്റിംഗ്

ഓൺലൈനായി നടത്തി. അന്നേദിവസം ഹെഡ്മാസ്റ്റേർസ് കോൺഫറൻസ് വിജയകരമായി നടത്തുന്നതിനുവേണ്ട കാര്യങ്ങൾ ചർച്ച ചെയ്തു. സാൻ ജോസ് മെട്രോപൊളിറ്റൻ സ്കൂളിന്റെ ഓഡിറ്റോറിയത്തിൽവെച്ച് മീറ്റിംഗ് നടത്താൻ തീരുമാനിച്ചു.

## 6. ASPCT പരീക്ഷ - മാർച്ച് 6 ഞായർ

വിശ്വാസപരിശീലകർക്ക് ഈ വർഷം പഠിക്കാനുള്ള **"ആരാണ് നിങ്ങളുടെ ദൈവം"** എന്ന പുസ്തകത്തിന്റെ അഞ്ചാമത്തെ അദ്ധ്യായത്തെ ആസ്പദമാക്കിയുള്ള ഓൺലൈൻ പരീക്ഷ മാർച്ച് 6 ഞായറാഴ്ച രാത്രി 9 മണിക്ക് നടത്തുന്നു.

### നിർദ്ദേശങ്ങൾ

a. ഗൂഗിൾ ഫോമിലൂടെ ആയിരിക്കും പരീക്ഷ നടത്തുന്നത്.

b. 25 ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും.

c. പുസ്തകത്തിന്റെ 121 മുതൽ 158 വരെയുള്ള പേജുകളിൽ നിന്നായിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക.

d. ഒരാൾ ഒരു പ്രാവശ്യം മാത്രമേ ഉത്തരങ്ങൾ പൂരിപ്പിച്ച് അയക്കുവാൻ പാടുള്ളൂ.

e. പരീക്ഷയുടെ സമയം 15 മിനിറ്റായിരിക്കും.

f. ഉത്തരങ്ങൾ സബ്മിറ്റ് ചെയ്തതിന്ശേഷം മാർക്കിന്റെ സ്ക്രീൻഷോട്ട് എടുത്ത് ഹെഡ്മാസ്റ്ററിന് നൽകേണ്ടതാണ്.

g. അധ്യാപകർക്ക് ലഭിച്ച മാർക്കുകൾ ഹെഡ്മാസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 7. ASPCT പരീക്ഷ - മുടങ്ങിപ്പോയവർക്ക്

ആസ്പെക്ട് പരീക്ഷ ഇടയ്ക്കുവച്ച് മുടങ്ങിപ്പോയവർക്കും ഇതുവരെ പരീക്ഷയിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്കും വിശ്വാസപരിശീലന കേന്ദ്രം വീണ്ടും പരീക്ഷ നടത്തുന്നു. എല്ലാ ദിവസവും രാത്രി 9 മണിക്കായി രിക്കും പരീക്ഷ.

മാർച്ച് 7 - അദ്ധ്യായം 1
മാർച്ച് 9 - അദ്ധ്യായം 2
മാർച്ച് 11 - അദ്ധ്യായം 3
മാർച്ച് 13 - അദ്ധ്യായം 4
മാർച്ച് 15 - അദ്ധ്യായം 5
മാർച്ച് 17 - അദ്ധ്യായം 1-5

## 8. ASPCT പരീക്ഷ - നന്ദി

"ആരാണ് നിങ്ങളുടെ ദൈവം" എന്ന പുസ്തകത്തിന്റെ നാലാമത്തെ അദ്ധ്യായം ആസ്പദമാക്കി വിശ്വാസപരിശീലകർക്ക് ഫെബ്രു 6 ഞായറാഴ്ച രാത്രി 9 മണിക്ക് നടത്തിയ ഓൺലൈൻ പരീക്ഷയിൽ 1864 വിശ്വാസപരി

ശീലകർ പങ്കെടുത്തു. പരീക്ഷയിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും അഭിനന്ദനങ്ങൾ.

## 9. സ്റ്റാഫ് മീറ്റിംഗ്

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് നടത്തണം. മാർച്ച് 13 ഞായറാഴ്ച സ്റ്റാഫ് മീറ്റിംഗ്കൂടി വിശ്വാസപരീശീലന പ്രവർത്തനങ്ങളും വാർഷികപരീക്ഷയും സുഗമമായി നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തണം.

## 10. റെഗുലർ സൺഡേ ക്ലാസ്സുകൾ

ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാർച്ച് മാസത്തിലെ എല്ലാ ഞായറാഴ്ചകളിലും വിശ്വാസപരിശീലന ക്ലാസുകൾ നടത്തേണ്ടതാണ്.

## 11. സ്നേഹവീട് - ഭവനപദ്ധതി

സ്നേഹവീട് ഭവനപദ്ധതിയോട് സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ വിശ്വാസപരിശീലകർക്കും നന്ദി. ഭവനങ്ങളുടെ പണികൾ മാർച്ച് മാസത്തിൽ ആരംഭിക്കുന്നതാണ്. ഇനിയും തുക നല്കാത്തവർ സംഭാവന സമാഹരിച്ച് ഓഫീസിൽ നല്കുമല്ലോ.

### സംഭാവന നൽകിയ സൺഡേ സ്കൂൾ

പുന്നക്കുന്ന് - 3000.00

## 12. അതിരൂപതാ മതബോധന കമ്മിറ്റി

2021 - 2022 പ്രവർത്തന വർഷത്തെ അതിരൂപതാ മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ അദ്ധ്യക്ഷതയിൽ 2022 ഫെബ്രുവരി 22-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ ഓൺലൈനായി ചേർന്നു. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് മതബോധനകമ്മിറ്റി ഉദ്ഘാടനം ചെയ്തു. മോൺ. അലക്സ് താരാമംഗലം ആശംസകൾ നേർന്നു. ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ സ്വാഗതവും, ഫാ. ജോസഫ് വടക്കേപ്പറമ്പിൽ നന്ദിയും പറഞ്ഞു. സി. റോസിലിയ എൻ.എസ്, സി. റോഷ്നി എഫ്.സി.സി എന്നിവർ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. മീറ്റിംഗിൽ 2021-22 പ്രവർത്തനവർഷത്തെ റിപ്പോർട്ട് അവതരിപ്പിച്ചു. മതബോധന കൗൺസിലിൽ സന്യാസ സമൂഹങ്ങളുടെ പ്രൊവിൻഷ്യൽസും, ബഹു. ഫൊറോന വികാരിയച്ചൻമാരും ഫൊറോന പ്രസിഡന്റുമാരും, ഫൊറോന സെക്രട്ടറിമാരും മറ്റ് പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവരും സംബന്ധിച്ചു.

### തീരുമാനങ്ങൾ

a. ഈസ്റ്റർ പരീക്ഷ ഏപ്രിൽ 3 ഞായറാഴ്ച നടത്താൻ തീരുമാനിച്ചു.
b. വിശ്വാസോത്സവം നടത്തേണ്ട തീയതി ഗവേണിംഗ് ബോഡിയിൽ ചർച്ച ചെയ്ത് തീരുമാനിക്കുക.

c. 2022–2023 പ്രവർത്തനവർഷത്തിൽ കുട്ടികൾക്ക് ധ്യാനം നടത്തുക.
d. വിശ്വാസപരിശീലകർക്ക് മൂന്നു ദിവസം നീണ്ടുനിൽക്കുന്ന ധ്യാനം സംഘടിപ്പിക്കുക.
e. എല്ലാ വിശ്വാസപരിശീലകർക്കും ദൈവശാസ്ത്രകോഴ്സ് നിർബന്ധമാക്കുക.
f. വിശ്വാസപരിശീലകരുടെ റീജിയണൽ സംഗമം നടത്തുക.
g. എല്ലാ ഇടവകകളിലും മാതാപിതാക്കൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുക.
h. ആമുഖ സെമിനാർ നടത്തുക.
i. പ്രതിഭാസംഗമം (ക്ലാസ്സ് 7, 12)സാഹചര്യം അനുകൂലമാകുമ്പോൾ നടത്തുക.

## 13. ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗ്

2021–2022 പ്രവർത്തനവർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വരുന്ന അധ്യയന വർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനുമായി മാർച്ചു മാസത്തിൽ ബഹു. ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗ് നടത്തുവാൻ ആഗ്രഹിക്കുന്നു. എല്ലാ ഹെഡ്മാസ്റ്റർമാരും കൂട്ടായ്മയിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. പ്രസ്തുത മീറ്റിംഗിൽ വച്ച് ഓഫീസിൽ അടയ്ക്കുവാനുള്ള വിവിധ തുകകൾ അടച്ച് സഹകരിക്കുമല്ലോ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ തുക, ഗിരിദീപം, പാഠപുസ്തക - ഉപപാഠപുസ്തക തുകകൾ etc...)

| ഫൊറോന | തീയതി | സമയം |
|---|---|---|
| പേരാവൂർ | 29-03-2022 ചൊവ്വ | 9.00 am |
| എടൂർ | 29-03-2022 ചൊവ്വ | 10.30 am |
| കുന്നോത്ത് | 29-03-2022 ചൊവ്വ | 12.00 pm |
| നെല്ലിക്കാംപൊയിൽ | 29-03-2022 ചൊവ്വ | 02.30 pm |
| പൈസക്കരി | 29-03-2022 ചൊവ്വ | 03.45 pm |
| ചെമ്പേരി | 29-03-2022 ചൊവ്വ | 05.00 pm |
| ചെമ്പന്തൊട്ടി | 30-03-2022 ബുധൻ | 09.00 am |
| വായാട്ടുപറമ്പ് | 30-03-2022 ബുധൻ | 10.30 am |
| ആലക്കോട് | 30-03-2022 ബുധൻ | 12.00 pm |
| മേരിഗിരി | 30-03-2022 ബുധൻ | 02.30 pm |
| ചെറുപുഴ | 30-03-2022 ബുധൻ | 03.45 pm |
| തോമാപുരം | 30-03-2022 ബുധൻ | 05.00 pm |
| വെള്ളരിക്കുണ്ട് | 31-03-2022 വ്യാഴം | 09.00 am |
| പനത്തടി | 31-03-2022 വ്യാഴം | 11.30 am |
| കാഞ്ഞങ്ങാട് | 31-03-2022 വ്യാഴം | 02.30 pm |
| തളിപ്പറമ്പ് | 31-03-2022 വ്യാഴം | 05.00 pm |

## 14. താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക

1. അതിരൂപതാ മതബോധനകമ്മിറ്റിയുടെ (2011 ജൂൺ 14) നിശ്ചയപ്രകാരം സൺഡേസ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ട താണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയി ച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.

## 15. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2021–22 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠ പുസ്തകങ്ങൾ etc...) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പി ക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 16. സിനഡാലിറ്റി – സർവ്വെ

പരിശുദ്ധപിതാവിന്റെ ആഗ്രഹപ്രകാരം 2023–ലെ Synod on Synodality-യിൽ പങ്കെടുത്ത് അഭിപ്രായങ്ങൾ രേഖപ്പെടുത്തുവാൻ എല്ലാ വിശ്വാസ പരിശീലകർക്കും സുവർണ്ണാവസരം. തടസ്സം കൂടാതെയും ഉപേക്ഷ കൂടാതെ യും മുൻവിധികളില്ലാതെയും വിശ്വാസപരിശീലകർക്ക് അഭിപ്രായം രേഖപ്പെ ടുത്തുവാൻ സാധിക്കും.

**വിശ്വാസപരിശീലകർ ചെയ്യേണ്ടത്**

a. വത്തിക്കാൻ പുറത്തിറക്കിയ Preparatory Document on Synod on Synodality-യെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ ചോദ്യാവലി പൂരിപ്പിക്കുക.

b. വത്തിക്കാന്റെ മീഡിയാവിഭാഗമായ Delibera വഴിയാണ് ഓൺലൈൻ ചോദ്യാവലി ലഭിക്കുക. വിശ്വാസപരിശീലകർ Delibera-യിൽ പേര് രജിസ്റ്റർ ചെയ്യണം.

c. Delibera രജിസ്ട്രേഷൻ വഴി ലഭിക്കുന്ന വിശകലനങ്ങൾ വത്തിക്കാൻ മീഡിയ വിഭാഗത്തിലേക്കാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്.

d. ഈ സർവ്വേ പൂർത്തിയാക്കുവാൻ 15 മിനിട്ട് സമയം മതി.

e. മാർച്ച് അവസാനത്തിനു മുമ്പായി ഓൺലൈൻ സർവ്വേഫോം പൂരിപ്പിച്ചയക്കണം.

f. വിശ്വാസപരിശീലകർക്കും താൽപര്യമുള്ള എല്ലാവർക്കും ഓൺലൈൻ സർവ്വേയിൽ പങ്കെടുക്കാവുന്നതാണ്.

g. വിശദവിവരങ്ങൾക്ക് **http://www.obsblanquerna.com/en/** ൽ പ്രവേശിക്കുക.

## 17. എൻഡോവ്മെന്റുകൾ

ഹെഡ്മാസ്റ്റേർസ് കോൺഫറൻസിൽ വിതരണം ചെയ്യുന്ന വിവിധ എൻഡോവ്മെന്റുകൾ താഴെകൊടുക്കുന്നു.

1. ആർച്ച്ബിഷപ്പ് മാർ ജോർജ് വലിയമറ്റം എപ്പിസ്കോപ്പൽ രജതജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ്.
2. റവ. ഫാ. തോമസ് മണ്ണൂരാംപറമ്പിൽ പൗരോഹിത്യ രജതജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ്.
3. ബിഷപ്പ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എപ്പിസ്കോപ്പൽ സുവർണ്ണ ജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ്.
4. ആർച്ച് ബിഷപ്പ് മാർ ജോർജ് വലിയമറ്റം പൗരോഹിത്യ സുവർണ്ണ ജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ്.
5. കൂറ്റാരപ്പള്ളി ശ്രീ. പോത്തൻ ജോസഫ്, അന്നമ്മ ജോസഫ് മെമ്മോറിയൽ എൻഡോവ്മെന്റ്.
6. ശ്രീ. ജോസഫ് ഇരുപ്പക്കാട്ട് മെമ്മോറിയൽ എൻഡോവ്മെന്റ്.
7. ചിറമേൽ ജേക്കബ് മറിയം എൻഡോവ്മെന്റ്.
8. റവ. ഡോ. ജോസ് ജേക്കബ് നെടുംതകിടി പൗരോഹിത്യ സുവർണ്ണ ജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ്.

## 18. ഡയറക്ടറച്ചന്റെ സന്ദർശനം

ഡയറക്ടറച്ചൻ പേരട്ട, അമ്മംകുളം എന്നീ സൺഡേസ്കൂളുകളിൽ സന്ദർശനം നടത്തി.

സ്നേഹത്തോടെ,

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്റ്റൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## ബിബ്ലിയാ ഫമീലിയ ഫൈനൽ നടത്തപ്പെട്ടു

തലശ്ശേരി ബൈബിൾ അപ്പസ്തോലേറ്റിന്റെയും ഫാമിലി അപ്പസ്തോലേറ്റിന്റെയും ആഭിമുഖ്യത്തിൽ കഴിഞ്ഞ ഒരു വർഷമായി നടന്നുവന്നിരുന്ന ബൈബിൾ പഠന പ്രോഗ്രാം ബിബ്ലിയാ-ഫമിലീയാ/ഗ്രാന്റ് ഫിനാലെ ഫെബ്രുവരി 24 ന് തലശ്ശേരിയിൽ വച്ച് നടത്തപ്പെട്ടു. വിജയികൾക്കുള്ള സമ്മാന വിതരണവും സർട്ടിഫിക്കറ്റ് വിതരണവും നിയുക്ത ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു. സമാപന സമ്മേളനത്തിൽ അതിരൂപതാ ബൈബിൾ അപ്പസ്റ്റോലേറ്റ് ഡയറക്ടർ റവ. ഡോ.ഫിലിപ്പ് കവിയിൽ സ്വാഗതവും, ഫാമിലി അപ്പോസ്റ്റേലേറ്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ നന്ദിയും ആശംസിച്ചു. കഴിഞ്ഞ ഒരുവർഷമായി വി. ഗ്രന്ഥപഠനത്തിനുള്ള ക്ലാസ്സുകൾ നയിച്ച റവ. ഡോ. ടോം ഓലിക്കരോട്ട് ബിബ്ലിയ ഫമിലിയാ -ഗ്രാൻഡ് ഫിനാലയുടെ അവതാരകനായിരുന്നു.

ഒന്നാം സമ്മാനം ലഭിച്ചത് തിരൂർ ഇടവകയിലെ വരിക്കപ്ലാംതടത്തിൽ രാജു മാത്യുവിനും റോസിലി രാജുവിനുമാണ്. രണ്ടാം സമ്മാനം മണിക്കടവ് ഇടവകയിലെ മണിമലത്തറപ്പിൽ പോൾസൺ തോമസിനും ലിസ്ബി ജോസിനുമാണ് ലഭിച്ചത്. മൂന്നാം സമ്മാനം മണിപ്പാറ ഇടവകയിലെ ആഞ്ഞിലിത്തോപ്പിൽ ബെന്നിക്കും ലിസിക്കുമാണ് ലഭിച്ചത്.

പൊൻമല ഇടവകയിലെ വലിയമനയ്ക്കൽ ഷാജു & ബിജി, മണിക്കടവ് ഇടവകയിലെ ജോസ് & ത്രേസ്യാമ്മ ജോസ്, ആനപ്പന്തി ഇടവകയിലെ പൊടിമറ്റത്തിൽ തോമസ് & ഫിലോമിന എന്നിവർക്ക് യഥാക്രമം നാല്, അഞ്ച്, ആറ് സ്ഥാനങ്ങൾ ലഭിച്ചു. അതിരൂപതയിലെ 1500 ൽ അധികം കുടുംബങ്ങൾ ഈ പ്രോഗ്രാമിൽ സജീവമായി പങ്കെടുത്ത് വി. ഗ്രന്ഥത്തെ ആഴത്തിൽ പഠിച്ചു എന്നത് തികച്ചും അഭിമാനകരമായ കാര്യമാണ്.

## തീസിസ് സമർപ്പണം

അവസാനവർഷ ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികൾ ഏപ്രിൽ 30 ന് മുമ്പായി തീസിസ് ആൽഫാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ബിരുദ വിദ്യാർത്ഥികൾക്ക് 50 മുതൽ 80 വരെ പേജുകളും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ 80 മുതൽ 100 പേജുകൾ വരെയുള്ള പ്രബന്ധമാണ് തയ്യാറാക്കേണ്ടത്.

ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത ഒരു കോപ്പിയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത 2 കോപ്പികളുമാണ് സമർപ്പിക്കേണ്ടത്. കൃത്യസമയത്തിനുള്ളിൽ തീസിസ് സമർപ്പിക്കാത്ത വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ കോൺവൊക്കേഷനിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.

## പാഠപുസ്തകങ്ങൾ ഫൊറോനാ കേന്ദ്രങ്ങളിൽ എത്തിച്ചു നൽകി

ഈ സെമസ്റ്ററിലെ പാഠപുസ്തകങ്ങൾ എല്ലാ ഫൊറോനാ കേന്ദ്രങ്ങളിലും എത്തിച്ചിട്ടുണ്ട്. പ്രധാനാധ്യാപകർ ഓരോ ഇടവകയിലേക്കുമുള്ള പുസ്തകങ്ങൾ യഥാസമയം എത്തിച്ചു നൽകുമല്ലോ.

## മാർച്ച് മാസത്തിലെ ക്ലാസ്സുകൾ

ക്ലാസ്സുകളിൽ ZOOM Aplicationനിലൂടെയോ Alpha Theology എന്ന യൂട്യൂബ് ചാനലിലൂടെയോ പങ്കെടുക്കാവുന്നതാണ്.

**BTh**

01. വി. മത്തായിയുടെ സുവിശേഷം - *മാർച്ച് 6 (ഇംഗ്ലീഷ്)*
02. വി. മത്തായിയുടെ സുവിശേഷം - *മാർച്ച് 13 (മലയാളം)*
03. മരിയവിജ്ഞാനീയം - *മാർച്ച് 19 (ഇംഗ്ലീഷ്)*
04. പഞ്ചഗ്രന്ഥത്തിന്റെ ദൈവശാസ്ത്രം - *മാർച്ച് 20 (ഇംഗ്ലീഷ്)*

**MTh**

01. തത്വചിന്തയും ദൈവശാസ്ത്രവും - *മാർച്ച് 5*
02. അപ്രമാണിക ഗ്രന്ഥങ്ങൾ - *മാർച്ച് 10*
03. ധാർമ്മികതയുടെ പ്രയോഗശാസ്ത്രം - *മാർച്ച് 30*

**9 pm - 11pm** ആയിരിക്കും ക്ലാസ്സുകളുടെ സമയം

## റിസൾട്ട് പ്രസിദ്ധീകരിച്ചു

ജൂൺ-ഡിസംബർ സെമസ്റ്ററിലെ പരീക്ഷാ റിസൾട്ടുകൾ ആൽഫാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. റിസൾട്ട് കാണുന്നതിനായി www.alphathalassery.org എന്ന വെബ്സൈറ്റിൽ Student Login എന്ന ലിങ്ക് ക്ലിക്ക് ചെയ്യുക. നിങ്ങളുടെ രജിസ്റ്റർ നമ്പറും പാസ് വേഡും (alpha) നൽകിയാൽ റിസൾട്ട് ലഭ്യമാകുന്നതാണ്.

ഉദാ: Username: BT-00000-21

Password: alpha

## ലോഗോസ് ബൈബിൾ ക്വിസ് മാർച്ച് 3 ലേക്ക് മാറ്റിയിരിക്കുന്നു

അതിരൂപതയിലെ എല്ലാ വിഭാഗം ആളുകളും വളരെ താല്പര്യപൂർവ്വം പങ്കെടുത്തിരുന്ന ദൈവവചന പഠന പോഗ്രാമായ ലോഗോസ് ബൈബിൾ ക്വിസ് – 2022 മാർച്ച് 3 വ്യാഴാഴ്ച വൈകുന്നേരം 8.30 ലേക്ക് മാറ്റിയിരിക്കുന്നു. കോവിഡ് സാഹചര്യം പരിഗണിച്ച് ഓൺലൈനായിട്ടാണ് ഈ വർഷം ലോഗോസ് പരീക്ഷകൾ നടത്തുന്നത്. പരിഷാ ദിവസം രാവിലെ ഗൂഗിൾ ഫോമിലൂടെ ലിങ്ക് ലഭിക്കുന്നതാണ്. ഓരോ ഫൊറോനകൾക്കും വ്യത്യസ്ഥമായ ലിങ്ക് ആയിരിക്കും നൽകുന്നത്. രജിസ്ട്രേഷൻ, മുൻകൂട്ടി നടത്തിയവർ മാത്രമാണ് പരിക്ഷ ചെയ്യേണ്ടത്. മാർച്ച് 3 വ്യാഴാഴ്ച നടത്തുന്ന ആദ്യഘട്ട ഓൺലൈൻ പരീക്ഷയിൽ 90% മുകളിൽ മാർക്സ് സ്കോർ ചെയ്യുന്നവർക്കായി രണ്ടാം ഘട്ട എഴുത്ത് പരീക്ഷ നടത്തുന്നു. അതിൽ വിജയികൾക്കായിരിക്കും സമ്മാനം നൽകുന്നത്. 2020 ലെ പഠന ഭാഗങ്ങളായ **നിയമാവർത്തനം 22–34; പ്രഭാഷകൻ 18–22, മർക്കോസ് 1–8; 1 കോറി 1–8** എന്നിവ തന്നെയാണ് ഈ പ്രാവശ്യവും പഠിക്കേണ്ടത്. എല്ലാവരുടെയും സഹകരണങ്ങളും സജീവപങ്കാളിത്തവും പ്രതീക്ഷിക്കുന്നു.

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ,
ബൈബിൾ അപ്പൊസ്റ്റൊലേറ്റ്

**ഫാ. ടോം ഓലിക്കരോട്ട്**
എക്സിക്യൂട്ടീവ് ഡയറക്ടർ,
ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

# ചെറുപുഷ്പ മിഷൻലീഗ്



സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ഈശോയോട് കൂടെ ആയിരിക്കേണ്ട ഈശോയുടെ അരികിലിരിക്കേണ്ട സമയമാണല്ലോ നോമ്പിന്റെ നാളുകൾ. നോമ്പുകാലത്തിന്റെ സവിശേഷത ഹൃദയപരിവർത്തനമാണെന്ന് നമ്മെ അനുസ്മരിപ്പിക്കുന്നു. നമ്മുടെ കണ്ണും കാതും തുറന്ന് സർവ്വോപരി ഹൃദയം തുറന്ന് നമ്മുടെ തന്നെ ജീവിതത്തിലേയ്ക്ക് എത്തിനോക്കാനുള്ള ഒരവസരമായി നമുക്ക് ഈ നോമ്പുകാലത്തെകാണാം. അതോടൊപ്പം ദൈവപിതാവിന്റെ അനന്തമായ സ്നേഹബഹുമാനങ്ങൾ ഏറ്റുവാങ്ങിയ വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുന്നാളും ദൈവഹിതത്തിനുമുമ്പിൽ ആമ്മേൻ പറഞ്ഞ പരിശുദ്ധ അമ്മയുടെ മംഗളവാർത്ത തിരുനാളും ഈ മാസം നാം അനുസ്മരിക്കുമ്പോൾ സ്നേഹത്തിന്റെ പ്രേഷിതരാകാൻ ത്യാഗത്തോടെ ജീവിക്കാൻ ഈശോയുടെ സഹനത്തിൽ പങ്കുചേർന്ന് സേവനപാത പുണ്യമുള്ളതാക്കാൻ മിഷനറിമാരായ നിങ്ങൾക്കോരോരുത്തർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു...

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : വി. യൗസേപ്പിതാവ് |
| അനുസ്മരിക്കുന്ന വിശുദ്ധർ | : വി. യൗസേപ്പിതാവ് |
| പ്രാർത്ഥനാനിയോഗം | : സഹായക അംഗങ്ങളുടെ നിയോഗങ്ങൾക്കുവേണ്ടി |
| സുകൃതം | : 74 തിരുഹൃദയ ജപമാല |
| സുകൃതജപം | : ഈശോയെ ഞങ്ങളുടെ കുടുംബങ്ങളെ വിശുദ്ധീകരിക്കണമേ |
| *സങ്കീർത്തന പാരായണം* | : സങ്കീ: 115 – 128 അദ്ധ്യായങ്ങൾ |
| സംഘടനയെ അറിയാം | : സംഘടനാ ചരിത്രം |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

| | |
|---|---|
| 8 ചൊവ്വ | : വനിതാദിനം |
| 19 ശനി | : വി.യൗസേപ്പിതാവിന്റെ തിരുനാൾ |
| 19 ശനി | : മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ ഫീസ്റ്റ് |
| 25 വെള്ളി | : മംഗളവാർത്താതിരുനാൾ |

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, അഗതിമന്ദിര സന്ദർശനം, എം. റ്റി. സി. മേഖലാതല ക്യാമ്പുകൾ, പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികൾക്കുവേണ്ടി തിരുസന്നിധിയിൽ ആരാധന.

### 3. ശാഖാ - മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

2021 - 22 പ്രവർത്തന വർഷം അവസാനിക്കുന്നതിനാലും പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റം ഉള്ളതിനാലും മിഷൻലീഗിന്റെ ഇതുവരെയുള്ള എല്ലാ റിക്കാർഡുകളും എഴുതി പൂർത്തിയാക്കി വയ്ക്കണമെന്നും കുടിശ്ശികകൾ അടയ്ക്കാനുള്ളത് അടച്ച് തീർക്കുകയും വാർഷിക റിപ്പോർട്ട് ജൂൺ ആദ്യ ആഴ്ചയോടെ മേഖലയിൽ ഏൽപ്പിക്കുകയും ചെയ്യണമെന്നും ഓർമ്മിപ്പിക്കുന്നു.

### 4. ശാഖാഭാരവാഹികളുടെ തെരഞ്ഞെടുപ്പ്

2022 -23 പ്രവർത്തന വർഷത്തെ ശാഖാഭാരവാഹികളുടെ (ജൂനിയർ-സീനിയർ) തിരഞ്ഞെടുപ്പ് പുതിയ അധ്യയന വർഷത്തിലെ വിശ്വാസപരിശീലനക്ലാസ്സുകൾ ആരംഭിക്കുന്നതോടൊപ്പം നടത്തുകയും അതിരൂപതയിൽ നിന്നും തരുന്ന ഫോമിൽ കൃത്യമായി എഴുതി തരുകയും ചെയ്യുമല്ലോ.

### 5. എം റ്റി സി ക്യാമ്പ്

മേഖലകളിൽ എം.റ്റി.സി. ക്യാമ്പ് നടത്തി ലിസ്റ്റ് മാർച്ച് 1 ന് മുമ്പ് അതിരൂപതയിൽ എത്തിക്കണം എന്നാണ് നേരത്തെ അറിയിച്ചിരുന്നത്. ഇനിയും ക്യാമ്പ് നടത്താത്തവർ സാഹചര്യം അനുസരിച്ച് നടത്തി ലിസ്റ്റ് മാർച്ച് 20 നുള്ളിൽ തരണം എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. മേഖലകളിൽ ക്യാമ്പ് നടത്തി തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെയാണ് അതിരൂപതാ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്.

### 6. ശാഖാ - വൈസ്ഡയറക്ടേഴ് മീറ്റിംഗ്

മിഷൻലീഗ് - തിരുബാലസഖ്യം പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും 2021 - 2022 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നതിനുമായി ശാഖാ വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ് സാഹചര്യമനുസരിച്ച് ഉടനെ ചേരുന്നതായിരിക്കും എന്നകാര്യം ഓർമ്മപ്പെടുത്തുന്നു. തിയതിയും, സ്ഥലവും ഉടനെ അറിയിക്കുന്നതായിരിക്കും.

### 7. പരീക്ഷാവിജയത്തിനായി മദ്ധ്യസ്ഥ പ്രാർത്ഥന

ഈ വർഷം 10-ാംക്ലാസ്സ്, പ്ലസ്ടു പരീക്ഷ എഴുതുന്ന എല്ലാ മിഷൻലീഗ് അംഗങ്ങളെയും നമ്മുടെ പ്രാർത്ഥന വഴി ശക്തിപ്പെടുത്താം. ഓരോ ശാഖയിലും പരീക്ഷ എഴുതുന്ന കുട്ടികളുടെ പേരും പരീക്ഷാ ടൈംടേബിളും ശാഖയിലെ മറ്റ് കുട്ടികൾക്ക് നൽകി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുവാനും ദിവ്യബലിയിലും ആരാധനയിലും സന്ധ്യാപ്രാർത്ഥനയിലും ഇവർക്കായി പ്രത്യേകം പ്രാർത്ഥിക്കുവാനും ഓർമ്മിക്കുമല്ലോ.

### 8. ഹൃദ്യമായ സ്വാഗതം

ചെറുപുഷ്പ മിഷൻലീഗ് എടൂർ മേഖലാ ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹുമാനപ്പെട്ട മാത്യു പരിയാനിക്കൽ അച്ചനും പനത്തടി മേഖല ഡയറക്ടറായി നിയമിതനായിരിക്കുന്ന മൈക്കിൾ മഞ്ഞക്കുന്നേലച്ചനും അതിരൂപതാ സി. എം. എൽ. കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

## 9. അഭിവന്ദ്യ പിതാവിന്റെ തിരുനാൾ

മാർച്ച് 19 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനുവേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുവാനും ബഹു. വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

## 10. അതിരൂപതാ കലോത്സവം (പുനക്രമീകരിച്ച നിർദ്ദേശങ്ങൾ)

1) മേഖലകൾക്ക് ഓൺലൈൻ ആയോ, നേരിട്ടോ മത്സരങ്ങൾ നടത്താവുന്നതാണ്. മേഖലാമത്സരം നടത്തി തിരഞ്ഞെടുക്കപ്പെടുന്നവരുടെ പേരുൾപ്പെടുന്ന എൻട്രി ഫോം പൂരിപ്പിച്ച് ഏപ്രിൽ 15 ന് മുൻപായി അതിരൂപതാ ഓഫീസിൽ എത്തിക്കുക. അതിരൂപതാതല കലോത്സവ നടത്തിപ്പിനെ സംബന്ധിച്ച കാര്യങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.
2) ഒരു വ്യക്തിക്ക് ഒരു ഇനത്തിൽ മാത്രമേ മത്സരിക്കാൻ അനുവാദമുള്ളൂ.
3) ഒരു വ്യക്തിക്ക് സ്വന്തം പ്രായപരിധിയിലുള്ള ഇനങ്ങളിൽ മാത്രമേ മത്സരിക്കാൻ അനുവാദമുള്ളൂ.
4) ഓരോ വിഭാഗത്തിലും മേഖലയിൽ ഒന്നാം സ്ഥാനം കിട്ടുന്ന ആൺകുട്ടിക്കും, പെൺകുട്ടിക്കും അതിരൂപതാ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.
5) മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് മിഷൻലീഗിന്റെ അംഗത്വ കാർഡും ബാഡ്ജും നിർബന്ധമാണ്.
6) ഗ്രേഡിങ്ങ് ഉണ്ടായിരിക്കുന്നതാണ്.
   A ഗ്രേഡിന് 5 ഉം B ഗ്രേഡിന് 3 ഉം, C ഗ്രേഡിന് 1 ഉം, ഇതിനുപുറമേ വ്യക്തിഗത ഇനങ്ങളിൽ സ്ഥാനങ്ങൾക്ക് 5, 3, 1 വീതവും പോയിന്റ് ലഭിക്കും. ഉദാ. വ്യക്തിഗത ഇനങ്ങളിൽ ഒന്നാം സ്ഥാനവും
   Aഗ്രേഡും ലഭിച്ചാൽ 5+5=10, പോയിന്റും ലഭിക്കും. ഏറ്റവും കൂടുതൽ പോയിന്റ് ലഭിക്കുന്ന മേഖലകൾക്ക് മുൻ വർഷങ്ങളിലെപ്പോലെ ട്രാഫിയും ക്യാഷ് അവാർഡും ഉണ്ടായിരിക്കും.
7) എല്ലാമത്സരങ്ങളും ക്രൈസ്തവസന്ദേശം നൽകുന്നതായിരിക്കണം. മത്സരസംബന്ധമായ എല്ലാ കാര്യങ്ങൾക്കും പി.ഒ.സി ബൈബിൾ ആണ് ഉപയോഗിക്കുക.
8) **മത്സര ഇനങ്ങൾ:** സംഗീതം, പ്രസംഗം, മിഷൻ ക്വിസ്
9) **മത്സര വിഭാഗം:** സബ്ജൂനിയർ, ജൂനിയർ, സീനിയർ, സൂപ്പർ സീനിയർ
10) **സബ്ജൂനിയർ വിഭാഗത്തിന് സംഗീതവും, പ്രസംഗവും മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ** (ബൈബിൾ വായന ഉണ്ടായിരിക്കുന്നതല്ല).
11) മേഖലകളിൽ മത്സരം നടത്തി ഓരോ ഇനങ്ങളിലും, വിഭാഗങ്ങളിലും

ഒന്നാം സ്ഥാനം കിട്ടുന്നവരുടെ പേരുകൾമാത്രമേ എൻട്രിഫോമിൽ പൂരിപ്പിച്ച് അതിരൂപതയിലേയ്ക്ക്മത്സരത്തിനായി നൽകാവൂ.

12) ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്ന മേഖലകൾക്ക് ട്രോഫിയും, ക്യാഷ് അവാർഡും നൽകുന്നതായിരിക്കും.

13) പ്രസംഗം, സംഗീതം എന്നീ ഇനങ്ങൾ അതിരൂപതയിൽ ലഭിക്കേണ്ട അവസാന തിയതി ഏപ്രിൽ 15, മിഷൻക്വിസ്സ് വിജയികളുടെ ലിസ്റ്റ് അതിരൂപതയിൽ ലഭിക്കേണ്ട അവസാനതിയതി ഏപ്രിൽ 9.

14) കുട്ടികളുടെ പേര് വീട്ടുപേര്, ഇടവക, ജനനത്തിയതി, അംഗത്വനമ്പർ, എന്നിവ തന്നിരിക്കുന്ന എൻട്രിഫോമിൽ കൃത്യമായി എഴുതി അതിരൂപതയിൽ നൽകേണ്ടതാണ്.

15) മിഷൻ ക്വിസ്സ് അതിരൂപതാതല മത്സരം ഗൂഗിൾ ഫോമിൽ ആയിരിക്കും നടത്തപ്പെടുക.

### പ്രായപരിധി

**1. സബ്ജൂണിയർ 2009 ജനുവരി 1 –നോ ശേഷമോ ജനിച്ചവർ**

**2. ജൂണിയർ 2006 ജനുവരി 1 – 2008 ഡിസംബർ 31**

**2. സീനിയർ 2002 ജനുവരി 1 – 2005 ഡിസംബർ 31**

**4. സൂപ്പർസീനിയർ 2002 ജനുവരി 1–ന് മുമ്പ് ജനിച്ചവർ**

## മത്സര ഇനങ്ങളും നിബന്ധനകളും

**1) പ്രസംഗം:**

മാക്സിമം സമയം 3 മിനിറ്റ്. വിഷയാധിഷ്ഠിതമായിരിക്കണം, ആശയ സ്ഫുടത, അക്ഷര സ്ഫുടത, ഭാക്ഷാ ശുദ്ധി, സഭാകമ്പമില്ലാതെ സംസാരിക്കാനുള്ള കഴിവ്, സന്ദർഭോജിത ശബ്ദനിയന്ത്രണം എന്നിവ പരിഗണിക്കുന്നതായിരിക്കും.

**പ്രസംഗ വിഷയങ്ങൾ**

**സബ്ജൂനിയർ : ജൂബിലി നിറവിൽ എന്റെ മിഷൻലീഗ്**

**ജൂനിയർ : ചെറുപുഷ്പ മിഷൻലീഗും പ്രേഷിത മുന്നേറ്റവും**

**സീനിയർ : ഭാരത സഭയുടെ വളർച്ചയിൽ ചെറുപുഷ്പ മിഷൻ ലീഗിന്റെ പങ്ക്**

**സൂപ്പർ സീനിയർ : കേരളസഭയും സമകാലീന വിശ്വാസ വെല്ലുവിളികളും**

**2) സംഗീതം :**

പല്ലവി, അനുപല്ലവി, പല്ലവി പാടി അവസാനിപ്പിക്കുക.
സംഗീതമത്സരത്തിൽ ക്ലാസ്സിക്കൽ ഗാനങ്ങൾ ആലപിക്കാൻ പാടില്ല.
ക്രിസ്തീയ ഭക്തിഗാനങ്ങളെ ആലപിക്കാവൂ.

സെമിക്ലാസ്സിക്കൽ ഗാനങ്ങൾ അനുവദനീയമാണ്.
സ്വരങ്ങൾ ഉപയോഗിക്കാൻ പാടില്ല.
ഹമ്മിംങ്ങ് ആകാം.
പാട്ടുകൾ കാണാതെ പഠിച്ച് പാടേണ്ടതാണ്.
സംഗീതോപകരണങ്ങൾ അനുവദനീയമല്ല.

**3) മിഷൻ ക്വിസ്സ് :**

- മേഖലാ തലത്തിൽ നടത്തി ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന ആൺകുട്ടിയും പെൺകുട്ടിയും പങ്കെടുക്കുന്ന അതിരൂപതാതല മത്സരം ഗൂഗിൾ ഫോമിലായിരിക്കും നടത്തപ്പെടുക.
- ക്വിസ് മത്സരത്തിൽ കൃത്യമായ ഉത്തരത്തിനുമാത്രമേ മാർക്ക് ഉണ്ടായിരിക്കുകയുള്ളൂ.
- **പഠന ഭാഗം :** വി. യോഹ 1 - 15 അദ്ധ്യായങ്ങൾ(30%), പ്രേഷിത വഴിയിലെ വിജയഗാഥ 1 മുതൽ 10 വരെ അദ്ധ്യായങ്ങൾ, (30%), സംഘടന (20%), സഭ (20%)

**NB:** സംസ്ഥാന സമിതി ജൂബിലി മെഗാക്വിസ്സ് നടത്തുന്നു എന്ന അറിയിപ്പ് ലഭിച്ചതിനാൽ അതിരൂപതാ കലോത്സവത്തിന്റെ ഭാഗമായ മിഷൻക്വിസ് മത്സരം മേഖലാതലത്തിൽ നേരത്തെ നടത്തി ഏപ്രിൽ 9-ാം തിയതി അതിരൂപതയിൽ റിസൾട്ട് നൽകേണ്ടതാണ്.

## 11. ഹൃദയം നിറഞ്ഞ നന്ദി

ജ്വലിക്കുന്ന തീക്ഷ്ണതയാൽ കർമ്മധീരതയോടെ ചെറുപുഷ്പ മിഷൻലീഗിനെ നയിച്ച് കരയത്തുംചാൽ ഇടവകയിലേക്ക് സ്ഥലം മാറിപ്പോയ പനത്തടി മേഖല ഡയറക്ടർ ജോസഫ് ഓരത്തേൽ അച്ചനും, ഉപരിപഠനത്തിനായി പോകുന്ന ചെമ്പന്തൊട്ടി മേഖല ഡയറക്ടർ ജോസഫ് ഇളംപുരയിടം അച്ചനും അതിരൂപതാ കുടുംബത്തിന്റെ ഹൃദയംനിറഞ്ഞ നന്ദി.

## 12. ടീം ക്വിസ്സ് വിജയികൾ

Ist നെല്ലിക്കാംപോയിൽ മേഖല
IInd എടൂർ മേഖല
IIIrd വെള്ളരിക്കുണ്ട് മേഖല
വ്യക്തിഗത സമ്മാനം - ജൊവാൻ വയലുങ്കൽ
(വെളിമാനം ശാഖ)

## 13. മിഷൻ പച്ചക്കറിത്തോട്ട മത്സര വിജയികൾ

Ist മണ്ഡപം ശാഖ
IInd പൊയ്നാച്ചി ശാഖ
IIIrd ചായ്യോത്ത് ശാഖ

**പ്രോത്സാഹന സമ്മാനങ്ങൾ:**

നെല്ലിക്കുറ്റി, തയ്യേനി, വെള്ളരിക്കുണ്ട്, പെരിയ, നാട്ടക്കൽ,ഭീമനടി, കമ്പല്ലൂർ, ചെറുപുഴ, ജോസ്ഗിരി, ഒറ്റത്തൈ, ചേപ്പറമ്പ്, മാട്ടറ.

## 14. കൈയെഴുത്ത് മാസിക മത്സര വിജയികൾ

| | |
|---|---|
| Ist | ഉമ്മർപൊയിൽ ശാഖ |
| IInd | കരുവഞ്ചാൽ ശാഖ |
| IIIrd | വെള്ളരിക്കുണ്ട് ശാഖ |

**പ്രോത്സാഹന സമ്മാനങ്ങൾ:**

കിളിയന്തറ, പെരിയ, മണ്ടളം, കണിച്ചാർ, നെല്ലിക്കാംപൊയിൽ, പൊട്ടംപ്ലാവ്, കടുമേനി, പരിയാരം

## 15. നവവൈദികരെ ആദരിച്ചു

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ ഭാരവാഹികളുടെ നേതൃത്വത്തിൽ ഈ വർഷം വൈദിക പട്ടം സ്വീകരിച്ച 11 നവ വൈദികരെ ആദരിച്ച് സമ്മാനങ്ങൾ നൽകുകയും പ്രേഷിത ആഭിമുഖ്യമുള്ള നല്ല മിഷനറിമാരെ സഭയ്ക്കായി വളർത്തിയെടുക്കാനുള്ള ആശംസകൾ നേരുകയും ചെയ്തു.

## 16. അഭിനന്ദനങ്ങൾ

സംസ്ഥാനതലത്തിൽ നടന്ന കവിതാ രചനാമത്സരത്തിൽ ജൂനിയർ വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ചെമ്പേരി ശാഖയിലെ തെരേസ അയ്യങ്കനാലിന് അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## 17. ഉണ്ണീശോയ്ക്കൊരു കട്ടിൽ – ഒരായിരം നന്ദിയോടെ

ചാന്ദാ മിഷനിലെ കുഞ്ഞുകൂട്ടുകാർക്ക് കട്ടിൽ വാങ്ങാൻ ഹൃദയപൂർവ്വം സഹകരിച്ചുകൊണ്ടിരിക്കുന്ന എല്ലാ ശാഖകൾക്കും സുമനസുകൾക്കും ഒരായിരം നന്ദി. ഈ സംരംഭത്തോട് സഹകരിച്ച കാഞ്ഞിരടുക്കം, രാജമുടി, പൂപ്പറമ്പ്, മാങ്ങോട്, വെള്ളരിക്കുണ്ട്, പരിയാരം, ബദിയഡുക്ക എന്നീ ശാഖകൾക്ക് അതിരൂപതാ കുടുംബത്തിന്റെ നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു. സാധിക്കുന്നതുപോലെ എല്ലാവരും സഹായിക്കുമല്ലോ.

## 18. സുകൃത വാരം

പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് 75 ലക്ഷം സുകൃതജപ സമർപ്പണം എന്ന സംസ്ഥാന സമിതിയുടെ ലക്ഷ്യത്തോട് ചേർന്ന് സുകൃതജപം ചൊല്ലി വീഡിയോ തയ്യാറാക്കി നൽകിയ നെല്ലിക്കാംപൊയിൽ, തളിപ്പറമ്പ്, ആലക്കോട്, കാഞ്ഞങ്ങാട്, കുന്നോത്ത്, ചെമ്പേരി എന്നീ മേഖലകൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

## 19. മേഖലാ കൗൺസിൽ വാർഷികം

മേഖലാ കൗൺസിൽ വാർഷികം നടത്താത്ത എല്ലാ മേഖലകളും സാഹചര്യമനുസരിച്ച് ഈ മാസം തന്നെ കൗൺസിൽ – വാർഷികം നടത്താൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

## 20. ഗവേണിംഗ് ബോഡി മീറ്റിംഗ്

01.02.22 ന് ചൊവ്വാഴ്ച രാത്രി 8 മണിക്ക് അഭിവന്ദ്യ മാർ. ജോസഫ് പാംപ്ലാനി പിതാവിന്റെ മഹനീയസാന്നിധ്യത്തിൽ ഗവേണിംഗ് ബോഡി മീറ്റിംഗ് കൂടി. മീറ്റിംഗിൽ 01.08.2021 മുതൽ 31.01.22 വരെയുള്ള മിഷൻലീഗ് - തിരുബാലസഖ്യം റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മീറ്റിംഗിൽ പങ്കെടുത്ത ഫാ. ജേക്കബ്ബ് വെണ്ണായപ്പിള്ളി, ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ, അതിരൂപതാ ഭാരവാഹികൾ എന്നിവർക്ക് ഹൃദയം നിറഞ്ഞ നന്ദി.

## 21. മേഖലാ ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്

മിഷൻലീഗ് - തിരുബാലസഖ്യം പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും 2022 - 2023 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നതിനുമായി ഫെബ്രുവരി 12 -ാം തിയതി ശനിയാഴ്ച്ച 10.30 ന് ചെമ്പേരി എൻജിനീയറിംഗ് കോളേജിൽ വച്ച് മേഖലാ ഡയറക്ടേഴ്സ്, വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ് കൂടി. അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിൽ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉത്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി ആശംസകൾ അർപ്പിച്ച് സംസാരിച്ചു. അതിരൂപതാ ഡയറക്ടർ ഫാ.ജോസഫ് വടക്കേപ്പറമ്പിൽ സ്വാഗതവും അതിരൂപതാ ജനറൽ ഓർഗനൈസർ ശ്രീ സുനിൽ ചെന്നിക്കര നന്ദിയും പറഞ്ഞു.

## 22. സെമിനാറുകൾ, ക്യാമ്പുകൾ

- 05-2-22 ന് മണിപ്പാറ ശാഖയിലെ ദൈവവിളി സെമിനാർ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു.
- 06-2-22 ന് തളിപ്പറമ്പ് മേഖലയിലെ എം. റ്റി. സി ക്യാമ്പ് അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു.

## 23. ശാഖാ സന്ദർശനങ്ങൾ

ചെട്ടിയാപറമ്പ്, മഞ്ഞളാംപുറം, രാജമുടി, പേരാവൂർ, എടത്തൊട്ടി, പെരുമ്പുന്ന, മേൽമുരിങ്ങോടി, ആര്യപ്പറമ്പ്, പൊട്ടംപ്ലാവ്, രത്നഗിരി, കണിച്ചാർ, കൊളക്കാട്, ചെങ്ങോം, പറമ്പ, കല്ലുമുതിരക്കുന്ന്, കുടിയാൻമല, ദീപഗിരി, ഏറ്റുപാറ, പരിയാരം, വെമ്പുവ, പുലിക്കുരുമ്പ, ചെമ്പേരി, തോമാപുരം, ഭീമനടി, കരുണാപുരം, ലിസിഗിരി, പൂപ്പറമ്പ്, കനകക്കുന്ന്, പാത്തൻപാറ, വെള്ളാട്, തടിക്കടവ് എന്നീ ശാഖകൾ അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പ്രാർത്ഥനയുടെയും പരിഹാരത്തിന്റെയും തപസിന്റെയും ചൈതന്യം കൊണ്ട് മനുഷ്യഹൃദയങ്ങളെ ദൈവിക വിശുദ്ധിയുടെ ചൈതന്യത്താൽ ചേർത്തുനിർത്തുന്ന ഒരു നോമ്പുകാലത്തിലൂടെ നാം കടന്നുപോകുമ്പോൾ നോമ്പിലെ എല്ലാ ദിവസവും ദിവ്യബലിയിൽ സംബന്ധിച്ച് പ്രാർത്ഥിക്കുവാനും കൊച്ചുകൊച്ചു ത്യാഗപ്രവർത്തിയിലൂടെ ഈശോയുടെ സഹനത്തിൽ പങ്കുചേരാനും നമുക്ക് പരിശ്രമിക്കാം.

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | വി.യൗസേപ്പിതാവ് |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : | വി. യൗസേപ്പിതാവ് |
| പ്രാർത്ഥനാനിയോഗം | : | പരീക്ഷയ്ക്ക് ഒരുങ്ങുന്ന എല്ലാ വിദ്യാർത്ഥികൾക്കും വേണ്ടി |
| സുകൃതജപം | : | നീതിമാനായ വി. യൗസേപ്പേ, നീതിയിൽ വളരാൻ എന്നെ സഹായിക്കണമേ. |
| വചനം | : | തന്റെ ജീവനെ സ്നേഹിക്കുന്നവൻ അത് നഷ്ടപ്പെടുത്തുന്നു. ഈ ലോകത്തിൽ തന്റെ ജീവനെ ദ്വേഷിക്കുന്നവൻ നിത്യജീവനിലേക്ക് അതിനെ കാത്തുസൂക്ഷിക്കുന്നു (വി.യോഹ 12: 25) |
| പ്രവൃത്തി | : | വി. യൗസേപ്പിതാവിനെക്കുറിച്ച് കുട്ടികൾക്ക് മാതാപിതാക്കളും അധ്യാപകരും പറഞ്ഞ് കൊടുക്കുക. |
| മന:പാഠമാക്കുക | : | തിരുസഭയുടെ കല്പനകൾ അഞ്ച് പഠിക്കുക. |
| എയ്ഞ്ചൽസ് വോയ്സ് | : | ചിത്രരചനാ മത്സരം – വിഷയം : വി. യൗസേപ്പിതാവ് (ശാഖാതലത്തിൽ മത്സരം ക്രമീകരിക്കുക) |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

| | | |
|---|---|---|
| 8 | ചൊവ്വ | : വനിതാദിനം |
| 19 | ശനി | : വി.യൗസേപ്പിതാവിന്റെ തിരുനാൾ |
| 19 | ശനി | : മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ ഫീസ്റ്റ് |
| 25 | വെള്ളി | : മംഗളവാർത്താതിരുനാൾ |

## 2.തിരുബാലസഖ്യദിനം

അതിരൂപതാതല തിരുബാലസഖ്യ ദിനാചരണം ഫെബ്രുവരി 13-ാം തിയതി ഞായറാഴ്ച ജോസ്ഗിരി ശാഖയിൽ വച്ച് നടന്നു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. അതിരൂപതാ ഡയറക്ടർ ബഹുമാനപ്പെട്ട ജോസഫ് വടക്കേപ്പറമ്പിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതു സമ്മേളനത്തിൽ ജോസ്ഗിരി ശാഖാ ഡയറക്ടർ ബഹുമാനപ്പെട്ട ജോൺ കൂവപ്പാറ അച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. കുട്ടികളുടെ കൊച്ചു കലാപരിപാടികളും ആഘോഷമായ റാലിയും തിരുബാലസഖ്യദിനാഘോഷങ്ങൾ നിറവേകി.

## 3. തിരുബാലസഖ്യ ദിന സെമിനാർ

13.02.22.ന് തിരുബാസഖ്യദിനത്തോടനുബന്ധത്തിച്ച് തിരുബാലസഖ്യം കുട്ടികൾക്ക് രാത്രി 7.30 മുതൽ 8.30 വരെ സെമിനാർ നടത്തി. സെമിനാറിന് ക്ലാസ്സുകൾ നയിച്ച സി. ജസ്റ്റീന എം എസ് എം ഐ, സി. ജിൻസി പോൾ എം എസ് എം ഐ എന്നിവർക്ക് അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി. അതോടൊപ്പം പങ്കെടുത്ത എല്ലാ കൊച്ചുകൂട്ടുകാർക്കും, അവരുടെ മാതാപിതാക്കൾക്കും നന്ദിയുടെ നറുമലരുകൾ.

## 4. അഭിവന്ദ്യ പിതാവിന്റെ തിരുനാൾ

മാർച്ച് 19 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനുവേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുനാവും ബഹുമാനപ്പെട്ട വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

## 5. കാരുണ്യത്തിന്റെ കരം

കൊച്ചുകൂട്ടുകാർ 50 നോമ്പിൽ കൊച്ചു കൊച്ചു ത്യാഗം ചെയ്ത് രൂപീകരിക്കുന്ന തുക ഇടവകയിലെ പാവപ്പെട്ട ഒരു കുടുംബത്തെ സഹായിക്കാൻ ഉപയോഗിക്കുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

പ്രിയപ്പെട്ട വികാരിയച്ചാ, ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, യുവജനങ്ങളേ,

നോമ്പുകാലത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. പ്രാർത്ഥനക്കും, ഉപവാസത്തിനും, ദാനധർമ്മത്തിനും ഉതകുംവിധം യുവജന ശുശ്രൂഷകൾ ക്രമപ്പെടുത്തുമല്ലോ. ശനിയാഴചകളിൽ നൈറ്റ് വിജിൽ ക്രമപ്പെടുത്തി കുമ്പസാരത്തിനും, ആരാധനയ്ക്കും സമയം കണ്ടെത്തണമെന്ന് ഓർമ്മിപ്പിക്കുമല്ലോ. ഇടവക യുവജന സംഗമത്തിനാവശ്യമായ Blooms Training ഫൊറോന തലത്തിൽ ഉദ്ഘാടനം നടത്താൻ ശ്രദ്ധിക്കുമല്ലോ.

**Blooms Training**

ഇടവകാതല യുവജനസംഗമങ്ങൾ : ഇടവകയിലെ മുഴുവൻ യുവജനങ്ങളെയും പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണം. 11 -ാം ക്ലാസിലെയും 12-ാം ക്ലാസിലെയും യുവജനങ്ങളെയും ഈ സംഗമങ്ങളിൽ പങ്കെടുപ്പിക്കണം. പരിശീലനം ലഭിച്ച യുവജനങ്ങൾ തന്നെ ഇത്തരം സംഗമങ്ങൾക്ക് നേതൃത്വം കൊടുക്കും. വളരെ ചെറിയ ഇടവക ഉണ്ടെങ്കിൽ രണ്ട് ഇടവക ഒന്നിച്ചും ഇത്തരം സമ്മേളനങ്ങൾ നടത്താം. നമ്മുടെ അതിരൂപതയിൽ മുഴുവൻ കെസിവൈഎം യൂണിറ്റിലും യുവജനസംഗമങ്ങൾ നടത്താൻ ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

## ജൂബിലി സമ്മാനവുമയി അഗതി മന്ദിരങ്ങളിൽ

അഭിവന്ദ്യ പിതാവിന്റെ ജൂബിലിയാഘോഷത്തിന്റെ സമ്മാനമായി പൂപ്പറമ്പ് മരിയ ഭവനിലും, ചെമ്പേരി സാന്ത്വനത്തിലും പ്രിയപ്പെട്ടവർക്കായി ബെഡ്ഷീറ്റ്, ലുങ്കി, തോർത്ത്, സോപ്പ് തുടങ്ങിയ സാധനങ്ങൾ നല്കി ജൂബിലിയാഘോഷം ഗംഭീരമാക്കി. സഹായ സഹകരണങ്ങൾ നല്കിയ അതിരൂപതയിലെ എല്ലാ പ്രസിഡന്റുമാർക്കും ഭാരവാഹികൾക്കും നന്ദി.

## ബ്ലൂംസ് അതിരൂപതാ തല ഉദ്ഘാടനം

ഇടവകാതല യുവജന സംഗമമായ ബ്ലൂംസ് 22-ന് അതിരൂപതാ തല ഉദ്ഘാടനം ചെമ്പന്തൊട്ടി ഫൊറോനയുടെ നേതൃത്വത്തിൽ മേരിഗിരി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. മേരിഗിരി സ്കൂൾ പ്രിൻസിപ്പൽ ബ്ര. റെജി സ്കറിയ, രൂപതാ ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, ഫാ. റിനോയി ഇടത്തിനാൽ, രൂപതാ പ്രസിഡന്റ് ജോയൽ ജോസഫ് തൊട്ടിയിൽ, ഫൊറോന പ്രസിഡന്റ് ജിന്റു

കടുപ്പിൽ, അതിരൂപതാ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. ഫാ. വിപിൻ വലിയനിരപ്പേൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. CST Brothers സ്കൂളും പരിസരവും സംഗമത്തിനായി വിട്ടു നല്കി. ചെമ്പന്തൊട്ടി ഫൊറോന സമിതിക്കും സഹകരിച്ച എല്ലാവർക്കും സ്കൂൾ അധികൃതർക്കും അതിരൂപതയുടെ നന്ദി.

## ജൈവ യുവ കർഷകർക്ക് ആദരം

ലോക കാൻസർ പ്രതിരോധ ദിനത്തിൽ ജൈവ പച്ചക്കറികൃഷിയുമായി മാതൃകയായ കെസിവൈഎം നെല്ലിക്കുറ്റി യൂണിറ്റിലെ യുവജനങ്ങളെ ആദരിച്ചു. വിഷലിപ്തമായ പച്ചക്കറികൾ വങ്ങേണ്ടിവരുന്ന സാഹചര്യമാണിപ്പോഴുള്ളത്. ഈ അവസരത്തിൽ വിപുലമായ വിധത്തിൽ പലവിധ ശുദ്ധമായ പച്ചക്കറികൾ ജൈവ വളമുപയോഗിച്ച് കൃഷിചെയ്ത് നാടിനു തന്നെ അഭിമാനമായ ഇവർ യുവജനങ്ങൾക്ക് മാതൃകയാണെന്ന് അതിരൂപതാ ഡയറക്ടർ അറിയിച്ചു. രൂപതാ പ്രസിഡന്റ് ജോയൽ ജോസഫ് തൊട്ടിയിൽ,രൂപതാ ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, രൂപതാ ഭാരവാഹികൾ, ഫൊറോന ഭാരവാഹികൾ എന്നിവരുടെ നേതൃത്വത്തിൽ യൂണിറ്റ് ഡയറക്ടർ റവ. ഫാ. റോബിൻ ഓലിക്കൽ, യൂണിറ്റ് പ്രസിഡന്റ് ടെന്നി വേങ്ങത്താനത്ത്, യുവജന പ്രവർത്തകർ എന്നിവരെ ആദരിച്ചു.

## എയിംസ് ആശുപത്രി കാസർഗോഡിന്

കാസർഗോഡ് എയിംസ് ആശുപത്രി അനുവദിക്കണമെന്നാവശ്യപ്പെട്ട് നടത്തപ്പെടുന്ന ജനകീയ സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് കെസിവൈഎം യുവജനങ്ങൾ. അതിരൂപതാ പ്രസിഡന്റ് ജോയൽ ജോസഫ് തൊട്ടിയിലിന്റെ നേതൃത്വത്തിൽ ജാഥയായി സമരപന്തലിലെത്തി. അതിരൂപതാ ഭാരവാഹികളായ സോജോ, ജിബിൻ, അൽന, മുൻ രൂപതാ പ്രസിഡന്റുമാരായ ശ്രി. സിജോ അമ്പാട്ട്, വിപിൻ മാറുകാട്ടുകുന്നേൽ തുടങ്ങിയവർ നേതൃത്വം കൊടുത്തു. കാഞ്ഞങ്ങാട്, പനത്തടി ഫൊറോനകളുടെ സഹകരണത്തോടെയാണ് നിരാഹാര സമരം നടത്തിയത്.

## സ്റ്റാറ്റസ് വീഡിയോ നിർമ്മാണ മത്സരം

ഫെബ്രുവരി 14 പ്രണയദിനത്തിൽ സ്റ്റാറ്റസ് വീഡിയോ നിർമ്മാണ മത്സരം നടത്തി. 16 ഫൊറോനകളിൽ നിന്നുമായി ഇരുപതോളം വീഡിയോകൾ ലഭിച്ചു. ഒന്നാം സമ്മാനം ജോസഫ് പി. (എടൂർ)- രണ്ടാം സമ്മാനം എമിൻ ബിനോയി (ഉദയപുരം) മൂന്നാം സമ്മാനം റോസ് മരിയ (എടൂർ) വിജയികൾക്ക് അഭിനന്ദനങ്ങൾ.

## MAKE THE KINDNESS CUT (കേശദാനം നടത്തി)

ലോക കാൻസർ ദിനത്തിൽ കാൻസർ രോഗത്താൽ വിഷമിക്കുന്ന രോഗികളെ സഹായിക്കാനായി കേദാന ക്യാമ്പിന്റെ രണ്ടാം ഘട്ടം കെസിവൈഎം

ചെമ്പന്തൊട്ടി ഫൊറോനയും, സമരിറ്റൻ എമർജൻസി ടീമും സംയുക്തമായി നടത്തി. ബ്ളൂസിംന്റെ അതിരൂപതാ ഉദ്ഘാടന വേളയിൽ അഭിവന്ദ്യ പിതാവ് മാർ ജോസഫ് പാംപ്ലാനി സർട്ടിഫിക്കറ്റ് നല്കി കേശദാനം നടത്തിയവരെ ആദരിച്ചു.

## നൈറ്റ് വിജിൽ

ചെമ്പേരി ഫൊറോനയുടെ നേതൃത്വത്തിൽ കനകക്കുന്ന് ദൈവാലയത്തിൽ വച്ച് നൈറ്റ് വിജിൽ നടത്തപ്പെട്ടു. രണ്ട് സോണുകളായി തിരിഞ്ഞ് നടത്തപ്പെടുന്ന നൈറ്റ് വിജിൽ പ്രാർത്ഥനയിൽ ധാരാളം യുവജനങ്ങൾ പങ്കെടുത്തു.

ചെമ്പന്തൊട്ടി ഫൊറോനയുടെ നേതൃത്വത്തിൽ ചെമ്പന്തൊട്ടി യൂണിറ്റിൽ വച്ച് നൈറ്റ് വിജിൽ സംഘടിപ്പിച്ചു. ഫൊറോന ഡയറക്ടർ ഫാ. റിനോയി ഇടത്തിനകത്ത്, ഫാ. റെജിൻ ഫൊറോന പ്രസിഡന്റ് ജിന്റു, ഫൊറോന ഭാരവാഹികൾ, യുവജനങ്ങൾ എന്നിവർ പങ്കെടുത്തു.

## AGAPE (Admiring the real valentines)

ചെറുപുഴ ഫൊറോനയുടെ നേതൃത്വത്തിൽ നാലും അതിലതികവും മക്കളുള്ള യുവദമ്പതികളെ ആദരിച്ചു. ഈ മീറ്റിംങ്ങിൽ വച്ച് പൗരോഹിത്യ ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിനെയും, കെസിവൈഎം സംസ്ഥാന സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ഷിജോ നിലക്കപ്പള്ളിയെയും കെസിവൈഎം ചെറുപുഴ ഫൊറോനയുടെ നേതൃത്വത്തിൽ ആദരിച്ചു.

സ്നേഹപൂർവ്വം,

**ഫാ. തോമസ് വാളിപ്ലാക്കൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## 1. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

896 എം.പി.സി ഓൺലൈൻ കോഴ്സ് ഫെബ്രുവരി 18 – 19 തീയ്യതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 215 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അഭിവന്ദ്യപിതാക്കന്മാർ അവർക്കായി സന്ദേശം നൽകി സംസാരിച്ചു. അവസാനദിവസം മാതാപിതാക്കൾക്കായുള്ള ക്ലാസും നടന്നു.

## 2. Online MPC Live Classes

**MPC 2022**

| | |
|---|---|
| March | 18 - 19 (Friday, Saturday) |
| April | 22 - 23 (Friday, Saturday) |
| May | 20 - 21 (Friday, Saturday) |

1. **Time Schedule :**
   **എം.പി.സി ഓൺലൈൻ ഒന്നാം ദിവസം : 08.00 am – 07.30 pm**
   **രണ്ടാം ദിവസം : 08.00 am – 06.00 pm**
2. ഓൺലൈൻ എം.പി.സി രജിസ്ട്രേഷൻ നടത്തുന്നതിനായി www.familytly.com എന്ന വെബ്സൈറ്റ് തുറന്ന് Date തിരഞ്ഞെടുത്ത് അപേക്ഷാഫോം പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുക.
3. വികാരിയച്ചന്മാരുടെ കത്ത്, രജിസ്ട്രേഷൻ ഫീസ് റസിപ്റ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ, എന്നിവ അപേക്ഷാഫോമിനോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.
4. രജിസ്ട്രേഷൻ ഫീസ് Rs/600 അടക്കാനുള്ള Bank Details
   A/c No : 0078053000073775,
   Name : Director, Family Apostolate,
   IFSC Code : SIBL0000078,
   South Indian Bank, Thalassery Branch
5. ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയവർ കാൻസലേഷൻ നടത്തുവാനോ, കോഴ്സ് ഡേറ്റിൽ മാറ്റം വരുത്തുവാനോ ആഗ്രഹിക്കുവെങ്കിൽ കോഴ്സ് ആരംഭിക്കുന്നതിനു മൂന്ന് ദിവസം മുമ്പെങ്കിലും ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. Ph: 0490 2966974, 9400206974

6. സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി അയച്ചുകൊടുക്കുന്നതാണ്. ആവശ്യമുള്ളവർക്ക് ഓഫീസിൽ നേരിട്ട് വന്ന് സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്.

7. ഇടവകാ ഗ്രൂപ്പുകളിൽ ഓൺലൈൻ എം.പി.സി രജിസ്ട്രേഷന്റെ വെബ്സൈറ്റും ഡേറ്റുകളും പ്രസിദ്ധീകരിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

8. **ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിന് രണ്ട് ദിവസം മുമ്പ് രജിസ്ട്രേഷൻ ക്ലോസ് ആകുന്നതാണ്.**

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ :– www.anugrahamarry.com

സീറോമലബാർ സഭയുടെ എല്ലാ രൂപതകളുടെയും മാര്യേജ് ബ്യൂറോകളുടെ ലിങ്ക് ലഭിക്കുന്നു. പണമടച്ച് രജിസ്റ്റർ ചെയ്യുന്നവരുടെ പേരും, ഫോട്ടോയും ദീപിക പത്രത്തിൽ സൗജന്യമായി പരസ്യം നൽകുന്നു.

**Packages :**

**Free - 15 Days**

**Till You Marry - 9999 (1 Year)**
View Contacts : 750
Profile Details View : 750
Express Interest : 750
Digital Magazine Subscription

**Diamond Package - 4999 (1 Year)**
View Contacts : 650
Profile Details View : 650
Express Interest : 650
Digital Magazine Subscription

**Golden Package - 3999 (1 Year)**
View Contacts : 550
Profile Details View : 550
Express Interest : 550
Digital Magazine Subscription

**Silver Package - 2999 (6 monts)**
View Contacts : 350
Profile Details View : 350
Express Interest : 350
Digital Magazine Subscription

## III. മാതൃവേദി

1. **തൂവാനീസ നിയോഗം –** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് വിവാഹതടസ്സമുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കാം.

2. **യൂണിറ്റ്തല പ്രവർത്തനം** – ഈ മാസത്തെ യൂണിറ്റുതല പ്രവർത്തനം – അഗതിമന്ദിരങ്ങൾ സന്ദർശിക്കുക.

**3. മാതൃവേദി പ്രവർത്തന പദ്ധതി – മാർച്ച് 2022**

മാർച്ച് 3 – ജ്വാല – വായാട്ടുപറമ്പ്, ആലക്കോട്
5 – ജ്വാല – ചെറുപുഴ, മേരിഗിരി
9 – ജ്വാല – എടൂർ, പേരാവൂർ
10 – ജ്വാല – നെല്ലിക്കാംപൊയിൽ, കുന്നോത്ത്

15 – ജ്വാല – പനത്തടി

16 – ജ്വാല – വെള്ളരിക്കുണ്ട്, തോമാപുരം

18 – 19 – എം.പി.സി

19 – വി.യൗസേപ്പിതാവിന്റെ തിരുനാൾ

24 – ജ്വാല – ചെമ്പേരി, ചന്ദനക്കാംപാറ

25 – മംഗളവാർത്താതിരുനാൾ

26 – ജ്വാല – ചെമ്പന്തൊട്ടി, തളിപ്പറമ്പ്

## 4. അറിയിപ്പുകൾ

**ജ്വാല 2022 :**

- മേഖലാതല ജ്വാല സംഗമത്തിൽ ഓരോ യൂണിറ്റിൽ നിന്നും ഭാരവാഹികൾക്കു പുറമേ സജീവ പ്രവർത്തകരായ മാതൃവദി അംഗങ്ങളെയും പങ്കെടുപ്പിക്കുക. മേഖല ഡയറക്ടർ, ആനിമേറ്റർ, ഭാരവാഹികൾ എന്നിവർ ഉണ്ടായിരിക്കണം.
- ഓരോ മേഖലയും പരിപാടിയുടെ സ്ഥലം, തീയ്യതി, പ്രോഗ്രാം ലിസ്റ്റ് എന്നിവ രണ്ടാഴ്ചയ്ക്കു മുമ്പ് ഓഫീസിൽ എത്തിക്കുക.
- മേഖലാതല റിപ്പോർട്ട് മീറ്റിംഗിൽ അവതരിപ്പിക്കുക.
- യൂണിറ്റുകളുടെ അംഗത്വ രജിസ്റ്റർ, മിനിട്ട്സ് ബുക്ക് എന്നിവ പരിശോധനയ്ക്കായി കൊണ്ടുവരേണ്ടതാണ്.
- ജ്വാലയിൽ പങ്കെടുക്കുന്നവർ മാതൃവേദി യൂണിഫോം ധരിക്കേണ്ടതാണ്.
- കാപ്പി, ഉച്ചഭക്ഷണം എന്നിവ നൽകേണ്ട കാര്യങ്ങൾ മേഖലാതലത്തിൽ ആലോചിച്ച് ക്രമീകരിക്കുക.
- LCD Projector നുള്ള Screen സജ്ജീകരിക്കുക.
- യൂണിറ്റ് വിഹിതം, ഭവന പദ്ധതി സംഭാവന, കലണ്ടർ തുക എന്നിവ തീർത്തു കൊടുക്കുക.

**പ്രോഗ്രാം – രാവിലെ**

09.30 – ജപമാല

09.50 – പതാക ഉയർത്തൽ

10.00 – മീറ്റിംഗ്

10.45 – ക്ലാസ്

12.15 – സമാപനം, കാപ്പി/ഉച്ചഭക്ഷണം

**ഉച്ചകഴിഞ്ഞ്**

02.00 – പതാക ഉയർത്തൽ

## ജ്വാല പ്രോഗ്രാം - മാർച്ച്

| തീയ്യതി | മേഖല | സ്ഥലം | സമയം |
|---|---|---|---|
| 03.03.2022 | വായാട്ടുപറമ്പ് | തടിക്കടവ് | 10.00 am |
| | ആലക്കോട് | ഉദയഗിരി | 02.00 pm |
| 05.03.2022 | ചെറുപുഴ | തിരുമേനി | 10.00 am |
| | മേരിഗിരി | വിമലശ്ശേരി | 02.00 pm |
| 09.03.2022 | എടൂർ | എടൂർ | 10.00 am |
| | പേരാവൂർ | പേരാവൂർ | 02.00 pm |
| 10.03.2022 | നെല്ലിക്കാംപൊയിൽ | മണിക്കടവ് | 10.00 am |
| | കുന്നോത്ത് | അങ്ങാടിക്കടവ് | 02.00 pm |
| 15.03.2022 | പനത്തടി | പനത്തടി | 10.00 am |
| 16.03.2022 | വെള്ളരിക്കുണ്ട് | അടുക്കളക്കണ്ടം | 10.00 am |
| | തോമാപുരം | കമ്പല്ലൂർ | 02.00 pm |
| 24.03.2022 | ചെമ്പേരി | ചെമ്പേരി | 10.00 am |
| | പൈസക്കരി | ചന്ദനക്കാംപാറ | 02.00 pm |
| 26.03.2022 | ചെമ്പന്തൊട്ടി | ചെമ്പന്തൊട്ടി | 10.00 am |
| | തളിപ്പറമ്പ് | തളിപ്പറമ്പ് | 02.00 pm |

### 5. ജ്വാല - കാഞ്ഞങ്ങാട്

കാഞ്ഞങ്ങാട് മേഖലയുടെ ജ്വാല പ്രോഗ്രാം 22.02.2022 ചൊവ്വാഴ്ച രാവിലെ 10 മണിക്ക് നടന്നു. മാതൃവേദി കാഞ്ഞങ്ങാട് മേഖലാ ഡയറക്ടർ ഫാ. ജോസഫ് കൊളുത്താപ്പള്ളി സ്വാഗതമാശംസിച്ച് ചടങ്ങിൽ മേഖലാ പ്രസിഡണ്ട് ശ്രീമതി ലിസമ്മ പടിഞ്ഞാറയിൽ അദ്ധ്യക്ഷത വഹിച്ചു. മോൺ. ജോസഫ് ഒറ്റപ്ലാക്കൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു. ശേഷം കാഞ്ഞങ്ങാട് ഫൊറോന വികാരി റവ.ഫാ.മാത്യു ഇളംതുരുത്തിപടവിൽ മുഖ്യപ്രാഷ ണവും ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയ പ്പാറ അനുഗ്രഹപ്രാഷണവും നടത്തി. മേഖലാ സെക്രട്ടറി ശ്രീമതി മോളി സാബു റിപ്പോർട്ടും, മേഖലാ ട്രഷറർ ശ്രീമതി മോളി കുസുമാലയം കണക്കും അവതരിപ്പിച്ചു. ശേഷം ഫാമിലി അപ്പൊസ്റ്റൊലേറ്റ് ആനിമേറ്റർ സി.പൗളിൻ സി.എച്ച്.എഫ്, കാഞ്ഞങ്ങാട് മേഖലാ ആനിമേറ്റർ സി. ഫിൽസി എസ്.എ.ബി.എസ്, ഫാമിലി അപ്പൊസ്റ്റൊലേറ്റ് റീജന്റ് ബ്രദർ. ആൽബർട്ട് മാപ്പിളപ്പറമ്പിൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. മാതൃവേദി രൂപതാ വൈസ്. പ്രസിഡണ്ട് ശ്രീമതി സിസമ്മ പഴയപറമ്പിൽ ഏവർക്കും നന്ദിയർപ്പിച്ച് സംസാരിച്ചു. അതിനു ശേഷം ഹൃദയതാളം - മാതൃത്വം ഹൃദ്യ മാക്കാൻ എന്നതിനെക്കുറിച്ച് ശ്രീ.ജോബി ജോൺ മൂലയിൽ അമ്മമാർക്കായി ക്ലാസ് നയിച്ചു. ശേഷം ചർച്ചയും പ്ലാനിങ്ങ് സെക്ഷനും നടന്നു, മാതൃവേദി

ആന്തം ആലപിച്ച് മീറ്റിംഗിന് സമാപനമായി. ജ്വാല പ്രോഗ്രാം നടത്തുവാൻ വേണ്ടി സഹകരിച്ച എല്ലാവർക്കും ഹൃദ്യമായ നന്ദിയപ്പിക്കുന്നു.

**6. നന്ദിയോടെ**

മാതൃവേദി പേരാവൂർ മേഖലാ ആനിമേറ്ററായി സ്തുത്യർഹമായി സേവനമനുഷ്ഠിച്ചതിനു ശേഷം സ്ഥലം മാറിപ്പോകുന്ന സി.ജിസ്മി എഫ്.സി.സിക്ക് ഹൃദയപൂർവ്വകമായ നന്ദിയും യാത്രാമംഗളങ്ങളും നേരുന്നു

**7. സ്വാഗതം**

പേരാവൂർ മേഖലാ മാതൃവേദി ആനിമേറ്ററായി പുതുതായി ചാർജ്ജെടുത്തിരിക്കുന്ന സി. റോസ് ടോം എസ്. എച്ച് ന് ഹൃദ്യമായ സ്വാഗതമാശംസിക്കുന്നു.

**8. അമ്മവീട് - ഭവനപദ്ധതി**

മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവിന്റെ ജൂബിലിയോടനുബന്ധിച്ച് തുടക്കം കുറിച്ച ഭവനപദ്ധതിയുടെ രണ്ടാം ഘട്ടമായി കിട്ടിയ തുകയുടെ ഡീറ്റെയിൽസ്

| | | | |
|---|---|---|---|
| കല്ലുമുതിരക്കുന്ന് | - 1000 | തലശ്ശേരി | - 1500 |
| മേലേച്ചൊവ്വ | - 10000 | വിളക്കന്നൂർ | - 5000 |
| തളിപ്പറമ്പ് | - 3500 | പുറവയൽ | - 3000 |
| കണ്ണൂർ | - 5000 | | |

**കാഞ്ഞങ്ങാട് മേഖല**

| | | | |
|---|---|---|---|
| നെല്ലിയടുക്കം | - 2500 | ബദിയടുക്ക | - 1000 |
| പൊയിനാച്ചി | - 2000 | കാസർഗോഡ് | - 9000 |
| ചായ്യോത്ത് | - 1000 | കോടോം | - 1000 |
| കാഞ്ഞിരടുക്കം | - 1200 | ഉദയപുരം | - 3000 |
| നീലേശ്വരം | - 2000 | പടന്നക്കാട് | - 2000 |
| കാഞ്ഞങ്ങാട് | - 1000 | പെരിയ | - 2500 |
| ചീമേനി | - 3500 | കാലിച്ചാനടുക്കം | - 300 |
| കാഞ്ഞങ്ങാട് മേഖല | - 10000 | | |

**ചെറുപുഴ മേഖല**

| | | | |
|---|---|---|---|
| ചെറുപുഴ | - 3000 | മുളപ്ര | - 2500 |
| കോഴിച്ചാൽ | - 1250 | പുളിങ്ങോം | - 1150 |
| ജോസ്ഗിരി | - 1100 | രാജഗിരി | - 1000 |
| കോലുവള്ളി | - 1000 | തിരുമേനി | - 1000 |

**9. ബിബ്ലിയ ഫമീലിയ**

ഒരു വർഷമായി നടത്തുന്ന ബൈബിൾ പഠന പരമ്പരയുടെയും ഫാമിലി ബൈബിൾ ക്വിസ്സിന്റെയും സമാപനമായി മെഗാ ക്വിസ്സ് ഇവന്റ് തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തി. ഫെബ്രുവരി 24 ന് രാവിലെ 10.30 ന് തെര

ഞ്ഞെടുക്കപ്പെട്ട ആറ് ടീമുകളെ പങ്കെടുപ്പിച്ച്കൊണ്ട് റവ. ഡോ. ടോം ഓലിക്കരോട്ട് നയിച്ച ക്വിസ്സ് മത്സരത്തിൽ വിജയികളായവർക്ക് തുടർന്നു നടന്ന മീറ്റിംഗിൽ വച്ച് മാർ ജോസഫ് പാംപ്ലാനി പിതാവ് ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു. റവ.ഡോ.ഫിലിപ്പ് കവിയിൽ സ്വാഗതം ആശംസിച്ച മീറ്റിംഗിൽ മാർ ജോസഫ് പാംപ്ലാനി പിതാവ് അദ്ധ്യക്ഷത വഹിച്ചു. റവ.ഫാ.മാത്യു ആശാരിപ്പറമ്പിൽ ആശംസകളർപ്പിച്ചു. മാതൃവേദി പ്രസിഡണ്ട് ശ്രീമതി തങ്കമ്മ കൊച്ചുവേലിക്കകത്ത് മാതൃവേദിയുടെ ആദരവ് പ്രകാശിപ്പിച്ചു. അഭിവന്ദ്യ പിതാവിനെയും ടോം ഓലിക്കരോട്ട് അച്ചനെയും ഷോളണിയിച്ചു. സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ആലക്കോട് ഇടവക വികാരി, ആനിമേറ്റർ, പ്രസിഡണ്ട് എന്നിവർക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകി. ഗൂഗിൾ പരീക്ഷയിൽ എല്ലാത്തിനും ഫുൾമാർക്ക് വാങ്ങിയ ശ്രീമതി സിസമ്മ പഴേപറമ്പിലിന് പ്രോത്സാഹന സമ്മാനം നൽകി. സിസമ്മ തന്റെ അനുഭവങ്ങൾ പങ്കുവച്ചു. റവ.ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ ഏവർക്കും നന്ദിയർപ്പിച്ചു. പങ്കെടുത്ത എല്ലാവരെയും ക്വിസ്സ് പ്രോഗ്രാം ആദ്യന്തം നടത്താൻ സഹകരിച്ചവരെയും കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

**സമ്മാനർഹരായവർ :**

ഒന്നാം സ്ഥാനം : രാജു മാത്യു, റോസ്‌ലി രാജു വരിക്കപ്ലാംതടത്തിൽ - തിരൂർ

രണ്ടാം സ്ഥാനം : പോൾസൺ തോമസ്, ലിസ്ബി ജോസ് മണിമലത്തറപ്പേൽ - മണിക്കടവ്

മൂന്നാം സ്ഥാനം : ബെന്നി, ലിസ്സി ആഞ്ഞിലിത്തോപ്പിൽ - മണിപ്പാറ

നാലാം സ്ഥാനം : ഷാജു, ബിജി വലിയമനക്കൽ - പൊന്മല

അഞ്ചാം സ്ഥാനം : ജോസ് എൻ.എം, ത്രേസ്യാമ്മ ജോസ് നരിമറ്റത്തിൽ - മണിക്കടവ്

ആറാം സ്ഥാനം : തോമസ്, ഫിലോമിന പൊടിമറ്റത്തിൽ - ആനപന്തി

## IV. അമല പ്രോലൈഫ്

• അതിരൂപതാ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറയുടെയും, ആനിമേറ്റർ സി.ജെസ്റ്റീന ഷാജൻ എം. എസ്.എം.ഐ യുടെയും നേതൃത്വത്തിൽ എല്ലാ ആഴ്ചകളിലും എക്സിക്യൂട്ടീവ് ഓൺലൈനായി ചേരുന്നു.

• കുഞ്ഞേ നിനക്കായ് എന്ന പ്രാർത്ഥനാ ശുശ്രൂഷയിൽ ചേർന്ന് ഒരു വർഷമായി ഗർഭസ്ഥ ശിശുക്കളെ ആത്മീയമായി ദത്തെടുത്ത് പ്രാർത്ഥിക്കുന്ന അമ്മമാർക്ക് പ്രത്യേകം നന്ദി പറയുന്നു. ഇപ്രകാരമുള്ള പ്രാർത്ഥന മാർച്ച് 9 ന് പൂർത്തിയാക്കുന്നു. തുടർന്നും ഈ പ്രാർത്ഥനാ ശുശ്രൂഷയിൽ പങ്കുചേരാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി മാർച്ച് 9 ന് രാത്രി 8.15 ന് നടക്കുന്ന ഓൺലൈൻ പ്രോലൈഫ് മീറ്റിംഗിൽ വച്ച് പ്രത്യേക സമർപ്പണ പ്രാർത്ഥന ഉണ്ടായിരിക്കും.

• ബഹു.സിസ്റ്റേഴ്സിനുവേണ്ടി നടത്തപ്പെടുന്ന പ്രോലൈഫ് വെബിനാർ മാർച്ച് 25 ന് പ്രോലൈഫ് ദിനത്തിൽ നടത്തപ്പെടുന്നതാണ്. സമയം : 06.00 pm - 07.30 pm

## 1. ജീവോപഹാരം

തലശ്ശേരി അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെയും അമല പ്രോലൈഫിന്റെയും നേതൃത്വത്തിൽ രൂപതയിൽ നാലാമതു മുതലുള്ള കുഞ്ഞുങ്ങൾ ജനിക്കുമ്പോൾ കുടുംബത്തിന് അമല പ്രോലൈഫ് നൽകുന്ന സ്നേഹ സമ്മാനമാണ് ജീവോപഹാരം. വലിയ കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 2022 ജനുവരി മുതൽ ആരംഭിച്ചിട്ടുള്ള ഈ പദ്ധതി പ്രകാരം കുഞ്ഞിന്റെ ജനനത്തിന് ശേഷം ഒരു മാസത്തിനകം പ്രോലൈഫ് അംഗങ്ങൾ 3000 രൂപ വിലവരുന്ന ഒരു സ്നേഹ സമ്മാനം ഭവനങ്ങളിൽ എത്തിച്ചു നൽകുന്നു. 2022 തുടങ്ങി ജനിക്കുന്ന നാലാമത് മുതലുള്ള കുട്ടികളുടെ വിവരങ്ങൾ വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ അറിയിക്കുക.
അയക്കേണ്ട വാട്ട്സ് ആപ്പ് നമ്പർ : **9400206974**

**ജീവോപഹാരത്തിന് അയക്കേണ്ട ഡീറ്റെയിൽസ്**

വീട്ടുപേര് :
ഇടവക :
മാതാപിതാക്കളുടെ പേര് :
ജനനത്തീയതി :
Date of Birth :
എത്രാമത്തെ കുട്ടി :

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## യാത്രയയപ്പ് സമ്മേളനം

2021 –22 അധ്യയന വർഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ അധ്യാപക-അനധ്യാപകർക്ക് നൽകുന്ന യാത്രയയപ്പ് സമ്മേളനം മാർച്ച് 5-ാം തീയതി ശനിയാഴ്ച രാവിലെ 9 മണിക്ക് ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ സംഘടിപ്പിക്കുന്നു. അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തെ തുടർന്ന് പ്രധാനാധ്യാപക കോൺഫറൻസും ഉണ്ടായിരിക്കും. അധ്യാപകർക്കുള്ള പുരസ്കാരങ്ങളും ഈ സമ്മേളനത്തിൽ നൽകുന്നതായിരിക്കും. വിരമിക്കുന്ന അധ്യാപക - അനധ്യാപകർ സമ്മേളനത്തിൽ പങ്കെടുക്കുന്ന കാര്യം പ്രധാനാധ്യാപകർ ഓർമ്മിപ്പിക്കണം അവരെ പ്രത്യേകമായി ക്ഷണിക്കണം.

## സദ്ഗമയ പി ടി ചാക്കോ മെമ്മോറിയൽ പ്രസംഗമത്സരം 2021–2022

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കുവേണ്ടി പ്രഭാഷണ മത്സരം സംഘടിപ്പിക്കുന്നു. എൽ.പി, യുപി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി എന്നീ നാലു വിഭാഗങ്ങളായാണ് മത്സരം സംഘടിപ്പിക്കുന്നത്. സ്കൂൾതല മത്സരം നടത്തി തിരഞ്ഞെടുക്കപ്പെട്ടവർ തങ്ങൾക്ക് ഇഷ്ടമുള്ള സെന്ററിൽ പേര് രജിസ്റ്റർ ചെയ്ത് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. ഒരു സ്കൂളിൽ നിന്ന് എൽ.പി, യു.പി, എച്ച്.എസ്, എച്ച്.എസ്.എസ് വിഭാഗങ്ങളിലായി രണ്ട് വിദ്യാർത്ഥികൾക്ക് വീതം മത്സരിക്കാം. രാവിലെ 9.30 ന് മത്സരാർത്ഥികൾ സെന്ററിൽ പ്രധാനാധ്യാപകന്റെ സാക്ഷ്യപത്രത്തോടൊപ്പം രജിസ്ട്രേഷൻ നടത്തണം.

ഒരു വിദ്യാർത്ഥിക്ക് പ്രസംഗ സമയം 5 മിനുറ്റായിരിക്കും അനുവദിക്കുന്നത്. 4 മിനിറ്റാകുമ്പോൾ വാണിംഗ്ബെൽ ഉണ്ടാകും. സ്കൂൾ തലത്തിൽ പ്രസംഗമത്സരം നടത്തി വിദ്യാർത്ഥികളെ തിരഞ്ഞെടുക്കണം. വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാനും എല്ലാ സ്കൂളുകളിൽ നിന്നും പങ്കാളിത്തം ഉറപ്പുവരുത്താനും അധ്യാപകർ ശ്രദ്ധിക്കണം. 2022 മാർച്ച് 12-ാം തീയതി ശനിയാഴ്ചയാണ് പ്രസംഗമത്സരം നടത്തുന്നത്.

## സെന്ററുകൾ

ഹയർസെക്കണ്ടറി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി ചെമ്പേരി നിർമ്മല ഹയർ സെക്കണ്ടറി സ്കൂൾ. എൽ.പി, യുപി, ഹൈസ്കൂൾ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി തോമാപുരം ഹൈസ്കൂൾ, വായാട്ടുപറമ്പ

ഹൈസ്കൂൾ, എടൂർ ഹൈസ്കൂൾ എന്നീ സെൻ്ററുകളിലാണ് മത്സരം നടത്തുന്നത്. സ്കൂളിനടുത്തുള്ള സെൻ്റർ മത്സരത്തിനായി തിരഞ്ഞെടുക്കാവുന്നതാണ്.

## സന്മാർഗശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷ വിജയികൾ

### ക്ലാസ് - I

ഒന്നാം സ്ഥാനം - എസ്തർ എലിസബത്ത് സെബാൻ (രണ്ടാംകടവ് എൽ.പി)
- ശിവരഞ്ജിനി വി.എസ് (മഞ്ഞളാംപുറം യുപി)
- നവമി സന്തോഷ് (തൊണ്ടിയിൽ യുപി)

രണ്ടാം സ്ഥാനം - എയ്ഡൻ ജോസ് ലാലു (കോഴിച്ചാൽ എൽ.പി)
- ആൻഡ്രീസ നോബിൾ (കച്ചേരിക്കടവ് യുപി)
- തേജസ്വിനി എ.കെ (തൊണ്ടിയിൽ യുപി)

മൂന്നാം സ്ഥാനം - ഫെലിക്സ് മാത്യു (ചന്ദനക്കാംപാറ എൽ.പി)
- സാൻറിയ മറിയം ഷിജു (തോമാപുരം എൽ.പി)
- ആഷേർ ജോബി (പുലിക്കുരുമ്പ യു.പി)
- ഇവാനിയ തെരേസ ബിനു (വയത്തൂർ യു.പി)
- മുഹമ്മദ് ഹാദിൻ സി (വീർപാട് യു.പി)
- കാതറിൻ വർഗ്ഗീസ് (വീർപാട് യുപി)
- ഐശ്വര്യ കെ.ബി (തൊണ്ടിയിൽ യു.പി)

### ക്ലാസ് - II

ഒന്നാം സ്ഥാനം - എസ്തേർ അന്ന നിക്സൺ (ഭീമനടി എൽ.പി)
- നിഹ മെറിൻ സോണി (പാലാവയൽ എൽ.പി)
- പല്ലവി വിപിൻ (തൊണ്ടിയിൽ യു.പി)

രണ്ടാം സ്ഥാനം - ആൻമിയ സെബാസ്റ്റ്യൻ (മേരിപുരം എൽ.പി)
- ദേവശ്രീ ഹരിഹരൻ (തോമാപുരം എൽ.പി
- കരോളിൻ മരിയ ഷോണി (തോമാപുരം എൽ.പി)
- നിവേദ്യ എം (വെള്ളരിക്കുണ്ട് എൽ.പി)
- ആരാധ്യ കെ.വി (വെള്ളരിക്കുണ്ട് എൽ.പി)
- ഡിവോൺ തോമസ് ജോബി (കാപ്പാട് യു.പി)
- ഇസബെൽ വിനോദ് (പൈസക്കരി യുപി)
- ധ്യാൻദേവ് വിനോദ് (വയത്തൂർ യുപി)

മൂന്നാം സ്ഥാനം - എയ്ഞ്ചലിൻ മരിയ അനീഷ് (തൊണ്ടിയിൽ യുപി)

### ക്ലാസ് - III

ഒന്നാം സ്ഥാനം - സൈസ മരിയ മനീഷ് (പുലിക്കുരുമ്പ യു.പി)

രണ്ടാം സ്ഥാനം - അഖിൽ ജോജോ (വെള്ളരിക്കുണ്ട് എൽ.പി)

മൂന്നാം സ്ഥാനം - ആൻമരിയ കെ ജെ (വയത്തൂർ യു.പി)

**ക്ലാസ് - IV**

ഒന്നാം സ്ഥാനം - നെൽന അൽഫോൻസ ഡൊമിനിക് (തൊണ്ടിയിൽയുപി)
രണ്ടാം സ്ഥാനം - അദ്വൈത് പി.എസ് (വയത്തൂർ യു.പി)
മൂന്നാം സ്ഥാനം - ആൻഫിലോ ഷാജു (മണിക്കടവ് യു.പി)

**ക്ലാസ് - V**

ഒന്നാം സ്ഥാനം - റിയ ഷൈജു (കരൂള്ളടുക്കം യു.പി)
രണ്ടാം സ്ഥാനം - ആഞ്ചല മരിയ അഭിലാഷ് (കച്ചേരിക്കടവ് യു.പി)
മൂന്നാം സ്ഥാനം - ആഷ്‌ലിൻ മരിയ (പുലിക്കുരുമ്പ യു.പി)

**ക്ലാസ് - VI**

ഒന്നാം സ്ഥാനം - അന്ന മേരി (മഞ്ഞളാംപുറം യു.പി)
രണ്ടാം സ്ഥാനം - ജോസ് ജോം (കരൂള്ളടുക്കം യു.പി)
മൂന്നാം സ്ഥാനം - കാശ്മീര സിജു (എടൂർ എച്ച്.എസ്)

**ക്ലാസ് - VII**

ഒന്നാം സ്ഥാനം - ജോവാന ജോസഫ് (കാരൂള്ളടുക്കം യു.പി)
രണ്ടാം സ്ഥാനം - രഞ്ജിനി രവി (കാരുള്ളടുക്കം യു പി)
മൂന്നാം സ്ഥാനം - മരിയ ടോം (എടൂർ എച്ച്.എസ്)

**ക്ലാസ് - VIII**

ഒന്നാം സ്ഥാനം - അഞ്ജൽ മരിയ കെ.എസ് (ചന്ദനക്കാംപാറ എച്ച്.എസ്)
രണ്ടാം സ്ഥാനം - നെൽഹ മരിയ (മണിക്കടവ് എച്ച്.എസ്)
മൂന്നാം സ്ഥാനം - ആൻ തെരേസ് (പേരാവൂർ എച്ച്.എസ്)

**ക്ലാസ് - IX**

ഒന്നാം സ്ഥാനം - ഫാത്തിമ കെ (ചെമ്പന്തൊട്ടി എച്ച്.എസ്)
രണ്ടാം സ്ഥാനം - അൽഫോൻസ മാർട്ടിൻ (കൊളക്കാട് എച്ച്.എസ്)
മൂന്നാം സ്ഥാനം - ദിയ ഫോർമീസ് (ചെമ്പേരി എച്ച്.എസ്)

**ക്ലാസ് - X**

ഒന്നാം സ്ഥാനം - അന്ന റോസ് സൈബാസ്റ്റ്യൻ (കുന്നോത്ത് എച്ച്.എസ്)
രണ്ടാം സ്ഥാനം - എയ്ഞ്ചലീന തെരേസ് ടോം (ചെമ്പേരി എച്ച്.എസ്)
മൂന്നാം സ്ഥാനം - വിസ്മയ തെരേസ ബെന്നി (പാലാവയൽ എച്ച്.എസ്)

**ക്ലാസ് - XI**

ഒന്നാം സ്ഥാനം - എൽസ ടോമി (പെരുമ്പടവ് എച്ച്.എസ്.എസ്)
രണ്ടാം സ്ഥാനം - ഗ്ലോറിയ ജോസഫ് (വെളിമാനം എച്ച്.എസ്.എസ്)
മൂന്നാം സ്ഥാനം - അർച്ചന ജെയിംസ് (എടൂർ എച്ച്.എസ്.എസ്)

**ക്ലാസ് - XII**

ഒന്നാം സ്ഥാനം - ജ്യോതിസ് ജീസൺ (ചെമ്പേരി എച്ച്.എസ്.എസ്)

രണ്ടാം സ്ഥാനം - അഭിനവ് ലാൽ (കുന്നോത്ത് എച്ച്.എസ്.എസ്)

മൂന്നാം സ്ഥാനം - അലൈന ട്രീസ (കൊളക്കാട് എച്ച്.എസ്.എസ്)

## ആദരാഞ്ജലികൾ

കുന്നോത്ത് സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിയായിരുന്ന ജെന്നിഫർ ജോർജ്ജ് ഫെബ്രുവരി 9 നും , പേരാവൂർ ഹൈസ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർത്ഥിയായിരുന്ന ഗോപിക ആർ ഫെബ്രുവരി 16 നും നിര്യാതയായി.

അകാലത്തിൽ പൊലിഞ്ഞുപോയ കുരുന്നുകൾക്കായി പ്രത്യേകം പ്രാർത്ഥിക്കുന്നു. ഇവരുടെ നിര്യാണത്തിൽ വേദനിക്കുന്ന സഹപാഠികൾക്കും അധ്യാപകർക്കും മാതാപിതാക്കൾക്കും അനുശോചനം അറിയിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ശാസ്താംപടവിൽ**
കോർപ്പറേറ്റ് മാനേജർ

# വിമൽജ്യോതി വാർത്തകൾ

22022-23 അദ്ധ്യയന വർഷത്തേക്കുള്ള എൻജിനീയറിംഗ്, എം.ബി.എ അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഈ വർഷം മുതൽ വിവിധ സ്കോളർഷിപ്പുകൾ നമ്മുടെ ഇടവകയിലെ വിദ്യാർത്ഥികൾക്കു വേണ്ടി ഏർപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം 120-ഓളം കുട്ടികൾക്ക് ബി.ടെക് കോഴ്സുകൾക്ക് ഗവൺമെന്റ് ഫീസായ 8500 രൂപ മാത്രം വാർഷിക ഫീസായി സ്വീകരിച്ച് വിവിധ ബ്രാഞ്ചുകളിൽ അഡ്മിഷൻ നൽകുന്നുണ്ട്. നിലവിൽ പ്ലസ്വൺ പരീക്ഷയിൽ 80% ത്തിലധികം മാർക്കുകൾ നേടിയ വിദ്യാർത്ഥികൾക്ക് വ്യത്യസ്ത സ്കോളർഷിപ്പുകൾ ലഭ്യമാകാൻ അർഹത യുണ്ട്. ആദ്യം അപേക്ഷിക്കുന്നവർക്കാണ് മുൻഗണന. ഇപ്പോൾത്തന്നെ കോളേജ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9846423448, 9400062919, 8281750777, 0460 2212240** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

Webiste : **www.vjec.ac.in** E-mail: **admission @ vjec. ac. in**

## Medical / Engineering & etc. Entrance Coaching

ഈ വർഷം നടക്കാനിരിക്കുന്ന വിവിധ എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായിട്ടുള്ള ക്രാഷ് കോച്ചിംഗ് ക്യാമ്പുകൾ ചെറിയ ചിലവിൽ കേരളത്തിലെ പ്രഗത്ഭരായ അദ്ധ്യാപകരെ ഉപയോഗപ്പെടുത്തി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജും സാൻജോസ് അക്കാഡമിയും സംയുക്തമായി ഏപ്രിൽ 1 മുതൽ സംഘടിപ്പിക്കുന്നു. പരമാവധി 500 കുട്ടികളെ മാത്രം ഉൾപ്പെടുത്തി നടത്തുന്ന ഓൺലൈൻ / ഓഫ്ലൈൻ ക്യാമ്പുകളിൽ പങ്കെടുക്കുവാൻ ഇപ്പോൾ പ്ലസ്ടുവിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

## പ്ലേസ്മെന്റ് വാർത്തകൾ

- പ്രമുഖ ഐ.ടി കമ്പനിയായ ASPIRE SYSTEMS നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ 5 അവസാന വർഷ വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. പ്രതിവർഷം മൂന്ന് ലക്ഷത്തി അറുപതിനായിരം രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- പ്രമുഖ EDU-TECH കമ്പനിയായ BYJUS LEARNING APP സംഘടിപ്പിച്ച ക്യാമ്പസ് റിക്രൂട്ട്മെന്റിൽ പങ്കെടുത്ത 3 വിദ്യാർത്ഥികൾക്ക് ACADEMIC SPECIALIST തസ്തികയിൽ ജോലി ലഭിച്ചു. പ്രതിവർഷം ആറു ലക്ഷം ശമ്പളമുള്ള ജോലിയാണിത്.
- ബഹുരാഷ്ട്ര ഐ.ടി കമ്പനിയായ CAPEGEMINI നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ പങ്കെടുത്ത 2 കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികൾ SOFTWARE DEVELOPER TRAINEE തസ്തികയിൽ തിരഞ്ഞെടുക്കപ്പെട്ടു. പ്രതിവർഷം 4 ലക്ഷം രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ : 8281750777, 8281730777
E-mail: sanjoseacademytly@gmail.com, sanjoactly@gmail.com

സാൻജോസ് അക്കാഡമിയിൽ വളരെയേറെ വിദ്യാർത്ഥികൾ വിവിധ പരിശീലനങ്ങളിലൂടെ കടന്നുപോവുന്ന ഒരു കാലഘട്ടമാണിത്. വിവിധ പരീക്ഷകൾ എഴുതിയവർ മികച്ച വിജയങ്ങൾ നേടിയെടുക്കുകയും സ്വദേശത്തും വിദേശത്തുമായി വിവിധ ജോലി മേഖലകളിലും പഠന മേഖലകളിലും എത്തിച്ചേരുകയും ചെയ്തു. തുടർന്നും നിങ്ങളുടെ വിലയേറിയ പ്രോത്സാഹനം പ്രതീക്ഷിക്കുന്നു. 2022 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

- HEXAWARE TECHNOLOGIES നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ പങ്കെടുത്ത ഒരു COMPUTER SCIENCE വിദ്യാർത്ഥിക്ക് ജോലി ലഭിച്ചു. പ്രതിവർഷം 4 ലക്ഷം രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- ZOHO, ROBOSOFT, FACE PREP എന്നീ പ്രമുഖ കമ്പനികൾ മാർച്ച് മാസം വിമൽ ജ്യോതിയിൽ നിന്നും കുട്ടികളെ റിക്രൂട്ട് ചെയ്യുന്നു.

## വിമൽ ജ്യോതി എം.ബി.എ കോളേജ്

- 9.02.2022 ന് ഹ്യൂമൻ റൈറ്റ്സ് എന്ന വിഷയത്തെ അധികരിച്ച് അഡ്വ. എം.എം.ഷജിത്ത് ക്ലാസ്സെടുത്തു.
- ബോംബെ സ്റ്റോക് എക്ചേഞ്ചിലെ പ്രമുഖ ഫിനാൻഷ്യൽ അനലിസ്റ്റ് ശ്രീ. വേണുഗോപാൽ റായിറത്തിന്റെ നേതൃത്വത്തിൽ കാപ്പിറ്റൽ മാർക്കറ്റ് എന്ന വിഷയത്തിൽ 07.02.2022 ന് വെബിനാർ സംഘടിപ്പിച്ചു.
- ഇന്ത്യയിലെ പ്രമുഖ ബാങ്കുകളിലൊന്നായ ESAF-ലേക്ക് എം.ബി.എ വിഭാഗത്തിലെ 14 കുട്ടികളെ എച്ച്.ആർ വിഭാഗം തിരഞ്ഞെടുത്തു.
- 2022 വർഷത്തെ എം.ബി.എ അഡ്മിഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് : 9400062919, 9400512240 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

Webiste : **www.vjim.ac.in** E-mail: **admission@vjim.ac.in**

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

**1. German Language Coaching**

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ജർമ്മൻ ഭാഷാ പരിശീലനം നടന്നുകൊണ്ടിരിക്കുന്നു. A1, A2, B1 കോഴ്സുകളുടെ പുതിയ ബാച്ച് മാർച്ച് 1 മുതൽ ആരംഭിക്കുന്നു. ഓരോ ബാച്ചിലും 20 കുട്ടികൾക്കാണ് അവസരം ഉണ്ടാവുക. ജർമ്മനി, ഓസ്ട്രിയ തുടങ്ങിയ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കുമായി പോകുന്നവർക്ക് ഈ കോഴ്സ് പ്രയോജനപ്രദമാണ്. ഓൺലൈനായി പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ സാൻജോസ് അക്കാദമി ഓഫീസുമായി ബന്ധപ്പെടുക.

**2. IELTS / OET**

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ IELTS / OET പരിശീലന പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു. കേരളത്തിലെ പ്രഗത്ഭ IELTS പരിശീലകരുടെ ഒരു ടീം അക്കാഡമിയോടൊപ്പമുണ്ട്. ഹോസ്റ്റൽ സൗകര്യങ്ങളോടെ പഠിക്കുവാനുള്ള സൗകര്യമാണ് വിമൽ ജ്യോതിയിലുള്ളത്. IELTS / OET പരീക്ഷകൾ പാസ്സാകുന്നവർക്ക് പഠനസംബന്ധമായ സഹായ സഹകരണങ്ങൾ അക്കാഡമി ചെയ്തുകൊടുക്കുന്നതാണ്. **ഓൺലൈനായി** പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. ഉപരിപഠനത്തിനായി പോകുന്നവർക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : 8281 750 777, 8281 730 777.

**3. UKVI**

ജനറൽ നഴ്സിംഗ് പാസ്സായിട്ടുള്ളവരും IELTS സ്കോർ 6 ൽ താഴെ ആവശ്യമായിട്ടുള്ളവരുമായ ആളുകൾക്ക് യു.കെ.യിൽ മെഡിക്കൽ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ ഏറെ ജോലി സാധ്യതകളുണ്ട്. ഈ കാലയളവിൽ ഏറെ വ്യക്തികൾ ഈ സാധ്യത പ്രയോജനപ്പെടുത്തി യു.കെ.യിൽ എത്തിച്ചേർന്നിട്ടുണ്ട്. ഇതിന്റെ പ്രത്യേക പരിശീലനം സാൻജോസ് അക്കാഡമിയിൽ ആരംഭിച്ചിട്ടുണ്ട്.

## 4. KCYM - MYSTEP : Online PSC Coaching

ഗവൺമെന്റ് മേഖലയിലെ വിവിധ ജോലികൾക്കുള്ള PSC / UPSC പരീക്ഷകൾക്കുവേണ്ടിയുള്ള പരിശീലനങ്ങൾ സാൻജോസ് അക്കാഡമിയിൽ KCYM തലശ്ശേരി അതിരൂപതാ ഓഫീസുമായി സഹകരിച്ച് ഓൺലൈനായി ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ പേര്

KCYM - MYSTEP എന്നാണ്. ഇതിനാവശ്യമായ മൊബൈൽ ആപ്ലിക്കേഷൻ ഡെവലപ്പ് ചെയ്ത് കഴിഞ്ഞിരിക്കുന്നു. 2500/- രൂപ ഫീസിൽ 2 വർഷം നീണ്ടുനിൽക്കുന്ന പരിശീലനമാണ് നൽകുന്നത്. കുറഞ്ഞ ചിലവിൽ നമ്മുടെ രൂപതയിലുള്ള യുവജനങ്ങൾക്ക് പരിശീലനം ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കെ.സി.വൈ.എം അതിരൂപതയുടെ നേതൃത്വത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് 1999/- രൂപ ഫീസ് അടച്ചാൽ മതിയാകും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 500 പേർക്കാണ് ഈ ആനുകൂല്യം ലഭ്യമാവുക. ഏതാനും സീറ്റുകൾ ഒഴിവുണ്ട്. വിശദാംശങ്ങൾക്ക് കെ.സി.വൈ.എം ഓഫീസിൽ ബന്ധപ്പെടുക. ഫോൺ: 9400062918, 8281517660.

**5. Medical / Engineering & etc. Entrance Coaching**

ഈ വർഷം നടക്കാനിരിക്കുന്ന വിവിധ എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായിട്ടുള്ള ക്രാഷ് കോച്ചിംഗ് ക്യാമ്പുകൾ ചെറിയ ചിലവിൽ കേരളത്തിലെ പ്രഗത്ഭരായ അദ്ധ്യാപകരെ ഉപയോഗപ്പെടുത്തി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജും സാൻജോസ് അക്കാഡമിയും സംയുക്തമായി ഏപ്രിൽ 1 മുതൽ സംഘടിപ്പിക്കുന്നു. പരമാവധി 500 കുട്ടികളെ മാത്രം ഉൾപ്പെടുത്തി നടത്തുന്ന ഓൺലൈൻ / ഓഫ്‌ലൈൻ ക്യാമ്പുകളിൽ പങ്കെടുക്കുവാൻ ഇപ്പോൾ പ്ലസ്ടുവിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് നേരത്തെതന്നെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**6. Communicative English & Grammar Class for Students**

ഇംഗ്ലീഷ് ഭാഷാനൈപുണ്യം ഉജ്ജ്വലിപ്പിക്കുവാനായി സ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ഓൺലൈൻ ഇംഗ്ലീഷ് പരിശീലനം ഏപ്രിൽ 15 മുതൽ പുതിയ ബാച്ച് ആരംഭിക്കുന്നു. 25 വിദ്യാർത്ഥികൾക്ക് അടുത്ത ബാച്ചിൽ പരിശീലനം നൽകാൻ സാധിക്കും. ആവശ്യമുള്ളവർ നേരത്തെ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ബഹു. സോണി വടശ്ശേരി അച്ചനാണ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നത്. കോഴ്സ് ഫീസ് 2500/- രൂപ. 2 മാസം നീണ്ടുനില്ക്കുന്ന പരിശീലനമാണ് നൽകുന്നത്.

സ്നേഹാശംസകളോടെ,

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# എ.കെ.സി.സി.

04.02.2022 ന് രൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും രൂപത ഗ്ലോബൽ സമിതി ഭാരവാഹികളുടെയും ഫൊറോനാ പ്രസിഡണ്ട്മാരുടെയും യോഗം അതിരൂപത പ്രസിഡന്റ് അഡ്വക്കറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ യോഗം ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ സമിതി വൈസ് പ്രസിഡണ്ട് ബേബി നെട്ടനാനി, സെക്രട്ടറി ചാക്കോച്ചൻ കാരാമയിൽ, അതിരൂപത ജനറൽ സെക്രട്ടറി ബെന്നി പുതിയാപുറം, സെക്രട്ടറി ഫിലിപ്പ് വെളിയത്ത് എന്നിവർ സംസാരിച്ചു.

കോവിഡിന്റെ മൂന്നാം തരംഗം എന്ന പേരും പറഞ്ഞു ഞായറാഴ്ച കളിലെ വിശുദ്ധ കുർബാന തടഞ്ഞ നടപടിക്കെതിരെ യോഗം പ്രമേയം പാസാക്കി. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി, ആരോഗ്യ മന്ത്രി, പ്രതിപക്ഷ നേതാവ് എന്നിവർക്ക് ഞായറാഴ്ച ആരാധന അനുവദിക്കാനുള്ള നിവേദനം സമർപ്പിച്ചു.

റബ്ബർ ആക്ടിലെ നിർദ്ദിഷ്ട ഭേദഗതികൾ കർഷകർക്ക് എതിരാണ് എന്നുള്ളതിനാൽ അതിനെതിരെ കേന്ദ്ര ഗവൺമെന്റിനും, വാണിജ്യ മന്ത്രാലയത്തിനും നിവേദനം സമർപ്പിക്കാൻ തീരുമാനിക്കുകയും നിവേദനം സമർപ്പിക്കുകയും ചെയ്തു.

എകെസിസി മെമ്പർഷിപ്പ് പ്രവർത്തനം വ്യാപകമാക്കുന്നതിനായി ഫൊറോനാ തലങ്ങളിലും, യൂണിറ്റ് തലങ്ങളിലും മെമ്പർഷിപ്പ് ക്യാമ്പയിൻ നടത്തുവാൻ തീരുമാനിച്ചു.

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
പ്രസിഡണ്ട്

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ

# നിർമലഗിരി വാർത്തകൾ

നിർമ്മലഗിരി കോളേജ് ഫെബ്രുവരി നാലാം തീയതി വേൾഡ് ക്യാൻസർ ദിനത്തോടനുബന്ധിച്ച് കൂത്തുപറമ്പ് ആയുഷ് ഗ്രാമം സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ ഡോക്ടർ ദീപ്തി 'കാൻസർ അറിയേണ്ട കാര്യങ്ങൾ' എന്ന വിഷയത്തെ കുറിച്ച് ക്ലാസ്സെടുത്തു. യോഗത്തിന് കോളേജ് പ്രിൻസിപ്പൽ ഡോ.ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ചു. ഡോ. ജയ്സൺ, ശ്രീമതി ദീപ്തി, ലിസ്ബത്ത് കെ എന്നിവർ ആശംസകൾ അറിയിച്ചു. വോളന്റിയേഴ്സായ അതുൽ കെ സണ്ണി സ്വാഗതവും ജുമാന സമീർ നന്ദിയും പറഞ്ഞു.

ഫെബ്രുവരി 4 ന് 2021–22 അധ്യയന വർഷത്തിലെ കോളേജ് യൂണിയൻ ഭാരവാഹികളുടെ സത്യപ്രതിജ്ഞാ ചടങ്ങ് സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വി. യൂണിയൻ ഭാരവാഹികൾക്ക് സത്യപ്രതിജ്ഞ ചൊല്ലി കൊടുത്തു.

ഫെബ്രുവരി 8 ഇൻറർനെറ്റ് സേഫ്റ്റി ദിനത്തോടനുബന്ധിച്ച് ചിറ്റാരിപ്പറമ്പ് കോളനിയിൽ ലാപ്ടോപ്പ് ലഭിച്ച വിദ്യാർത്ഥികൾക്ക് നിർമലഗിരിയിലെ എൻഎസ്എസ് വോളണ്ടിയേഴ്സ് കമ്പ്യൂട്ടർ ക്ലാസ് നല്കി. അന്നേദിവസം തന്നെ എൻഎസ്എസ് വോളണ്ടിയേഴ്സായ ഹരികൃഷ്ണൻ, മുഹമ്മദ് അദ്നാൻ, അതുല്യ എലിസബത്ത് എന്നിവർ നെറ്റ് അറിവ് ക്ലാസുകൾ എടുത്തു.

നിർമലഗിരി കോളേജ് പൂർവ വിദ്യാർത്ഥി സംഘടനയായ എവർഗ്രീനിന്റെ ആഭിമുഖ്യത്തിൽ 13–ാം തീയതി നിർമലഗിരി കോളേജ് റിട്ട. അധ്യാപികയായിരുന്ന ടെസി ടീച്ചറിന്റെയും കോളേജ് മുൻ അധ്യാപകനായിരുന്ന കുര്യാക്കോസ് എ.ജെ യുടെയും നിര്യാണത്തിൽ അനുശോചന യോഗം സംഘടിപ്പിച്ചു കോളേജ് പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ. കെ വി. ചടങ്ങിന് അധ്യക്ഷത വഹിച്ചു.

ഫെബ്രുവരി 20 ലോകസാമൂഹിക ദിനത്തോടനുബന്ധിച്ച് കൂത്തുപറമ്പ് നഗരത്തിലെ ഗവ. ആശുപത്രിയിലും അഗതിമന്ദിരമായ സ്നേഹഭവനിലും വഴിയോരത്തെ പാവങ്ങൾക്കും പൊതിച്ചോറ് വിതരണം നടത്തി. കോളേജ് വൈസ് പ്രിൻസിപ്പാൾ റവ.ഡോ. ജോബി ജേക്കബ്, എൻ എസ് എസ് സെക്രട്ടറി ഡോ. ജെയ്സൻ ജോസഫ്. വോളന്റിയേഴ്സായ ജുമാന സമീർ, അതുൽ കെ. സണ്ണി എന്നിവർ നേതൃത്വം നൽകി.

ഫെബ്രുവരി 20 ന് കോളേജ് ഇംഗ്ലീഷ് വിഭാഗം അധ്യക്ഷനായിരുന്ന റിട്ട. പ്രൊഫ. സി.വി. രാജശേഖരൻ സാറിന്റെ നിര്യാണത്തിൽ പൂർവവിദ്യാർത്ഥി സംഘടനയായ എവർഗ്രീൻ അനുശോചന യോഗം

സംഘടിപ്പിച്ചു. യോഗത്തിൽ നിർമലഗിരി കോളേജ് പൂർവവിദ്യാർത്ഥിയും കൂത്തുപറമ്പ് എം എൽ എയുമായ കെ.പി. മോഹനൻ നിർമലഗിരി കോളേജ് മുൻ പ്രിൻസിപ്പാൾ റവ. ഫാ. ജിയോ പുളിക്കൽ എന്നിവർ പങ്കെടുത്ത ചടങ്ങിൽ കോളേജ് പ്രിൻസിപ്പൾ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ചു.

ലോകമാതൃഭാഷാദിനമായ 20 ന് മലയാള വിഭാഗം ഇന്റർ ഡിപ്പാർട്ട്മെന്റ് തലത്തിൽ 'മാറുന്ന സംസ്കാരവും മലയാള ഭാഷയും' വിഷയത്തിൽ പ്രസംഗ മത്സരം നടത്തി. അന്നേ ദിവസം തന്നെ മലയാളവിഭാഗത്തിന്റെ കയ്യെഴുത്തു മാസികയായ 'തണലെഴും വഴികളിൽ' പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വി. മലയാള വിഭാഗം അധ്യക്ഷൻ റവ.ഡോ. മാർട്ടിൻ ജോസഫിന് നൽകി പ്രകാശനം നിർവഹിച്ചു. പ്രസംഗ മത്സര വിജയികൾക്ക് പ്രിൻസിപ്പാൾ ക്യാഷ് അവാർഡും നൽകി.

സുവോളജി വിഭാഗം 'ബയോ സ്റ്റാറ്റിറ്റിക്സ്' എന്ന വിഷയിൽ 21, 22, 23 തീയതികളിലായി സെമിനാർ സംഘടിപ്പിച്ചു. പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വി. ഉദ്ഘാടനം നിർവഹിച്ചു. നിർമലഗിരി കോളേജ് സ്റ്റാറ്റിറ്റിക്സ് വിഭാഗം. അസോ. പ്രൊഫ.ഡോ. റെജീഷ് സി. ജോൺ മുഖ്യ പ്രഭാഷണം നടത്തി. സുവോളജി വിഭാഗം അധ്യക്ഷ ഡോ.ജിംലി സി. ജേക്കബ് സ്വാഗതവും അസി. പ്രൊഫ. വിനീഷ് സെബാസ്റ്റ്യൻ നന്ദിയും പറഞ്ഞു. നിർമലഗിരി കോളേജ് യൂണിവേഴ്സിറ്റി സോഫ്റ്റ് ബോൾ മത്സരത്തിൽ വനിതാ വിഭാഗം ചാമ്പ്യന്മാരായി.

നിർമലഗിരി കോളേജിൽ നൊസ്റ്റാൾജിയ നിറഞ്ഞു നിന്ന മാസമായി ഡിസംബർ. നിരവധി പ്രവർത്തനങ്ങൾ നടന്ന ഡിസംബറിൽ ഗൃഹാതുരത്വത്തിന്റെ നിമിഷങ്ങൾ സമ്മാനിച്ച 1983 -85 പ്രിഡിഗ്രി ബാച്ചിന്റെ പൂർവ്വ വിദ്യാർത്ഥി സംഗമം 'നൊസ്റ്റാൾജിയ' എടുത്തു പറയത്തക്കതുതന്നെ. ഡിസംബർ ഒന്നിന് എൻ എൻ എസ് എസിൻറെ നേതൃത്വത്തിൽ ബോധവത്കരണ റാലി സംഘടിപ്പിച്ചു. പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ. വി ഫ്ളാഗ് ഓഫ് ചെയ്തു. സീനിയർ അധ്യാപിക ഡോ. ടെസി ജോർജ്ജ്, പ്രോഗ്രാം ഓഫീസർമാരായ ഡോ. ദീപമോൾ മാത്യു, ഡോ. ജയ്സൺ ജോസഫ്, വോളൻറിയർ സെക്രട്ടറി സ്വാതി ബാലകൃഷ്ണൻ, അമീർ എന്നിവർ നേതൃത്വം നൽകി .

ഡിസംബർ മൂന്നിന് എൻ.സി.സി (31) കേരള (ഗേൾസ്) ബറ്റാലിയൻ, (9) ബോയ്സ് ബറ്റാലിയനും കണ്ണൂർ ബ്ലഡ് ബാങ്കുമായി സഹകരിച്ച് ബ്ലഡ് ഡൊണേഷൻ ക്യാമ്പ് സംഘടിപ്പിച്ചു. പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ. വി ഉദ്ഘാടനം ചെയ്തു. ലെഫ്. ഡോ.സുജാ മറിയാമ ജോഷ്വ അസിസ്റ്റൻറ് പ്രഫ. പ്രഫുൽ വർക്കിച്ചൻ എന്നിവർ നേതൃത്വം നൽകി.

കെമിസ്ട്രി ഡിപ്പാർട്ട്മെൻറിന്റെ നേതൃത്വത്തിൽ ഇൻറർനാഷണൽ വെബിനാർ സംഘടിപ്പിച്ചു. (ഐ.സി.എ.സി.എസ് 2021) പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി ഉദ്ഘാടനം ചെയ്തു. കോളേജ് ബർസാർ ഫാ. മാത്യു തെക്കേമുറിയിൽ ആശംസകൾ നേർന്നു. ഡോ. സുമി ജോസഫ്, ഡോ. അജേഷ് പി. തോമസ് എന്നിവർ നേതൃത്വം നൽകിയ വെബിനാറിൽ രസതന്ത്രത്തിന്റെ അതിനൂതന സാങ്കേതിക വശങ്ങളെക്കുറിച്ച് ഡോ.സുനീഷ് കരുണാകരൻ, ഡോ. ജീന എം ഡി, ഡോ. സുപ്രീത്, നാഗേന്ദ്രൻ, ഡോ. സിൽവിയ ബ്രിട്ടോ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

അമൽജ്യോതി എൻജിനിയറിംഗ് കോളേജ് നടത്തിയ Annual International Conference on Emerging Research Area സിൽ ഡോ. നൈജിൽ തോമസ് ICAN- young Research Award കരസ്ഥമാക്കി. നാനോ സെൻസറെ കുറിച്ചുള്ള ഗവേഷണങ്ങളാണ് അദ്ദേഹത്തെ അവാർഡിന് അർഹനാക്കിയത്. അന്നേ ദിവസം തന്നെ നിർമലഗിരി കോളേജ് എ എസ് എസ് പേരിയ ചുരം ഇരുപത്തി ഒൻപതാം മൈൽ വൃത്തിയാക്കുകയും വെയിസ്റ്റ് ബിൻ സ്ഥാപിക്കുകയും ചെയ്തു.

കോളേജ് ക്യാമ്പസിൽ ജപമാല പ്രദക്ഷിണം നടത്തി. നിർമലഗിരി കോളേജ് ഹോസ്റ്റൽ വിദ്യാർത്ഥികൾ പങ്കെടുത്തു.

പ്രാദേശിക ചരിത്ര പഠനത്തിന്റെ ഭാഗമായി ചരിത്രവിഭാഗം മൂന്നാം വർഷവിദ്യാർഥികൾക്കു പഠന യാത്ര സംഘടിപ്പിച്ചു. ഡിസംബർ 8 ബുധനാഴ്ച നടത്തിയ പഠന യാത്രയിൽ വയനാട് ജില്ലയിലെ വിവിധ ചരിത്ര സ്മാരകങ്ങൾ സന്ദർശിക്കുകയും വിദ്യാർഥികൾ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. 18 ന് എക്കണോമിക്സ് വിഭാഗത്തിന്റെ പൂർവ്വ വിദ്യാർത്ഥി സംഗമം നടത്തി. 1974 ൽ ബി എ ഇക്കണോമിക്സ് പഠിച്ചിറങ്ങിയ വിദ്യാർത്ഥികളുടെ സംഗമം കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി ഉദ്ഘാടനം ചെയ്തു. എക്കണോമിക്സ് വിഭാഗം അദ്ധ്യക്ഷൻ ഡോ.ടി.കെ.സെബാസ്റ്റ്യൻ, അസി.പ്രഫ. ജോൺസൺ ജോർജ് എന്നിവർ ആശംസ അർപ്പിച്ചു സംസാരിച്ചു.

19 ന് നിർമലഗിരി കോളേജിൽ 1983 –85 പ്രി.ഡിഗ്രി ബാച്ചിന്റെ പൂർവ്വവിദ്യാർത്ഥി സംഗമം നൊസ്റ്റാൾജിയ എന്ന പേരിൽ സംഘടിപ്പിച്ചു. പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി ഉദ്ഘാടനം ചെയ്തു. 22 ന് ഒന്നാം വർഷ എൻ എസ് എസ് വോളന്റിയേഴ്സിന് ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു. റവ.ഡോ. മാർട്ടിൻ ജോസഫ് ക്ലാസെടുത്തു. കൈറ്റിന്റെ ആഭിമുഖ്യത്തിലുള്ള ബുക്ക് ഫാമിലേക്ക് എൻ എസ് എസ് ബുക്കുകൾ കൈമാറി. നിർമലഗിരി കോളേജ് എൻ.എസ്.എസ്. സപ്തദിനസഹവാസ ക്യാമ്പ് 23 മുതൽ 29 വരെ കോളേജ് ക്യാമ്പസിൽ നടത്തി. കോളേജ്

പ്രിൻസിപ്പൽ ഡോ.ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ച ഉദ്ഘാടനയോഗത്തിൽ മാങ്ങാട്ടിടം പഞ്ചായത്ത് പ്രസിഡന്റ് പി. ഗംഗാധരൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. കോളേജ് ബർസാർ റവ.ഫാ.ഷാജി തെക്കേമുറി അനുഗ്രഹ ഭാഷണം നടത്തി. വാർഡ് മെമ്പർ ശ്രീജ, റിട്ട. പ്രഫ. ജോൺ ജോസഫ്, സീനിയർ സ്റ്റാഫ് ഡോ. ടെസ്സി ജോർജ്, സ്റ്റാഫ് അസോസിയേഷൻ വൈസ്പ്രസിഡൻറ് സിസ്റ്റർ ഡോ. മഞ്ജു ഒ.എസ്. എന്നിവർ ആശംസകൾ നേർന്നു.

തുടർന്നുള്ള ദിവസങ്ങളിൽ അതിജീവനം കൃഷിയിലൂടെ എന്ന വിഷയത്തിൽ നിർമലഗിരി കോളേജ് മുൻ പ്രിൻസിപ്പൽ ഡോ. ജോസ്‌ലറ്റ് മാത്യു ക്ലാസെടുത്തു. കോവിഡ് കാലവും എൻഎസ്എസ് പ്രവർത്തനങ്ങളും എന്ന വിഷയത്തിൽ 2020–21 ലെ കണ്ണൂർ യൂണിവേഴ്സിറ്റി മികച്ച പ്രോഗ്രാം ഓഫീസറായ സ്റ്റെനിൽ ജോർജ് ക്ലാസ്സെടുത്തു.

ക്രിസ്മസ് സെലിബ്രേഷനോടൊപ്പം രംഗ കലയെ കുറിച്ച് പ്രമുഖ നാടകകൃത്തും നടനുമായ സവ്യസാചി ക്ലാസ്സെടുത്തു. ക്രിസ്മസ് ദിന സന്ദേശം റവ. ഡോ. ജോബി ജേക്കബ് ക്യാമ്പ് അംഗങ്ങൾക്ക് നൽകി. ട്രാൻസ് ജെൻഡറും ആക്ടിവിസ്റ്റുമായ ഇഷാ കിഷോർ ക്ലാസ്സെടുത്തു. സ്വയ പരിരക്ഷ എന്ന വിഷയത്തിൽ കൂത്തുപറമ്പിലെ ജനമൈത്രി പോലീസ് പരിശീലന പരിപാടി സംഘടിപ്പിച്ചു. പൂളക്കുറ്റിയിലേക്ക് ക്യാമ്പ് അംഗങ്ങൾ പരിസ്ഥിതി സൗഹൃദ യാത്ര സംഘടിപ്പിച്ചു. ക്യാമ്പിന്റെ സമാപന സമ്മേളനം റവ. ഡോ .ജോബി ജേക്കബ് ഉദ്ഘാടനം ചെയ്തു.

അന്നേ ദിവസം തന്നെ ക്രിസ്തുമസ്–ന്യൂ ഇയറും ആഘോഷിച്ചു. സ്റ്റാഫ് സെക്രട്ടറി റവ.ഡോ. മാർട്ടിൻ ജോസഫ് സ്വാഗതവും വൈസ് പ്രിൻസിപ്പൽ റവ.ഡോ.ജോബി ജേക്കബ് നന്ദിയും പറഞ്ഞു.

നിർമലഗിരി കോളേജ് മാനേജരും തലശ്ശേരി അതിരൂപതാ നിയുക്ത ആർച്ച്ബിഷപ്പുമായ മാർ ജോസഫ് പാംപ്ലാനി പിതാവിന് നിർമലഗിരി കുടുംബം തലശ്ശേരി ബിഷപ്സ് ഹൗസിൽ എത്തി അഭിനന്ദനങ്ങളും ആശംസകളും അറിയിച്ചു. ഡിസംബർ 22 നു നിർമലഗിരി എൻ. എസ് എസ്. ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി ഒരു ഓറിയെന്റേഷൻ പ്രോഗ്രാം സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ റവ. ഡോ. ഫാദർ മാർട്ടിൻ ജോസഫ് ക്ലാസ്സുകൾ കൈകാര്യം ചെയ്തു.

നിർമലഗിരി കോളജ് ചരിത്ര വിഭാഗം നെല്ലിക്ക 2021 എന്ന പേരിൽ ഡിസംബർ 26 നു പൂർവ വിദ്യാർത്ഥി സംഗമം കോളജിൽ സംഘടിപ്പിക്കു കയുണ്ടായി. പ്രിൻസിപ്പാൾ ഡോ. കെ. വി. ഔസേപ്പച്ചൻ സംഗമം ഉദ്ഘാടനം ചെയ്തു. പ്രദീപ് വട്ടിപ്രം അധ്യക്ഷത വഹിച്ച യോഗത്തിൽ പ്രൊഫ്. എൻ.

എസ്. സേതുമാധവൻ, ഡോ. ജോൺ ജോസഫ്, ഡോ. ഷാജി മോൻ, സിസ്റ്റർ സുജാമോൾ ജോസഫ്, ഡോ. സിസ്റ്റർ മഞ്ജു ഒ.എസ് തുടങ്ങിയവവർ പ്രസംഗിച്ചു. ജനുവരി 3 നു മാനേജുമെന്റിന്റെയും കോളജിന്റെയും സംയുക്താഭി മുഖ്യത്തിൽ ക്രിസ്തുമസ് പുതുവത്സരാഘോഷങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. പ്രിൻസിപ്പാൾ ഉദ്ഘാടനം ചെയ്ത യോഗത്തിൽ കലാപരിപാടികൾ അവതരിപ്പിച്ചു ജനുവരി 4 നു നിർമലഗിരി എൻ.എസ്.എസ് യൂണിറ്റുകളും കേരളം ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് കണ്ണൂർ ജില്ലാ യൂനിറ്റും സംയുക്തമായി അന്താരാഷ്ട്ര ലൂയി ബ്രയിൽ ദിനാചരണം സംഘടിപ്പിച്ചു. ശ്രീ. സണ്ണി ജോസഫ് എം. എൽ. എ ഉദ്ഘാടനം ചെയ്ത പരിപാടിയിൽ പ്രിൻസിപ്പൽ ഡോ. കെ. വി. ഔസേഫച്ചൻ അധ്യക്ഷത വഹിച്ചു.

ജനുവരി 15നു കരസേനാദിനാചരണത്തിനോട് അനുബന്ധിച്ച് നിർമലഗിരി എൻ.എസ് എസ് രാജ്യത്തിനു വേണ്ടി ജീവൻ സമർപ്പിച്ച മട്ടന്നൂർ കൊടോളിപ്പുറത്തെ ധീര ജവാൻ രതീഷിന്റെ ഭവനം സന്ദർശിക്കുകയും സ്മൃതി മണ്ഡപത്തിൽ പുഷ്പങ്ങൾ അർപ്പിക്കുകയും ചെയ്തു. സിദ്ധാർഥ് എന്ന വിദ്യാർത്ഥി വരച്ച ജവാന്റെ ചിത്രം അമ്മക്ക് നൽകി ആദരിച്ചു.

കണ്ണൂർ സർവകലാശാല സംഘടിപ്പിച്ച വിവിധ കായിക മത്സരങ്ങളിൽ കോളജ് വനിതാ ടീമുകളും പുരുഷ ടീമുകളും ചാമ്പ്യന്മാരായി.

**പി ആർ ഒ**
നിർമ്മലഗിരി കോളേജ്

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി



## തലശ്ശേരി സെൻട്രൽ കൗൺസിൽ



തലശ്ശേരി അതിരൂപതയിൽ വിൻസെൻഷ്യൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന പ്രിയ സഹോദരങ്ങളെ,

കോവിഡിന്റെ വ്യാപ്തി കുറഞ്ഞതിനാൽ നിയന്ത്രണങ്ങൾ ലഘൂകരിച്ച പശ്ചാത്തലത്തിൽ അതിരൂപതയിലെ 16 ഏരിയ കൗൺസിലുകളും മിക്കവാറും എല്ലാ കോൺഫറൻസുകളും സജീവമായിക്കൊണ്ടിരിക്കുന്നു. ആഴ്ചതോറുമുള്ള യോഗങ്ങൾ, ദത്തുകുടുംബ സന്ദർശനം, രോഗീ സന്ദർശനം, ചികിത്സാ സഹായങ്ങൾ, വിൻസെൻഷ്യൻ വിദ്യാപോഷിണി സ്കോളർഷിപ്പുകൾ, അനാഥാലയങ്ങൾക്കുള്ള സഹായങ്ങൾ എന്നിവ പുനരാരംഭിച്ചു.

അഭിവന്ദ്യ ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ ജൂബിലിയോട നുബന്ധിച്ച് ആരംഭിച്ച എയ്ഞ്ചൽ ഡയാലിസിസ് പദ്ധതിയിലേക്ക് അതിരൂപതയിലെ വിൻസെൻഷ്യൻ പ്രവർത്തകർ സമാഹരിച്ച 2,25,000/ രൂപ അഭിവന്ദ്യ പിതാവിന് കൈമാറി.

ആലക്കോട് എസിയിൽ വിൻസെൻഷ്യൻ വിദ്യാപോഷിണി സ്കോളർഷിപ്പ് ആരംഭിച്ചു. 16 വിദ്യാർത്ഥികൾക്ക് 5000 രൂപ വച്ച് നൽകി വരുന്നു. ആലക്കോട് സെന്റ് മേരീസ് കോൺഫറൻസിൽ പുതിയതായി ഒരു വീടിന്റെ നിർമ്മാണം തുടങ്ങി. ചെമ്പന്തൊട്ടി എസിയിലെ ചേപ്പറമ്പ് സെന്റ് ജൂഡ്സ് കോൺഫറൻസിൽ വിൻസെൻഷ്യൻ വിദ്യാപോഷിണി സ്കോളർഷിപ്പ് ആരംഭിച്ചു. തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ഡിഗ്രി / ബി എസ് സി നഴ്സിംഗ് പഠനത്തിന് 5000/രൂ. വീതവും, പ്ലസ് ടു വിദ്യാർത്ഥികൾക്ക് 1000/രൂ. വീതവും, ഹൈസ്കൂൾതലംവരെ 500/രൂ. വീതവും നൽകുന്നു. ചെമ്പേരി എസിയിലെ ലൂർദ്മാതാ കോൺഫറൻസ് ഭവന നിർമാണത്തിനായി 5 സെന്റ് സ്ഥലം വാങ്ങി തുടർപ്രവർത്തനങ്ങൾ ആരംഭിച്ചു. കാഞ്ഞങ്ങാട് എസിയുടെ ആറാമത്തെ കോൺഫറൻസ് ചീമേനിയിൽ പ്രവർത്തനം ആരംഭിച്ചു. പെരുമ്പടവ് എസിയിലെ പെരുമ്പടവ് സെന്റ് ജോസഫ്സ് കോൺഫറൻസിൽ ഒരു വീടിന്റെ നിർമ്മാണം പൂർത്തിയാക്കി, വികാരി റവ. ഫാ. മാണി മേൽവെട്ടം വെഞ്ചരിപ്പ് നിർവഹിച്ചു. എസി പ്രസിഡന്റ് റാഫേൽ പൈനാടത്ത്, കോൺഫറൻസ് പ്രസിഡന്റ്, എസി ഭാരവാഹികൾ, കോൺഫറൻസ് അംഗങ്ങൾ തുടങ്ങിയവർ സംബന്ധിച്ചു. പേരാവൂർ എസി-യിലെ പേരാവൂർ സെന്റ് ജോസഫ്സ്

കോൺഫറൻസിൽ വിൻസെൻഷ്യൻ വിദ്യാപോഷിണി സ്കോളർഷിപ്പ് ആരംഭിച്ചു. അർഹരായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനു 10000/ രൂപ വീതം മൂന്ന് വിദ്യാർഥികൾക്കും, 5000/രൂ. വീതം രണ്ടു വിദ്യാർഥികൾക്കും, 1000/രൂ. വീതം പത്തു വിദ്യാർഥികൾക്കും നൽകുന്നതാണ് പദ്ധതി. തോമാപുരം എസി യിലെ തോമാപുരം സെന്റ് തോമസ് കോൺഫറൻസിന്റെ നേതൃത്വത്തിൽ 12 ലക്ഷം രൂപ മുടക്കി പുതിയ ഒരു ഭവനം കൂടി നിർമ്മിച്ച് അഞ്ച് അംഗങ്ങളുള്ള ഒരു കുടുംബത്തിനു നൽകി. ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് നിർവ്വഹിച്ചു. വികാരി ഫാ. മാർട്ടിൻ കിഴക്കെത്തലയ്ക്കൽ, ഫാ. പോൾ മാഞ്ഞൂരാൻ, ഫാ. പയസ് അരീക്കാട്ട്, എസി പ്രസിഡണ്ട് ജോർജ് എടക്കരമൈലക്കൽ, കോൺഫറൻസ് പ്രസിഡന്റ് ജോൺ കൊല്ലക്കൊമ്പിൽ, കോൺഫറൻസ് അംഗങ്ങൾ, എസി ഭാരവാഹികൾ തുടങ്ങിയവർ സംബന്ധിച്ചു. വെള്ളരിക്കുണ്ട് എസിയിലെ ഭീമനടി ക്രിസ്തുരാജാ കോൺഫറൻസിൽ പുതിയൊരു ഭവനം നിർമ്മിച്ചുകൊണ്ടിരിക്കുന്നു. വെള്ളരിക്കുണ്ട് ലിറ്റിൽഫ്ളവർ കോൺഫറൻസിൽ ഒരു ഭവനത്തിന്റെ നിർമ്മാണം ഏതാണ്ട് പൂർത്തിയായി. തേപ്പ് നടന്നുകൊണ്ടിരിക്കുന്നു.

ഫെബ്രുവരി 22 ന് തലശ്ശേരി സന്ദേശഭവനിൽ ചേർന്ന സിസി മാനേജിംഗ് കമ്മറ്റി യോഗത്തിൽ വച്ച്, അന്തർദേശീയ വനിതാദിനത്തോട നുബന്ധിച്ച് മാർച്ച് 12 ന് തലശ്ശേരി അതിരൂപതയിലെ വനിത വിൻസെൻഷ്യൻ പ്രവർത്തകരുടെ ഒരു സംഗമം കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ ചർച്ച് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചു. കൂടാതെ തലശ്ശേരി സെൻട്രൽ കൗൺസിലിന് തോമാപുരം എസി പരിധിയിൽ ഒരു വ്യക്തി സൗജന്യമായി നല്കുന്ന ഒരു ഏക്കർ സ്ഥലത്ത് 10 കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം ഒരുക്കുന്നതിനുള്ള സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സി.സി യുടെ പ്രൊജക്ട് ഓഫീസർ ബ്ര. ജോസഫ് ചൊറുക്കാവിൽ അദ്ധ്യക്ഷനായുള്ള കമ്മറ്റിയെ യോഗം ചുമതലപ്പെടുത്തി.

തലശ്ശേരി അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്തയായി തിരഞ്ഞെടുക്കപ്പെട്ട മാർ ജോസഫ് പാംപ്ലാനി പിതാവിന് വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങളുടെ ആത്മാർത്ഥമായ പിന്തുണയും പ്രാർത്ഥനാശംസകളും നേർന്നുകൊണ്ട് മാനേജിംഗ് കമ്മറ്റി അംഗങ്ങൾ പിതാവിന് ബൊക്കെ നൽകി. മാനേജിംഗ് കമ്മറ്റി അംഗങ്ങളെ മധുരം നല്കി അഭിവന്ദ്യ പിതാവ് സ്വീകരിച്ചു. അതിരൂപതയിലെ എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരെയും കുടുംബങ്ങളെയും വാഴ്ത്തപ്പെട്ട ഫ്രഡറിക് ഓസാനാമിന്റെ മധ്യസ്ഥതയാൽ ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്...

**സണ്ണി നെടിയകാലായിൽ**
സി സി പ്രസിഡന്റ്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, മുക്തിശ്രീ, എഡിഎസ്‌യു, പ്രതീക്ഷാ മദ്യപ ചികിത്സാകേന്ദ്രം

## മദ്യലഹരി രഹിത ഇന്ത്യ

ജനുവരി 26-ന് തലശ്ശേരിയിൽ കെസിബിസി മദ്യവിരുദ്ധ സമിതി, മുക്തിശ്രീ മദ്യലഹരി രഹിത ഇന്ത്യ എന്ന പരിപാടി നടത്തി. ദേശീയപതാക വന്ദനം, സെമിനാർ, ചിത്രപ്രദർശനം എന്നിവ ഉണ്ടായിരുന്നു. മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനവും ഫാ. ചാക്കോ കുടിപ്പറമ്പിൽ അദ്ധ്യക്ഷതയും വഹിച്ചു. എം.എൻ. ജോയ്, സുധീഷ് മാസ്റ്റർ, മനോഹരൻ മാസ്റ്റർ, മനു മാത്യു എന്നിവർ പ്രസംഗിച്ചു.

## ബോധവൽക്കരണം നെല്ലിക്കുറ്റിയിൽ

മദ്യ-ലഹരി ബോധവൽക്കരണത്തിന്റെ ഭാഗമായ് നെല്ലിക്കുറ്റിയിൽ ജനുവരി 27-ന് പ്രോഗ്രാം നടത്തപ്പെട്ടു. ഫാ. മാത്യു ഓലിക്കൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങ് ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു.

## ഏകദിന ഉപവാസം - ജനുവരി 30-ന്

മദ്യത്തിനും മയക്കുമരുന്ന് ഉപയോഗത്തിനും എതിരായും മദ്യക്കച്ചവടം നടത്തുന്ന സർക്കാർ മനോഭാവത്തിനെതിരായും 10 മണിക്കൂർ ഉപവാസം നടത്തി. തലശ്ശേരി സന്ദേശഭവനിൽ ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉപവസിച്ചു. ഭവനങ്ങളിൽ പ്രവർത്തകർ ഉപവാസം അനുഷ്ഠിച്ചു. മാർ ജോർജ് ഞറളക്കാട്ട് ഉപവാസം ഉദ്ഘാടനം ചെയ്തു. മാർ ജോസഫ് പാംപ്ലാനി നാരങ്ങാനീര് നല്കി ഉപവാസം അവസാനിപ്പിച്ചു.

## സന്ദർശനങ്ങൾ

മുണ്ടാനൂർ, കല്ലുവയൽ, കനകക്കുന്ന് എന്നീ ഇടവകകളിൽ സന്ദർശനം അതിരൂപതാ ഡയറക്ടർ നടത്തി. വി. കുർബ്ബാന അർപ്പിച്ച് മദ്യവിരുദ്ധ സന്ദേശം നല്കി.

## നെല്ലിക്കാംപൊയിൽ മേഖലാ സംയുക്ത സമ്മേളനം

ഫെബ്രുവരി 11-ന് സംയുക്ത സമ്മേളനം മുണ്ടാനൂരിൽ നടന്നു. രാവിലെ 10-ന് പതാക ഉയർത്തി തുടർന്ന് അതിരൂപതാ ഭാരവാഹികളുടെ യോഗം നടത്തപ്പെട്ടു. 11.15 ന് കരുണക്കൊന്തയും തുടർന്ന് സംയുക്തസംഗമവും സെമിനാറും നടന്നു. അതിരൂപതാ ഡയറക്ടർ സെമിനാർ നയിച്ചു. 'മദ്യലഹരി വിരുദ്ധ പ്രവർത്തനം ഇന്നിന്റെ ആവശ്യം' എന്ന വിഷയത്തെക്കുറിച്ച് ചർച്ചകളും നടന്നു. തുടർന്ന് വി. കുർബ്ബാനയും ജപമാലയും അർപ്പിക്കപ്പെട്ടു.

ഉച്ചകഴിഞ്ഞ് 3-ന് മേഖലാ സമ്മേളനം നടന്നു. നിയുക്ത ആർച്ചുബിഷപ്പിന് സംഘടനകൾ സ്വീകരണം നൽകി. സമ്മേളനം മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. ഫാ. ചാക്കോ കുടിപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. ഫാ. ജോസഫ് കാവനാടിയിൽ, ഫാ. അമൽ പഞ്ഞിക്കുന്നേൽ, ആന്റണി മേൽവെട്ടം, ഷിനോ പാറയ്ക്കൽ, സിസ്റ്റർ ജോസ് മരിയ സി.എം.സി., തോമസ് വെട്ടിക്കാട്ട്, മേരി പാലയ്ക്കലോടി, ദേവസ്യ റ്റി.ഡി. എന്നിവർ പ്രസംഗിച്ചു. ദിവ്യകാരുണ്യാരാധനയും നടന്നു.

## മേഖലാ ഡയറക്ടേഴ്സ് മീറ്റ്

മേഖലാ ഡയറക്ടർമാരുടെ യോഗം ഫെബ്രുവരി 15-ന് നടന്നു. മാർ ജോസഫ് പാംപ്ലാനി യോഗം ഉദ്ഘാടനം ചെയ്തു. ഫാ. ചാക്കോ കുടിപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. 13 മേഖലാ ഡയറക്ടർമാർ യോഗത്തിൽ പങ്കെടുത്തു.

## അതിരൂപതാ സമിതിയിലും, ഡയറക്ടർമാരുടെ യോഗത്തിലും അവതരിപ്പിച്ച തുടർ കാര്യപരിപാടികൾ

1. മേഖലയുടെ ഉത്തരവാദിത്വമുള്ള അതിരൂപതാ ഭാരവാഹികൾ യൂണിറ്റ് സന്ദർശനം, യൂണിറ്റ് തെരഞ്ഞെടുപ്പ് എന്നിവയ്ക്ക് നേതൃത്വം നൽകുന്നു.
2. മേഖലാ ഡയറക്ടർ യൂണിറ്റ് ഡയറക്ടറുമായി സംസാരിച്ച് യൂണിറ്റ് സന്ദർശനദിവസം, സമയം എന്നിവ ഉറപ്പിക്കുന്നു.
3. മേഖലാ മീറ്റിംഗ്: യൂണിറ്റ് സന്ദർശനത്തിന് മുന്നോടിയായി മേഖലാ ഭാരവാഹികളുടെ മീറ്റിംഗ് വിളിച്ചുകൂട്ടുന്നു. അതിൽ യൂണിറ്റ് സന്ദർശനത്തിനുള്ള ക്രമീകരണങ്ങൾ തയ്യാറാക്കുന്നു. ഉദാ. ദിവസം, സമയം, എത്ര ഗ്രൂപ്പ് പോകുന്നു എന്നിവ.
4. യൂണിറ്റ് സന്ദർശനം റിപ്പോർട്ട് ബുക്ക്, മിനുട്സ് എന്നിവയും പരിശോധിച്ച് ഡയറക്ടർ, ആനിമേറ്റർ പ്രസിഡന്റ് (വെവ്വേറെ ബുക്ക് നല്ലതാണ്) ഒപ്പ് വെയ്ക്കണം.
5. മേഖലാ സമ്മേളനം

   രാവിലെ 11 മുതൽ വൈകുന്നേരം 4.30 വരെ

   **കാര്യപരിപാടി**

   11.00 am : ചായ

   11.15 am : കരുണക്കൊന്ത

   11.30 am : സെമിനാർ- മദ്യ-ലഹരി വിരുദ്ധപ്രവർത്തനം സുവിശേഷ ശുശ്രൂഷ, ചർച്ച

   നയിക്കുന്നത് : അതിരൂപതാ ഡയറക്ടർ

   1.00 pm : ഉച്ചഭക്ഷണം

1.40 pm : ജപമാല
2.00 pm : വി. കുർബ്ബാന
2.50 pm : മേഖലാ സമ്മേളനം

ഈശ്വരപ്രാർത്ഥന
സ്വാഗതം
റിപ്പോർട്ട്
അധ്യക്ഷൻ
ഉദ്ഘാടനം: മാർ ജോസഫ് പാംപ്ലാനി
ആശംസകൾ
നന്ദി, തുടർന്ന് ദിവ്യകാരുണ്യാരാധന
ചായ

**NB:** റിപ്പോർട്ട് ബുക്കും, മിനുട്സും യൂണിറ്റുകൾ കൊണ്ടുവരണം പിതാവ് ഒപ്പു വെയ്ക്കുന്നതാണ്.

6. യൂണിറ്റ് ആനിമേറ്റേഴ്സ് സമ്മേളനം മേഖലാതലത്തിൽ: മദ്യാസ്കതരെ കണ്ടെത്തുന്നതിനും, അവരെ സമീപിക്കൽ തുടങ്ങിയ കൗൺസിലിംഗ് (ഡീ അഡിക്ഷൻ പരിചയപ്പെടുത്തുന്നു. പരിശീലനം നൽകുന്നു.
7. യൂണിറ്റ് മീറ്റിംഗ്: മാസത്തിൽ 2 ആഴ്ച കൂടുമ്പോഴെങ്കിലും യൂണിറ്റ് മീറ്റിംഗ് നടത്തണം. മദ്യാസക്തരെ കണ്ടെത്തൽ തുടങ്ങിയ കർമ്മപരി പാടികൾ ചർച്ച ചെയ്ത് നടപ്പാക്കുക.
8. മേഖലാ മീറ്റിംഗ്: മാസത്തിൽ ഒരു തവണ മേഖലാ മീറ്റിംഗ് കൂടണം. പരസ്പര സഹായനിധി അടക്കമുള്ള കാര്യങ്ങൾ ക്രമീകരിക്കാവുന്നതാ ണ്. (വിശദമായി മേഖലയിലെ സെമിനാറിൽ പറയുന്നതാണ്).
9. ബോധവൽക്കരണം വിവിധ ഗ്രൂപ്പുകൾക്ക്

ഈ കാലഘട്ടത്തിൽ യുവജനങ്ങൾ, വിദ്യാർത്ഥികൾ തുടങ്ങി ഓരോ ഗ്രൂപ്പിനും ശരിയായ ബോധവൽക്കരണം ആവശ്യമാണ്. അതിരൂപതാ ടീം അതിന് സജ്ജമാണ്.

ആദരവോടെ,

**ഫാ. മാത്യു കാരിക്കൽ**
അഡ്മിനിസ്ട്രേറ്റർ
ഡയറക്ടർ, എഡിഎസ്‌യു

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
ഡയറക്ടർ

# ഏയ്ഞ്ചൽ ട്രസ്റ്റ്

## ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് കരുവഞ്ചാലിൽ ആരംഭിച്ച ഏയ്ഞ്ചൽ (ANGEL-Archbishop Njaralakatt George's Envision for Life) ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ 2022 മാർച്ച് മാസത്തോടുകൂടി ജനങ്ങളിലേക്കെത്തിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സമൂഹത്തിലെ ഏറ്റവും കഷ്ടതയനുഭവിക്കുന്നവർക്കായി ആവിഷ്ക്കരിക്കുന്ന ഈ ഡയാലിസിസ് സെന്ററിലൂടെ വർദ്ധിച്ചുവരുന്ന നിരവധി വൃക്ക രോഗികളെ സഹായിക്കാനുള്ള കർമ്മപദ്ധതികൾ പ്രാവർത്തികമാക്കിയിരിക്കുന്നു. നിശ്ചിത തുക ഈ സത്കർമ്മത്തിനായി സംഭാവന ചെയ്യാൻ സന്നദ്ധതയുള്ള എല്ലാ സുമനസ്സുകളുടെയും ഫൊറോനകളുടേയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇങ്ങനെ ലഭിച്ച തുക ഉപയോഗിച്ച് മെഷീനുകളും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഡയാലിസിസ് സെന്ററിൽ പൂർത്തീകരിക്കാൻ സാധിച്ചു. അതിനായി സഹകരിക്കുകയും മനസ്സറിഞ്ഞ് സഹായിക്കുകയും ചെയ്ത എല്ലാവരേയും സ്നേഹപൂർവ്വം ഓർക്കുന്നു.

**ഈ പുണ്യപ്രവൃത്തിക്കായി സംഭാവന നൽകിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

(2022 ജനുവരി 26-ന് ശേഷം 2022 ഫെബ്രുവരി 23 വരെയുള്ള കണക്കുകൾ)

| | | |
|---|---|---|
| 1. | St.Mary's church, Manippara | 50,000/- |
| 2. | Rosamma Chacko | 15,000 /- |
| 3. | Infant Jesus Church,Kanhangad | 50,000 /- |
| 4. | Society Of St.Vincent De Paul, Tellicherry Central Council | 2,25,000 /- |

## ഏയ്ഞ്ചൽ - പണമിടപാടുകൾ

ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ ഫൊറോനകൾ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുഗമമാക്കുന്നതിനായി ഓരോ മേഖലകളിലും പുതിയ ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിരുന്നു വല്ലോ. പുതുതായി ആരംഭിച്ച സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ടുകളുടെ പാസ്ബുക്കുകളും, പണമിടപാടുകൾ നടത്തുന്നതിനായി റെസീപ്റ്റ് ബുക്കുകളും ചെക്ക് ബുക്കുകളും എല്ലാ ഫൊറോനകളിലും ലഭ്യമാക്കിയി

ട്ടുണ്ട്. ഏയ്ഞ്ചൽ ട്രസ്റ്റിന്റെ അക്കൗണ്ടിൽ സീറോ ബാലൻസ് ആവാതിരിക്കുവാൻ എല്ലാ ഫൊറോനകളിൽ നിന്നും ശ്രദ്ധിക്കേണ്ടതാണ്.

പരമാവധി 2000/- (രണ്ടായിരം) രൂപ വരെ പണമായിട്ട് വാങ്ങുന്നതായിരിക്കും കൂടുതൽ ഉചിതം. സുതാര്യത ഉറപ്പുവരുത്തുന്നതിനായി അതിൽ കൂടുതൽ സംഭാവനയായി ലഭിക്കുന്ന തുക പരമാവധി ബാങ്ക് വഴി ഇടപാടുകൾ നടത്തുവാൻ ശ്രമിക്കാവുന്നതോ അല്ലെങ്കിൽ 2000/- രൂപയിലധികം തരുന്നവരുടെ ആധാർ കാർഡിന്റെ ഒരു കോപ്പിയും വാങ്ങിക്കേണ്ടതാണ്.

ഫൊറോനകളിൽ നിന്നും ഏയ്ഞ്ചൽ ട്രസ്റ്റിന്റെ വരവ്-ചെലവ് കണക്കുകൾ എല്ലാ മാസവും 5-ാം തീയതിക്കു മുമ്പായി ഇതോടൊപ്പം തന്നിരിക്കുന്ന മെയിൽ ഐഡിയിലേക്ക് അയയ്ക്കുവാൻ ഫൊറോനകളുടെ ഉത്തരവാദിത്വമുള്ള അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

E-mail : tsssacc@gmail.com
കൂടുതൽ വിവരങ്ങൾക്ക് : +917034532294

സ്നേഹപൂർവ്വം,

**ഫാ. ജിൻസ് വാളിപ്ലാക്കൽ**
കോർഡിനേറ്റർ, ഏയ്ഞ്ചൽ ട്രസ്റ്റ്

**ഫാ. ബെന്നി നിരപ്പേൽ**
മാനേജിംഗ് ട്രസ്റ്റി, ഏയ്ഞ്ചൽ ട്രസ്റ്റ്

# സാമൂഹ്യസേവനവേദി

**തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി**
**(ടി.എസ്.എസ്.എസ്.)**

## ആർച്ചുബിഷപ്പ് ജോർജ് ഞറളക്കാട്ട് ഗോൾഡൻ ജൂബിലി ഹൈടെക് കോൺഫറൻസ് ഹാൾ ഉദ്ഘാടനം

മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് TSSS ആദരപൂർവ്വം പണി പൂർത്തീകരിച്ച ഹൈടെക് കോൺഫറൻസ് ഹാളിന്റെ ഉദ്ഘാടനവും വെഞ്ചരിപ്പുകർമ്മവും നിർവ്വഹിച്ചു. തലശ്ശേരിയിൽ TSSS ഓഫീസ് കെട്ടിടത്തിൽ ഓൺലൈൻ വഴിയും ഓഫ്‌ലൈൻ വഴിയും ദേശീയ-അന്തർദേശീയ മീറ്റിംഗുകളും കോൺഫറൻസുകളും നടത്താനുതകുന്ന രീതിയിലാണ് ഹാളിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചത്. വീഡിയോ കോൺഫറൻസിനും പ്രസന്റേഷനുമായി ലേറ്റസ്റ്റ് മോഡൽ ബിഗ് സ്ക്രീൻ ടെലിവിഷൻ, ഏറ്റവും മികച്ച രീതിയിലുള്ള സൗണ്ട് സിസ്റ്റം, എസി സൗകര്യം തുടങ്ങിയവയെല്ലാം ഹാളിൽ ഒരുക്കിയിരിക്കുന്നു. നിയുക്ത ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് ഹൈടെക് ഹാളിന്റെ ഉദ്ഘാടനകർമ്മവും ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് പിതാവ് വെഞ്ചരിപ്പുകർമ്മവും നിർവ്വഹിച്ചു. തലശ്ശേരിയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ വൈദികരും സിസ്റ്റേഴ്സും ബ്രദേഴ്സും TSSS സ്റ്റാഫ് അംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു.

## സൗരോർജ്ജ വൈദ്യുതി ഉൽപാദനം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സെൻട്രൽ ഓഫീസ് ബിൽഡിംഗിൽ ഇനി മുതൽ സോളാർ സംവിധാനം വഴി വൈദ്യുതി ഉൽപാദിപ്പിക്കുന്നു. സോളാർ പാനൽ സ്ഥാപിച്ചതുവഴി വർദ്ധിച്ചു വരുന്ന വൈദ്യുതി ബില്ലിന് വലിയ രീതിയിലുള്ള പരിഹാരം കാണുവാനും, സോളാർ സംവിധാനത്തിലൂടെ സൗരോർജ്ജം ഉപയോഗിച്ചുകൊണ്ട് പ്രകൃതി യോടിണങ്ങി ജീവിക്കുവാനും, കൂടുതൽ പേർക്ക് മാതൃകയാക്കുവാൻ സാധിക്കുകയും ചെയ്യുന്നു. ഈയൊരു വലിയ സഹായം നമുക്ക് ചെയ്തു തന്നത് ജർമൻ പൗരനായ **Mr. Anton Zylstra** ആണ്. വളരെ ഊർജ്ജ സ്വലതയോടുകൂടി സോളാർ സംവിധാനത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരി ക്കുകയും സോളാർ സിസ്റ്റം സ്ഥാപിക്കുന്നതിനായി വലിയൊരു തുക അകമഴിഞ്ഞു സഹായിക്കുകയും ചെയ്ത അദ്ദേഹത്തിനും എല്ലാവിധ സഹായ സഹകരണങ്ങളും നൽകി ഞങ്ങളോടൊപ്പമായിരുന്ന റവ. ഫാ. തോമസ് മാപ്പിളപ്പറമ്പിലച്ചനും TSSS-ന്റെ നന്ദിയും കടപ്പാടും സ്നേഹപൂർവ്വം അറിയിക്കുന്നു.

## പാരാ ലീഗൽ വോളണ്ടിയേഴ്സ് ഇന്റർവ്യൂ

കണ്ണൂർ ജില്ലാ നിയമ സേവന അതോറിറ്റി, പാരാ ലീഗൽ വോളണ്ടിയർമാർക്കായി തലശ്ശേരി കോടതിയിൽവച്ച് ഇന്റർവ്യൂ ഒരുക്കി. TSSS-ന്റെ പ്രവർത്തകരും സ്റ്റാഫ് അംഗങ്ങളും വിവിധ മേഖലകളിൽ നിന്നും ഓഫീസിൽ നിന്നും ഇന്റർവ്യൂ അറ്റൻഡ് ചെയ്തു. നിയമസേവന സ്ഥാപനങ്ങളുടെ സൗജന്യ നിയമസഹായം, നിയമബോധവൽക്കരണം, ബദൽ തർക്ക പരിഹാരമാർഗ്ഗങ്ങൾ തുടങ്ങിയവ ജനങ്ങളിലെത്തിക്കുക തുടങ്ങിയവയാണ് പാരാ ലീഗൽ വോളണ്ടിയർമാരുടെ ചുമതലകൾ. തലശ്ശേരി അതിരൂപതയിലെ 10-ാം ക്ലാസ് മിനിമം യോഗ്യതയും കമ്പ്യൂട്ടർ പരിജ്ഞാനവുമുള്ള യുവതീ-യുവാക്കൾക്കാണ് ഇത്തരത്തിൽ ദിവസവേതന അടിസ്ഥാനത്തിൽ അവസരം ഒരുക്കിയത്.

## പുതിയ ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 2022-2024 വർഷങ്ങളിലെ മേഖലാ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുത്തു. ഓരോ മേഖലകളുടേയും ഭാരവാഹികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

**എടൂർ**

| | | |
|---|---|---|
| **റീജിയണൽ ഡയറക്ടർ** | : | ഫാ. ജോസഫ് കുരിശുംമൂട്ടിൽ |
| **പ്രസിഡണ്ട്** | : | റെജി പോൾ കൊടുംപുറത്ത് |
| **സെക്രട്ടറി** | : | ആശ ഷിബു കാപ്പുങ്കൽ |
| **വൈസ് പ്രസിഡണ്ട്** | : | ജോസഫ് കളപ്പുറമ്പിൽ |
| **ജോയിന്റ് സെക്രട്ടറി** | : | ലിസമ്മ സജി |
| **എക്സിക്യൂട്ടീവ് അംഗങ്ങൾ** | : | അരുൺ പ്രസാദ് കൂറ്റാരപ്പള്ളി |
| | : | റൂബി ഷാജി ഞള്ളത്തിൽ |
| | : | തോമസ് തുണ്ടിയിൽ |
| | : | ഷിബു അധികാരത്തിൽ |

**നെല്ലിക്കാംപൊയിൽ**

| | | |
|---|---|---|
| **റീജിയണൽ ഡയറക്ടർ** | : | ഫാ. ജോസഫ് കുരിശുംമൂട്ടിൽ |
| **പ്രസിഡണ്ട്** | : | എം.എസ്. ജോസഫ് മരങ്ങാട്ട്മ്യാലിൽ |
| **സെക്രട്ടറി** | : | മാത്യു വാണിയകിഴക്കേൽ |
| **വൈസ് പ്രസിഡണ്ട്** | : | മേരിക്കുട്ടി പാലക്കലോടി |
| **ജോയിന്റ് സെക്രട്ടറി** | : | സിബി പൂവേലിൽ |
| **എക്സിക്യൂട്ടീവ് അംഗങ്ങൾ** | : | തോമസ് കടുകുന്നേൽ (ജോയി) |
| | : | റോയി കുന്നുപുറത്ത് |
| | : | ജോർജ് ആനിത്തോട്ടത്തിൽ |
| | : | ചാക്കോച്ചൻ കാരാമയൽ |
| | : | സിജി മംഗലത്ത്കരോട്ട് |

**പേരാവൂർ**

| | | |
|---|---|---|
| **റീജിയണൽ ഡയറക്ടർ** | : | ഫാ. ജോസഫ് കുരിശുംമൂട്ടിൽ |
| **പ്രസിഡണ്ട്** | : | ഗ്രേയ്സൺ ഉള്ളാഹയിൽ |
| **സെക്രട്ടറി** | : | മേരി (ലിസി) ജോസഫ് പാട്ടത്തറ |
| **വൈസ് പ്രസിഡണ്ട്** | : | വർഗ്ഗീസ് പെരുമത്തറ |
| **ജോയിന്റ് സെക്രട്ടറി** | : | ഫിലോമിന ജോസഫ് കുടക്കച്ചിറ |
| **എക്സിക്യൂട്ടീവ് അംഗങ്ങൾ** | : | സജി കെ.ജി. കോടന്തൂര് |
| | : | റോസ ദേവസ്യ മുഞ്ഞനാട്ട് |
| | : | ബിന്ദു മുണ്ടയ്ക്കൽ |
| | : | ബാബു പാലക്കൊഴുപ്പിൽ |
| | : | തങ്കമ്മ ജോസ് തെക്കേടത്ത് |

**പൈസക്കരി**

| | | |
|---|---|---|
| **റീജിയണൽ ഡയറക്ടർ** | : | ഫാ. ജോൺസൺ വേങ്ങപറമ്പിൽ |
| **പ്രസിഡണ്ട്** | : | ആന്റണി പീടിയേക്കൽ |
| **സെക്രട്ടറി** | : | മാനുവൽ കോയിക്കൽ |
| **വൈസ് പ്രസിഡണ്ട്** | : | സുരേഷ് ഓടാപ്പന്തിയിൽ |
| **ജോയിന്റ് സെക്രട്ടറി** | : | വത്സമ്മ തേക്കാട്ടിൽ |
| **എക്സിക്യൂട്ടീവ് അംഗങ്ങൾ** | : | തോമസ് ചക്കാലമുറിയിൽ |
| | : | ജോസഫ് കുപ്പേക്കുഴിയിൽ |
| | : | സന്തോഷ് പുത്തൻപുരയ്ക്കൽ |
| | : | സി. മെർളിൻ SH |

**ചെമ്പേരി**

| | | |
|---|---|---|
| **റീജിയണൽ ഡയറക്ടർ** | : | ഫാ. ജോൺസൺ വേങ്ങപറമ്പിൽ |
| **പ്രസിഡണ്ട്** | : | ജോഷി കുന്നത്ത് |
| **സെക്രട്ടറി** | : | മേരിക്കുട്ടി കുളങ്ങരതൊട്ടിയിൽ |
| **വൈസ് പ്രസിഡണ്ട്** | : | ജോസ് ആലിലകുഴിയിൽ |
| **ജോയിന്റ് സെക്രട്ടറി** | : | നിർമ്മല കട്ടയ്ക്കൽ |
| **എക്സിക്യൂട്ടീവ് അംഗങ്ങൾ** | : | സാഹിദ അബൂബക്കർ |
| | : | മാത്യു തേക്കുംകാട്ടിൽ |
| | : | സൗമ്യ സജി ഇല്ലിക്കൽ |
| | : | ലൂസി പടിഞ്ഞാറേ ചിറ്റേടത്ത് |
| | : | സി. റീമ FCC |

**ആലക്കോട്**

| | | |
|---|---|---|
| **റീജിയണൽ ഡയറക്ടർ** | : | ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം |
| **പ്രസിഡണ്ട്** | : | ബാബു സക്കറിയാസ് തെക്കേകര |
| **സെക്രട്ടറി** | : | പുഷ്പ ആന്റോ കളപ്പുരയിൽ |

| | | |
|---|---|---|
| **വൈസ് പ്രസിഡണ്ട്** | : | ബേബി തറപ്പേൽ |
| **ജോയിന്റ് സെക്രട്ടറി** | : | ജെസ്സി അട്ടേങ്ങാട്ടിൽ |
| **എക്സിക്യൂട്ടീവ് അംഗങ്ങൾ** | : | ലൂക്കോസ് പി.ജെ. പുല്ലൻകുന്നേൽ |
| | : | ഷാജി കുന്നുംപുറം |
| | : | ബിന്ദു നടക്കൽ |
| | : | ജോയി പെരുമ്പ്രായിൽ |
| | : | ആന്റണി നിരപ്പേൽ |
| **JLG ലോൺ കോർഡിനേറ്റർ** | : | സി.കെ. ദേവസ്യ ചിറമാട്ടേൽ |

**ചെറുപുഴ**

| | | |
|---|---|---|
| **റീജിയണൽ ഡയറക്ടർ** | : | ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം |
| **പ്രസിഡണ്ട്** | : | ജെമിനി എം. ജോസഫ് |
| **സെക്രട്ടറി** | : | വത്സ ജോൺ |
| **വൈസ് പ്രസിഡണ്ട്** | : | ജോസഫ് നെല്ലിക്കൽ |
| **ജോയിന്റ് സെക്രട്ടറി** | : | സാബു പടിഞ്ഞാറെവീട്ടിൽ |
| **എക്സിക്യൂട്ടീവ് അംഗങ്ങൾ** | : | ലൈല അഗസ്റ്റിൻ |
| | : | നിതിൻ സി.എം. |
| | : | ബേബി മാങ്ങോട്ടിൽ |
| | : | ലിസി തോമസ് |

**മേരിഗിരി**

| | | |
|---|---|---|
| **റീജിയണൽ ഡയറക്ടർ** | : | ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം |
| **പ്രസിഡണ്ട്** | : | അബ്രാഹം കാടക്കുഴി |
| **സെക്രട്ടറി** | : | ജോർജ് ചെത്തിപ്പുഴ |
| **വൈസ് പ്രസിഡണ്ട്** | : | സന്തോഷ് വാലുമ്മേൽ |
| **ജോയിന്റ് സെക്രട്ടറി** | : | സജി കണ്ണോത്ത് |
| **എക്സിക്യൂട്ടീവ് അംഗങ്ങൾ** | : | സോഫി വടക്കേക്കൂറ്റ് |

**തോമാപുരം**

| | | |
|---|---|---|
| **റീജിയണൽ ഡയറക്ടർ** | : | ഫാ. സാബു പുതുശ്ശേരി |
| **പ്രസിഡണ്ട്** | : | ജോസ് മാളിയേക്കൽ |
| **സെക്രട്ടറി** | : | സജിനി |
| **വൈസ് പ്രസിഡണ്ട്** | : | ജോയി പുളിക്കൽ |
| **ജോയിന്റ് സെക്രട്ടറി** | : | സെബാസ്റ്റ്യൻ പുതുശ്ശേരി |
| **എക്സിക്യൂട്ടീവ് അംഗങ്ങൾ** | : | മാത്യു വണ്ടനാനിക്കൽ |
| | : | വത്സമ്മ പുല്ലാങ്കൽ |
| | : | ജോയി മാത്യു പതാലിൽ |

**വെള്ളരിക്കുണ്ട്**

| | | |
|---|---|---|
| **റീജിയണൽ ഡയറക്ടർ** | : | ഫാ. സാബു പുതുശ്ശേരി |

| | | |
|---|---|---|
| **പ്രസിഡണ്ട്** | : | ഷോണി കെ. ജോർജ് |
| **സെക്രട്ടറി** | : | ബിന്ദു ജേക്കബ് |
| **വൈസ് പ്രസിഡണ്ട്** | : | മാനുവൽ തോമസ് |
| **ജോയിന്റ് സെക്രട്ടറി** | : | മനു ജേക്കബ് |
| **എക്സിക്യൂട്ടീവ് അംഗങ്ങൾ** | : | ഡോമിനിക് ജോസഫ് |
| | : | ജോർജ് ജോസഫ് |
| | : | ബോബി ബിജു |

**പനത്തടി**

| | | |
|---|---|---|
| **റീജിയണൽ ഡയറക്ടർ** | : | ഫാ. സാബു പുതുശ്ശേരി |
| **പ്രസിഡണ്ട്** | : | പി.എം. അഗസ്റ്റിൻ പനച്ചേംപള്ളിൽ |
| **സെക്രട്ടറി** | : | വർഗ്ഗീസ് സി.സി. ചെമ്പിത്തറ |
| **വൈസ് പ്രസിഡണ്ട്** | : | ബിജു മാത്യു മുകളേപറമ്പിൽ |
| **ജോയിന്റ് സെക്രട്ടറി** | : | മേരി ലൂയിസ് വരകുകാലായിൽ |
| **എക്സിക്യൂട്ടീവ് അംഗങ്ങൾ** | : | മാത്യു കെ.ജെ. കൂപ്പൊഴക്കൽ |
| | : | നെൻസൺ പാലക്കുന്നേൽ |
| | : | വിനോദ് ഫിലിപ്പ് മടുക്കാക്കൽ |
| | : | സി. എൽസീന SABS |

തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വങ്ങൾ എല്ലാവർക്കും ഭംഗിയായി നിർവ്വഹിക്കുവാൻ സാധിക്കട്ടെയെന്ന് സ്നേഹപൂർവ്വം ആശംസിക്കുന്നു. തെരഞ്ഞെടുപ്പുകൾ ഭംഗിയായി പൂർത്തീകരിക്കുന്നതിന് വളരെ ആത്മാർത്ഥമായി സഹകരിക്കുകയും ക്രമീകരണങ്ങൾ നടത്തുകയും ചെയ്ത **TSSS-ന്റെ റീജിയണൽ ഡയറക്ടർമാരായ സെബാസ്റ്റ്യൻ പൊടിമറ്റം അച്ചനും, സാബു പുതുശ്ശേരി അച്ചനും, ജോൺസൺ വേങ്ങപറമ്പിൽ അച്ചനും, ജോസഫ് കുരിശുംമൂട്ടിൽ അച്ചനും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും.**

**കാൻസർ പരിശോധനാക്യാമ്പുകൾ** : തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാക്യാമ്പുകൾ നടത്തി. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ ഈ മാസത്തെ സൗജന്യ പരിശോധന (നെല്ലിക്കാംപൊയിൽ) മാർച്ച് 07 തിങ്കൾ, (ആലക്കോട്) മാർച്ച് 12 ശനി, (ചിറ്റാരിക്കാൽ) മാർച്ച് 14 തിങ്കൾ എന്നീ ദിവസങ്ങളിൽ നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അതാത് മേഖലകളിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ജനുവരി 2022

21 കിളിയന്തറയിൽ എസ്എബിഎസ് സിസ്റ്റേഴ്സിന്റെ സിനാക്സിസിനോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

മുണ്ടാനൂർ വിശുദ്ധ അൽഫോൻസാ ദൈവാലയത്തിൽ തിരുനാളിനോട് അനുബന്ധിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് സിമിത്തേരി സന്ദർശനം നടത്തി.

22 ചെമ്പേരിയിലുള്ള ലാസലൈറ്റ് സന്യാസസഭയുടെ പുതിയ ഭവനത്തിന്റെ കൂദാശകർമ്മം നിർവഹിച്ചു.

KCYM ന്റെ ആഭിമുഖ്യത്തിൽ പൂപ്പറമ്പിൽ നിർമ്മിച്ച സ്നേഹ വീടിന്റെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു.

25 തലശേരി അതിരൂപതാ കേന്ദ്രത്തിൽ നടന്ന കൺസൾട്ടേഴ്സ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

26 തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച ബഹുമാനപ്പെട്ട വൈദികരെ അതിരൂപത കേന്ദ്രത്തിൽ സ്വീകരിച്ചു. വൈകുന്നേരം അവരോടൊപ്പം അത്താഴവിരുന്നിൽ പങ്കെടുത്തു.

27 മണ്ഡലം ഇടവകയിലെ നവീകരിച്ച ദൈവാലയത്തിന്റെ കൂദാശകർമ്മം നിർവഹിച്ചു.

വൈകുന്നേരം നാലുമണിക്ക് ദീപിക ഫൊറോന ഡയറക്ടർമാരുടെ ഓൺലൈൻ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. തുടന്ന് കണ്ണൂർ ബിഷപ്സ് ഹൗസിൽ നടന്ന സ്വീകരണ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

28 ബയോ മൗണ്ടെൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ അവലോകന യോഗത്തിൽ പങ്കെടുത്തു.

29 പേരാവൂർ സെൻറ് ജോസഫ്സ് ഫൊറോന ദൈവാലയത്തിൽ സി. ആനി ജോർജ് കൊട്ടാരംകുന്നേൽ എസ്എച്ച് ന്റെ സന്യസ്ത ജീവിതത്തിന്റെ രജതജൂബിലിയോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും പൊതുസമ്മേളനത്തിൽ അധ്യക്ഷം വഹിക്കുകയും ചെയ്തു.

30 മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ മഹാത്മാഗാന്ധിയുടെ എഴുപത്തിനാലാം ചരമവാർഷികത്തോടനുബന്ധിച്ച് ബഹു. ഫാ. ചാക്കോ കുടിപറമ്പിൽ അച്ചൻ സംഘടിപ്പിച്ച നിരാഹാര പ്രാർത്ഥനായജ്ഞം ഉദ്ഘാടനം ചെയ്തു.

## ഫെബ്രുവരി 2022

17 സീറോ മലബാർ കാറ്റിക്കിസം കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

18 ചെറുപുഴ ഫൊറോനാ കെസിവൈഎംന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അഗാപ്പേ എന്ന പരിപാടി ഉദ്ഘാടനം ചെയ്തു. തോമാപുരം ഇടവക നിർമ്മിച്ചു നൽകിയ ശ്രീ മൂലയിൽ വിനുവിന്റെ ഭവനത്തിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. വൈകുന്നേരം മുളപ്ര ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും സെമിത്തേരിയുടെ വെഞ്ചിരിപ്പ് കർമ്മം നിർവ്വഹിക്കുകയും ചെയ്തു.

19 പേരാവൂർ എസ് എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ ബഹു. സിസ്റ്റേഴ്സിന്റെ ജൂബിലിയോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. വൈകുന്നേരം കാത്തലിക് നഴ്സസ് ഗിൽഡിന്റെ സമ്മേളനത്തിൽ അധ്യക്ഷം അലങ്കരിച്ചു.

20 കിളിയന്തറ എസ് എ ബി എസ് പ്രൊവിൻഷ്യൽ ഹൗസിൽവച്ച് അമേരിക്കയിൽ നിര്യാതയായ സി.അനില എസ്എബിഎസ്ന്റെ മൃതസംസ്കാര ശുശ്രൂഷയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

◈◈◈◈◈

# Programme of the Archbishop
## Mar George Njaralakatt

**MARCH 2022**

| | | | |
|---|---|---|---|
| 2 | | - | Permanent Synod |
| 3 | | - | POC: KCBC Health Commission Meeting |
| 4 | 02.30 PM | - | Diakonia |
| 5 | 10.00 AM | - | Corporate School: Teachers' Retirement |
| 7 | | - | Joint Curia Meeting |
| 9 | | - | Monthly Recollection |
| 10 | | - | Koorachund: Holy Qurbana |
| 11 | | - | Sandesabhavan: Staff Meeting |
| 12 | | - | Peravoor: KCYM Half Yearly Senate |
| 15 | | - | Syro Malabar Catechism Commission Meeting |
| 18 | | - | Cathedral Thalassery |
| 19 | | - | Peravoor: Major Archiepiscopal Church |
| 20 | 09.00 AM | - | Aryaparamba: Holy Qurbana (Golden Jubilee) |
| 24 | | - | Vocation Commission Meeting |

**APRIL 2022**

| | | | |
|---|---|---|---|
| 5 | | - | Mananthavady: Eparchical Assembly |
| 6 | 10.30 AM | - | Diaconate Ordination |
| 7 | 04.00 PM | - | Karikottakary: School Blessing |
| 13 | | - | Monthly Recollection |

**Secretary to the Archbishop**

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ജനുവരി 2022

20 കിളിയന്തറയിൽ എസ് എ ബി എസ് സിസ്റ്റേഴ്സിന്റെ സിനാക്സി സിനോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് വൈകുന്നേരം നാലുമണിക്ക് പേരട്ട ഇടവകാ ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

21 ചെറുപുഴ ഇടവകാ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് ഫാ. ജോർജ് വണ്ടർകുന്നേൽ അനുസ്മരണ വിശുദ്ധ കുർബാന അർപ്പിച്ചു.

22 പാടിച്ചാൽ ഇടവകാ ദൈവാലയത്തിൽ ജൂബിലിയോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു.

24 കരുവൻചാൽ സെന്റ് ജോസഫ് ആശുപത്രിയുടെ അവലോകന യോഗത്തിൽ പങ്കെടുത്തു. വൈകുന്നേരം സന്ദേശഭവനിൽ സ്റ്റാഫ് മീറ്റിംഗിൽ അധ്യക്ഷം വഹിച്ച് സംസാരിച്ചു.

25 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ നടന്ന കൺസൾട്ടേഴ്സ് മീറ്റിൽ പങ്കെടുത്തു.

26 രാവിലെ പൊന്ന്യം പ്രതീക്ഷയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന റിപ്പബ്ലിക് ദിനാഘോഷത്തിൽ പങ്കെടുത്തു.

തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച ബഹുമാനപ്പെട്ട വൈദികരെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു. വൈകുന്നേരം അവരോടൊപ്പം അത്താഴ വിരുന്നിൽ പങ്കെടുത്തു.

27 തലശ്ശേരി സെന്റ് ജോസഫ് കത്തീഡ്രൽ ദൈവാലയത്തിൽ നവവൈദികരോടൊപ്പം വിശുദ്ധ കുർബാന അർപ്പിച്ചു. വൈകുന്നേരം നാലുമണിക്ക് ദീപിക ഫൊറോന ഡയറക്ടർമാരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. തുടന്ന് കണ്ണൂർ ബിഷപ് ഹൗസിൽ നടന്ന സ്വീകരണ യോഗത്തിൽ പങ്കെടുത്തു.

28 ബയോ മൗണ്ടെൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ അവലോകന യോഗത്തിൽ പങ്കെടുത്തു.

29 പേരാവൂർ സെൻറ് ജോസഫ്സ് ഫൊറോന ദൈവാലയത്തിൽ സി. ആനി ജോർജ് കൊട്ടാരംകുന്നേൽ എസ്.എച്ച്. ന്റെ സന്യസ്ത ജീവിതത്തിന്റെ രജത ജൂബിലിയോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും പൊതുസമ്മേളനത്തിൽ അധ്യക്ഷം വഹിച്ചു. തുടന്ന് വൈകുന്നേരം IHS മിനിസ്ട്രിയുടെ ദൈവകരുണയെക്കുറിച്ചുള്ള പ്രബോധന പരമ്പരയിൽ പ്രഭാഷണം നടത്തി.

30 മദ്യവിരുദ്ധ സമിതിയുടെ ആഭിമുഖ്യത്തിൽ മഹാത്മാഗാന്ധിയുടെ എഴുപത്തിനാലാം ചരമ വാർഷികത്തോടനുബന്ധിച്ച് ബഹു. ഫാ. ചാക്കോ കുടിപറമ്പിൽ അച്ചൻ സംഘടിപ്പിച്ച നിരാഹാര പ്രാർത്ഥനാ യജ്ഞ ത്തിന്റെ സമാപന സമ്മേളനത്തിൽ പങ്കെടുത്തു.

31 ഗ്രേറ്റ് ബ്രിട്ടൻ സീറോ മലബാർ രൂപതയുടെ വൈദികർക്കുവേണ്ടി ധ്യാനചിന്തകൾ പങ്കുവച്ചു. തുടർന്ന് കാറ്റിക്കിസം ഗവേണിങ് ബോഡി മീറ്റിംഗിൽ അധ്യക്ഷസ്ഥാനം അലങ്കരിച്ചു.

## ഫെബ്രുവരി 2022

01 ചെറുപുഷ്പ മിഷൻ ലീഗിന്റെ ഗവേണിങ് ബോഡിയിൽ അദ്ധ്യക്ഷസ്ഥാനം വഹിച്ചു.

03 സീറോ മലബാർ ഇന്റർനെറ്റ് മിഷൻ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

05 തളിപ്പറമ്പ് ധർമ്മശാലയിലുള്ള എംഎസ്എംഐ സന്യാസ സമൂഹത്തിന്റെ കൗൺസിലിംഗ് സെന്ററിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് നെല്ലിക്കാംപൊയിൽ ഇടവകയിൽ മരങ്ങാട്ടുമ്യാലിൽ എലിസബത്തി ന്റെയും പാലക്കൽ പുത്തൻപുരക്കൽ ജോണിന്റെയും മനസമ്മതത്തിനു മുഖ്യകാർമികത്വം വഹിച്ചു.

06 വായാട്ടുപറമ്പ് ഇടവകയിൽ നിര്യാതയായ, പുഞ്ചതറപ്പേൽ ജോർജ് അച്ചന്റെ വല്യമ്മച്ചി, ബഹു. പുഞ്ചതറപ്പേൽ ത്രേസ്യാമ്മയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു

07 സന്ദേശഭവനിൽ വച്ച് ജർമൻ കോഴ്സിന്റെ പുതിയ ബാച്ച് ഉദ്ഘാടനം ചെയ്തു. തുടർന്ന് വെള്ളാട് ഇടവകയിൽ ബഹു. ബിജു തേലക്കാട്ട് അച്ചന്റെ മാതാപിതാക്കളുടെ വിവാഹത്തിന്റെ സുവർണ ജൂബിലിയോട് അനുബന്ധിച്ചു വിശുദ്ധ കുർബാന അർപ്പിച്ചു. വൈകുന്നേരം സത്നാ മേജർ സെമിനാരി സംഘടിപ്പിച്ച East Syriac Theology എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഓൺലൈൻ സെമിനാർ ഉദ്ഘാടനം ചെയ്തു.

08 കെസിബിസി മദ്യവിരുദ്ധ സമിതിയുടെ നെല്ലിക്കാംപൊയിൽ ഫൊറോന കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

10 വൈകുന്നേരം എട്ടുമണിക്ക് പാസ്റ്ററൽ കൗൺസിലിന്റെ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

12 ചെറുപുഷ്പ മിഷൻലീഗിന്റെ ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് മീറ്റ് ചെമ്പേരി വിമൽജ്യോതി എൻജിനീയറിംഗ് കോളേജിൽ ഉദ്ഘാടനം ചെയ്തു. വായാട്ടുപറമ്പിൽ ബഹു. ജോളി പുത്തൻപുരയ്ക്കൽ അച്ചന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

14 SKD സന്യാസസമൂഹത്തിന്റ കാഞ്ഞങ്ങാട് ഉള്ള പുതിയ ഭവനത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു.

സീറോ മലബാർ ഗ്രേറ്റ് ബ്രിട്ടൻ രൂപതയിലെ വൈദികർക്ക് ഓൺലൈൻ ക്ലാസ് നയിച്ചു.

15 കണ്ണൂർ Gim Care ആശുപത്രിയിൽ ഓപ്പറേഷന് ശേഷം വിശ്രമിക്കുന്ന ബഹു. ജോസ് തൈക്കുന്നുംപുറം അച്ചനെ സന്ദർശിച്ചു. രാത്രി 9 മണിക്ക് മദ്യവിരുദ്ധ സമിതിയുടെ മേഖലാ ഡയറക്ടേഴ്സ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

16 ആനപ്പന്തി ഇടവകയിൽ നിര്യാതനായ, വാഴകാട്ട് ജോൺ അച്ചന്റെ പിതാവും, വാഴകാട്ട് സെബാസ്റ്റ്യൻ അച്ചന്റെ സഹോദരനുമായ ശ്രീ ജോസഫ് വാഴകാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

17 പടുപ്പ് ഇടവകയിൽ സിഎംസി സന്യാസസമൂഹം പുതുതായി നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. ചെറുപുഴ ഫൊറോന മാസധ്യാന വൈദിക കൂട്ടായ്മയിൽ പങ്കെടുത്തു

20 കണ്ണൂർ എഫ്സിസി പ്രൊവിൻഷ്യൽ ഹൗസിൽ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് വിശുദ്ധ കുർബാന അർപ്പിച്ചു. പൊടിക്കളം മേരിഗിരി സ്കൂളിൽ ATL ലാബിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. കെസിവൈഎം ന്റെ BLOOMS എന്ന പരിപാടി ഉദ്ഘാടനം ചെയ്തു.

◈ ◈ ◈ ◈ ◈

## Programme of the Archbishop Designate

## MAR JOSEPH PAMPLANY

**March 2022**

| | | | |
|---|---|---|---|
| 1-2 | | - | Kunnoth GSMS: Seminary Commission |
| 4 | 02.30 PM | - | Diakonia |
| 5 | 03.00 PM | - | Nellickampoil: Infarm Meghala Convention |
| 6 | | - | Marygiri: Pastoral Visit |
| 7 | 10.00 AM | - | Joint Curia Meeting |
| 9 | 10.00 AM | - | Edoor HSS: Sent off |
| | 06.00 PM | - | Monthly Recollection |
| 11 | 04.00 PM | - | Vayattuparamba: Parish Feast |
| 13 | | - | Birikulam: Pastoral Visit |
| 30 | | - | Chempanthotty: Madhyavirudha Samithi Forane Convention |

**Secretary to the Archbishop Designate**

◈ ◈ ◈ ◈ ◈

RNI Reg. No. *5910/18* Date of Publication: *28/02/2022*

**Registered KL/TLY/20/22-24**

Licensed to post without prepayment of postage

No. KL/PMG/NR/WPP/2/TLY/2022-24



മാർച്ച് 19ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന

# മാർ ജോസഫ് പാംപ്ലാനി

പിതാവിന് അതിരൂപത കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ

Published & Printed by Fr. Sajan George Thengumpally on behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Hollow Way Road Thalassery - 670 101. Published from Archbishop's House, Hollow Way Road, Thalassery - 670 101 Kerala. Editor- Fr. Sajan George Thengumpally.